(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ)

VIII ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനുവേണ്ടി ഈ ഗവൺമെന്റിലെ ശക്തനും പ്രഗൽഭനും പെരുമകേട്ടവനുമായ ശ്രീ. വക്കം പുരുഷോത്തമൻ, യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ലക്ഷ്യബോധത്തോടെ സാമ്പത്തിക അച്ചടക്കം പാലിച്ച് വികസനോന്മുഖവും തൊഴിലധിഷ്ഠിതവുമായ സമ്പന്ന കാർഷിക കേരളം കെട്ടിപ്പടുക്കുന്നതിനായുള്ള പരിപാടികളും പദ്ധതികളും ഉൾക്കൊള്ളിച്ച് അവതരിപ്പിച്ചിട്ടുള്ള ആദ്യ ബഡ്ജറ്റിനെ നന്ദിയുടെ വാക്കുകൾകൊണ്ട് കോർത്തിണക്കിയ പൂമാലകളും പൂച്ചെണ്ടുകളും നൽകി സഹർഷം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ എൽ. ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചു വർഷത്തെ തെറ്റായ പ്രവർത്തനങ്ങളുടേയും വികലമായ സാമ്പത്തിക നയത്തിന്റേയും കെടുകാര്യസ്ഥതയുടേയും ധൂർത്തിന്റേയും ദുർഭരണത്തിന്റേയും ഫലമായി കാലിയായ ഖജനാവും 27,000 കോടി രൂപയുടെ പൊതുകടവും കൊണ്ട് നട്ടം തിരിയുന്ന, ഒന്നും ചെയ്യാൻ കഴിയാത്ത എല്ലാ രംഗങ്ങളും സ്തംഭിച്ച്, ശമ്പളവും പെൻഷനും കൊടുക്കാൻ ഓവർഡ്രാഫ്റ്റിനുപോലും സാദ്ധ്യതയില്ലാത്ത നിലയിൽ ട്രഷറികൾ പൂട്ടിക്കിടന്ന, വികസന പ്രവർത്തനങ്ങൾ നിർത്തിവച്ച, പരമ്പരാഗത വ്യവസായ രംഗം ശ്മശാനപറമ്പുകളായ, തൊഴിലാളികളെ മരണവീട്ടിലെ മനുഷ്യരെപ്പോലുള്ള അവസ്ഥയിലേക്കെത്തിച്ച, പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടി പെരുവഴിയിലാക്കിയ, കോൺട്രാക്ടർമാർക്ക് കടംപേറി അവർക്ക് കൊടുത്ത ചെക്കുകൾ മാറാൻ കഴിയാതെ വണ്ടിച്ചെക്കുകളായി പാറിനടന്ന, റോഡുകൾ കുണ്ടും കുഴിയുമായി സഞ്ചാരയോഗ്യമല്ലാതായ, ടയറുകളും ഡീസലും കിട്ടാത്ത അവസ്ഥയിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിശ്ചലമായ, മരുന്നുകളും ഡോക്ടർമാരും സ്റ്റാഫും ഇല്ലാതെ ആശുപത്രികൾ പൂട്ടപ്പെട്ട സ്ഥിതിയിലെത്തിയ, റിപ്പയർ നടത്താത്തതുമൂലം ജലസേചനസാദ്ധ്യതയില്ലാതെ കുടിവെള്ളംപോലും കിട്ടാനില്ലാത്ത, ഇലക്ട്രിസിറ്റി ബോർഡിൽ സാധനങ്ങൾ വാങ്ങി മെയിന്റനൻസ് നടത്താൻ പണമില്ലാതെ കാണാൻ വെളിച്ചംപോലും ഇല്ലാത്ത, വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും, വികലാംഗ പെൻഷനും, കർഷകത്തൊഴിലാളി പെൻഷനും, തൊഴിലില്ലായ്മാ വേതനവും 45 ശതമാനം വരെ കുടിശ്ശികയാക്കിയ പദ്ധതികൾ വെട്ടിച്ചുരുക്കിയ ഒരു സാഹചര്യത്തിലാണ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സാഹചര്യം കണക്കിലെടുത്തിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് ഞാൻ അദ്ദേഹത്തെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഭയാശങ്കകൾ ഉയർത്തിയ വെല്ലുവിളികളെ സുധീരം നേരിട്ട് പ്രശ്നങ്ങൾക്കോരോന്നായി പരിഹാരം കണ്ട്, സാമ്പത്തിക അച്ചടക്കം പാലിച്ച്, ആഭ്യന്തര കടങ്ങൾ തീർത്ത്, വികസന പ്രവർത്തനങ്ങൾ സാദ്ധ്യമാക്കി, റോഡുകളെല്ലാം നന്നാക്കി, പണി മുടങ്ങിക്കിടന്ന

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും പാലങ്ങളും ഏറ്റെടുത്ത് പണി പൂർത്തിയാക്കി, പുതിയ ഒട്ടനവധി പാലങ്ങളുടേയും റോഡുകളുടേയും പണി തുടങ്ങി, അനവധി റോഡുകൾ ഗവൺമെന്റ് ഏറ്റെടുത്ത്, വെള്ളവും വെളിച്ചവും മിക്കവാറും എല്ലാ പ്രദേശത്തുമെത്തിച്ച്, ബസ്സുകളെല്ലാം നിരത്തിലിറക്കി, പുതിയ ബസ്സുകൾ വാങ്ങി, ആശുപത്രികളിൽ മരുന്നും ഡോക്ടർമാരേയും സ്റ്റാഫിനേയും എത്തിച്ച്, 10 കോടി രൂപ മുടക്കി പി .എച്ച്. സി.-കളിൽ കിടത്തി ചികിൽസ തുടങ്ങി വികസനത്തിന്റെ ഉയർന്നെഴുന്നേൽപ്പിന്റെ കാഹളമാണ് കഴിഞ്ഞ കാലങ്ങളിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായത്. അതിനെ വിലയിരുത്തുന്ന ആർക്കും അത് നിഷേധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ആ ഗവൺമെന്റിന്റെ തുടർച്ചയായി വന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ നൂറു ദിവസത്തെ പരിപാടി വളരെ വിജയമായിരുന്നുയെന്നുള്ളത് ആർക്കും സമ്മതിക്കാതിരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അദ്ദേഹം നടത്തിയ ജനസമ്പർക്ക പരിപാടിയെ തുരങ്കം വയ്ക്കാൻ പാവം എൻ. ജി. ഒ. യൂണിയനിൽപ്പെട്ടവരെ ഉപയോഗിച്ച് ഇല്ലാത്ത കള്ള പെറ്റീഷനുകളും ഇറക്കാത്ത ഉത്തരവുകളും പൊക്കിപ്പിടിച്ച് ഇവിടെ നടന്നിട്ടുള്ള കാര്യങ്ങളിലെ ഗൗരവം കുറച്ചുകാട്ടാൻ പ്രതിപക്ഷത്തുള്ള ചില അംഗങ്ങൾ ശ്രമിച്ചത് നിർഭാഗ്യകരമായിപ്പോയി. അതിൽ അവർതന്നെ അവഹേളിതരായത് നമ്മൾ കണ്ടതാണ്. പൊതുജനസമ്പർക്ക പരിപാടിയിൽ പതിനായിരക്കണക്കിനാളുകൾ പങ്കെടുത്ത് ആയിരക്കണക്കിനാളുകളുടെ അപേക്ഷകളിൻമേൽ വർഷങ്ങളായി പരിഹാരം കാണാതെ കിടന്ന പല പ്രശ്നങ്ങൾക്കും മണിക്കൂറുകൾക്കകം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. ശേഷിച്ച കാര്യങ്ങൾക്ക് ദിവസങ്ങൾക്കകം പരിഹാരം കാണാൻ പ്രത്യേക ഡിപ്പാർട്ടുമെന്റും അതിൽ ഉദ്യോഗസ്ഥൻമാരേയും സെക്രട്ടേറിയറ്റ് മുതൽ താലൂക്ക് ആഫീസു വരെ നിയോഗിക്കപ്പെട്ട് ആ അപേക്ഷകൾ പരിശോധിക്കുകയും അതിൻമേൽ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു വില്ലേജാഫീസറെ കാണാൻ അവസരം ലഭിക്കാത്ത, വില്ലേജാഫീസുകളിൽ നിന്ന് ഒരു സാന്ത്വന വാക്ക് ലഭിക്കാത്ത കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് മുഖ്യമന്ത്രിയെക്കാണാനും ഉത്തരവുകൾ ലഭിക്കാനും കഴിഞ്ഞുവെന്നുള്ളത് അവരുടെ ജീവിതത്തിലെ മഹാഭാഗ്യമായി അവർ കാണുന്നു. അത് കാണാൻ കഴിയാതെ മഞ്ഞപ്പിത്തം ബാധിച്ചവന്റെ കണ്ണിലൂടെ നോക്കുന്നതെല്ലാം മഞ്ഞിച്ചിരിക്കുമെന്ന് പറഞ്ഞതുപോലെ ഇവർ ഇല്ലാത്ത വചനങ്ങൾ പറഞ്ഞ് ദിവസേന അവഹേളിതരായിരിക്കുമ്പോൾ ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ സംതൃപ്തിയോടെ ഈ ഗവൺമെന്റിനെ നോക്കിക്കാണുന്ന ചിത്രമാണ് കാസർഗോഡ് മുതൽ പാറശ്ശാല വരെ കാണാൻ കഴിയുന്നതെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെനിന്ന് പുതിയ കാലഘട്ടത്തിലേക്ക് കടക്കേണ്ടിയിരിക്കുന്നു. ഒരു വർഷംകൊണ്ട് ശേഷിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാൻ കഴിയില്ല. ഒരു വർഷംകൊണ്ട് ശേഷിക്കുന്ന പ്രശ്നങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു വർഷത്തേക്കുള്ള തീവ്രയത്ന പരിപാടികൾ ആരംഭിക്കുമ്പോൾ അതിൽ പ്രാധാന്യം കൊടുത്ത് നടപ്പിലാക്കേണ്ട പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ശ്രീ. വക്കം പുരുഷോത്തമൻ ഈ ബഡ്ജറ്റിന് രൂപം നൽകിയിരിക്കുന്നതെന്നാണ് എന്റെ വിശ്വാസം. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ പ്രധാന്യം നൽകേണ്ട കാര്യമാണ് കൃഷി.

LIBRARY ARCHIVES Kerala Legislative Assembly

അതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടത് നെൽകൃഷിക്കാണ്. അരി മുതൽ ഇല വരെ അന്യ സംസ്ഥാനത്തുനിന്ന് കൊണ്ടുവരേണ്ട ഒരു സംസ്ഥാനമാണ് നമ്മുടേത്. ഗൾഫ് നാടുകളിലെ ആളുകൾ ഇൻഡ്യയിൽ നിന്നും മറ്റ് പ്രദേശങ്ങളിൽ നിന്നും വിമാനമെത്താൻ കാത്തിരിക്കുന്നതുപോലെയാണ് തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും ആന്ധ്രയിൽ നിന്നുമൊക്കെ ലോറിയെത്താൻ വേണ്ടി നാം കാത്തിരിക്കുന്നത്. അരി, പച്ചക്കറി, ഇല, ഇറച്ചി, മുട്ട, മീൻ എന്നിവയ്ക്കുവരെ അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. കേരളീയരുടെ പ്രധാന ആഹാരമാണ് അരി, അതിന് ആവശ്യമായ നെല്ലിന് നെൽകൃഷി പരിപോഷിപ്പിക്കണം. നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് പല ബുദ്ധിമുട്ടുകളുമുണ്ട്. അവരുടെ മുടക്കു മുതലിന്റെ പകുതിപോലും ലഭ്യമാകുന്നില്ല. ഇന്നലെയും മിനിയാന്നുമൊക്കെ പാലക്കാട്ടെ കൃഷിക്കാരുടെ അവസ്ഥ ഇവിടെ പറഞ്ഞു. ഇവിടെ കൃഷി ചെയ്യാൻ ആളെക്കിട്ടുന്നില്ലെന്ന് ആരോ പറഞ്ഞു. അവരുടെ കൂലിയൊന്നും കുറയ്ക്കാൻ പറ്റില്ല.

സർ, കൃഷി ശാസ്ത്രീയമാക്കണം. അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കണം. കൃഷി ആധുനികവൽക്കരിക്കുക, കൃഷി യന്ത്രവൽക്കരിക്കുക, കൃഷി കാലഘട്ടത്തിനനുസൃതമാക്കുക---അതാണ് വേണ്ടത്. ഇന്ന് ഉൽപ്പാദിപ്പിക്കുന്നതിന്റെ ഇരട്ടി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കിയാൽ കൃഷി ലാഭകരമാകും. അപ്പോൾ കൃഷി ചെയ്യാൻ ആളുകൾ ഉണ്ടാകും. ഇന്നും വെള്ളം എത്താതെ, കൃഷി ചെയ്യാതെ തരിശായിട്ട് കിടക്കുന്ന സ്ഥലങ്ങളുണ്ട്. ഇത്രയും ജലസേചനസൗകര്യം ഉണ്ടായിട്ടുപോലും അവിടെ വെള്ളം എത്തിക്കാൻ കഴിയുന്നില്ല. അവിടെ വെള്ളം അടിയന്തിരമായി എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. പമ്പുകളും മോട്ടോറുകളും കർഷകർക്ക് നൽകണം. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കണം. ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുകയും അവ പുനരുദ്ധരിക്കുകയും പുതിയ ജലസേചന പദ്ധതികൾ ഉണ്ടാക്കുകയും അതിൽനിന്നും വെള്ളം എത്തിക്കേണ്ട സ്ഥലങ്ങളിൽ മുഴുവൻ വെള്ളം എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണം. വെള്ളക്കെട്ടുമൂലം കൃഷി ചെയ്യാതെ കിടക്കുന്ന ഒട്ടനവധി ഭൂമികളുണ്ട്. ആ ഭൂമി മുഴുവനും വെള്ളം വറ്റിച്ച് കൃഷിയോഗ്യമാക്കാൻ കഴിയണം. ഇന്ന് ഭൂമിയുണ്ടെങ്കിൽ കൃഷി ചെയ്യാൻ ആളുണ്ട്. കുടുംബശ്രീയിലെ ആളുകൾ ഭൂമി പാട്ടത്തിനെടുത്ത് ആദായകരമായി കൃഷി ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. കുടുബശ്രീയിലുള്ള മുഴുവൻ ആളുകളും കൃഷിക്കുവേണ്ടി ഇറങ്ങുന്ന ഒരു പദ്ധതിയുണ്ട്. അതുപോലെ യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ഒരു പദ്ധതി തയ്യാറാക്കണം. വിപ്ലവം പറഞ്ഞാൽ പോരാ; അത് നടപ്പിലാക്കണം. എന്റെ മണ്ഡലത്തിൽ സമഗ്ര കാർഷിക വികസനത്തിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ ഭൂമിയും കൃഷി യോഗ്യമാക്കാനും മുഴുവൻ ആളുകളേയും കാർഷിക രംഗത്ത് കൊണ്ടുവരാനുമുള്ള ഒരു പദ്ധതിക്ക് രൂപം നൽകി വാർഡ് തോറും ആഗ്രോ ക്ലിനിക് രൂപീകരിച്ച് ആഗ്രോ ക്ലിനിക്കുകളിലൂടെ കേന്ദ്ര സംസ്ഥാന പദ്ധതികളും ത്രിതല പഞ്ചായത്ത് പദ്ധതികളും പൂൾ ചെയ്ത് അവരുടെ കാർഷിക കൂട്ടായ്മ ഉണ്ടാക്കി അവിടെ കൃഷി വികസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് ഒരു പൈലറ്റ് പ്രോജക്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ഗവൺമെന്റ് അതിന് അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾക്കും പണി കൊടുക്കാൻവേണ്ടി ഒരു വാർഡിൽ 20 യൂണിറ്റുകൾ ഉണ്ടാക്കി ഓരോ യൂണിറ്റിലും പത്ത് സ്ത്രീകളെ വീതം സംഘടിപ്പിച്ച് അവർക്ക് കൃഷി, കച്ചവടം, വ്യവസായം എന്നിവയിൽ ജോലി നൽകാനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകി കുടുംബശ്രീ സമഗ്ര വികസന പദ്ധതിക്ക് ഒരു പൈലറ്റ് പ്രോജക്ട് ഉണ്ടാക്കി ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി അവിടെ നടപ്പാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ഇവിടെ ആരോ ചോദിച്ചു, ആരാണ് നെൽകൃഷിക്ക് പോകുന്നതെന്ന്. ഭൂമി ഉള്ളവർ പോകും; കൃഷിക്ക് താൽപ്പര്യമുള്ളവർ പോകും. ഭക്ഷണം കഴിക്കണമെന്ന് ആഗ്രഹിക്കുന്നവർ പോകും. ഓരോ വ്യക്തിയും അവനവന് ആവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കണമെന്ന് വരണം. ഓരോ കുടുംബവും അവർക്ക് ആവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കണം. ഓരോ കുടുംബവും സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുവാനുള്ള ശ്രമം നടത്തണം. കർഷകന്റെ ഉൽപ്പന്നങ്ങൾ അതാതു വാർഡുകളിൽ സംഭരിക്കുവാനും വിപണനം നടത്തുവാനുമുള്ള മാർക്കറ്റിംഗ് സൗകര്യം ഉണ്ടാകണം. അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനുള്ള മാർക്കറ്റിംഗ് സംവിധാനം നമ്മുടെ കേരളത്തിലാകെ ഉണ്ടാകണം. അവർക്ക് ഗുണമേന്മയുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും തൈകളും ലഭ്യമാക്കാനുള്ള സൗകര്യം ഉണ്ടാകണം. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്താൽ മാത്രമേ കൃഷി വികസിപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിന് വേണ്ട കാര്യങ്ങൾ കാർഷിക വകുപ്പും കാർഷിക സർവ്വകലാശാലയും ചെയ്യണം എന്നു മാത്രമാണ് എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ഏറ്റവും കൂടുതൽ തൊഴിൽ നൽകാൻ പറ്റുന്ന രംഗം കാർഷിക രംഗമാണ്. അത് പോഷിപ്പിച്ചാൽ മാത്രമേ നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയുള്ളൂ. തൊഴിലില്ലായ്മ പരിഹരിക്കാൻ പറ്റുന്ന മറ്റൊരു രംഗമാണ് വ്യവസായം. അഞ്ച് കൊല്ലത്തെ എൽ.ഡി.എഫിന്റെ ഭരണ കാലത്ത് തൊഴിലില്ലായ്മ പരിഹരിക്കാൻ 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. പിന്നെ 5 ലക്ഷം പറഞ്ഞു, 1 ലക്ഷം പറഞ്ഞു, 50,000 പറഞ്ഞു. 15 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിട്ട് അവസാനം പട്ടി പിടിക്കാൻ പറയുകയാണ് എൽ. ഡി. എഫ്. ഗവൺമെന്റ് ചെയ്തത് എന്നുള്ളത് അവരും സൗകര്യപൂർവ്വം മറന്നുകാണും. അത് പറഞ്ഞ മന്ത്രിയെ ഇപ്പോൾ കാണുന്നില്ല. ശവത്തെ കുത്തി നോവിപ്പിക്കേണ്ട കാര്യമില്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. യാതൊരു ഉത്തരവാദിത്വവുമില്ലാതെ ഇങ്ങനെ പറയാൻ പറ്റുന്ന ഏർപ്പാടിന്റെ ഉടമകളാണ് അവർ. ഞാൻ കുറ്റം പറയാൻ വേണ്ടി പറയുന്നതല്ല. പണ്ട് ഒരു ജഡ്ജി കമ്മ്യൂണിസ്റ്റുകാരന്റെ മനഃസ്ഥിതിയെക്കുറിച്ച് പറഞ്ഞു. വലിച്ചാൽ നീളുന്നതും വിട്ടാൽ പൂർവ്വസ്ഥിതി പ്രാപിക്കുന്നതുമായ റബ്ബർ പോലുള്ള മനഃസ്ഥിതിയാണ് കമ്മ്യൂണിസ്റ്റുകാരന്റെ മനഃസ്ഥിതി എന്ന് ഒരു ജഡ്ജി ജഡ്ജുമെന്റ് എഴുതി വച്ചിട്ടുണ്ട്. ആരെക്കുറിച്ചാണ് എഴുതിയതെന്നും ആരാണ് എഴുതിയതെന്നും ഞാൻ പറയുന്നില്ല. രണ്ടുപേരും ഇപ്പോൾ ജീവിച്ചിരിപ്പില്ല.

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങ് പറഞ്ഞു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇത്രപേർക്ക് ജോലി കൊടുക്കാമെന്ന് പറഞ്ഞിട്ട് അവസാനം പട്ടി പിടിക്കാൻ പറഞ്ഞുവെന്ന്. അങ്ങയുടെ ഗവൺമെന്റ് കഴിഞ്ഞ മൂന്ന് കൊല്ലത്തിനിടയിൽ എത്ര പേർക്ക് പണി കൊടുത്തു എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ : ഈ ചോദ്യം നേരത്തേ കിട്ടാത്തതുകൊണ്ട് മുഴുവൻ ശേഖരിച്ചു വയ്ക്കാൻ പറ്റിയില്ല. കൃത്യമായി എത്രപേർക്ക് കിട്ടി എന്ന് ചോദ്യം ചോദിച്ചാൽ അതിന് തൊഴിൽ വകുപ്പുമന്ത്രി മറുപടി പറയും.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, എനിക്ക് വ്യവസായത്തെക്കുറിച്ചാണ് പറയാനുള്ളത്. വ്യവസായ രംഗത്ത് ഏറ്റവും അടിസ്ഥാനപരമായി ശ്രദ്ധിക്കേണ്ടത് പരമ്പരാഗത വ്യവസായ രംഗമാണ്. കയർ, കൈത്തറി, കശുവണ്ടി എന്നീ രംഗങ്ങളെ എൽ. ഡി. എഫ്.-ന്റെ ഭരണകാലത്ത് നശിപ്പിച്ച് നാറാണക്കല്ല് പറിച്ച് പരമ്പരാഗത വ്യവസായ തൊഴിലാളികളെ അവസാനം ഒരുപിടി കയർ എടുക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിച്ചു. അവരെ രക്ഷപ്പെടുത്തി. ഇപ്പോൾ കയർ മേഖലയിൽ ആശ്വാസം പകർന്നിട്ടുണ്ട്. കൈത്തറി മേഖലയെ പുനരുദ്ധരിച്ചു കൊണ്ടുവന്നിട്ടുണ്ട്. കശുവണ്ടി മേഖലയിലും ഫാക്ടറികളിൽ പുക ഉയർന്നുവന്നിട്ടുണ്ട്. കശുവണ്ടി മേഖലയിൽ പൂർണ്ണമായും തൊഴിൽ കൊടുത്തു എന്ന് ഞാൻ പറയുന്നില്ല. കൂടുതൽ വ്യവസായങ്ങൾ അനുവദിക്കേണ്ടതും പൂർണ്ണമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കേണ്ടതുമായ രംഗം വ്യവസായരംഗമാണ്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന രംഗം പരമ്പരാഗത വ്യവസായ രംഗമാണ്. മാത്രമല്ല അതിൽ പണിയെടുക്കുന്ന തൊഴിലാളികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികളാണ്. ഒരു കൊല്ലം കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെ 221 കോടി രൂപ നഷ്ടപ്പെടുത്തിയിരിക്കുന്നു. ആ പൂട്ടിയിട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരും എം. ഡി.-മാരും ചെലവാക്കിയിട്ടുള്ള കണക്കിനെക്കുറിച്ച് ഒന്ന് അന്വേഷിക്കണം. അവർ ചെലവാക്കിയിട്ടുള്ള കാശുണ്ടെങ്കിൽ ഈ പരമ്പരാഗത വ്യവസായത്തൊഴിലാളികളെ രക്ഷിക്കാൻ സാധിക്കുമായിരുന്നു. ഇവിടെ മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ വിമാനത്തിൽ ഇക്കോണമി ക്ലാസിൽ യാത്ര ചെയ്യുമ്പോൾ ഈ പൂട്ടിക്കിടക്കുന്ന കമ്പനികളിലെ എം. ഡി.-മാർ എക്സിക്യൂട്ടീവ് ക്ലാസിൽ ഡൽഹിക്ക് പോവുകയാണ്. പൂട്ടിക്കിടക്കുന്ന കമ്പനികൾക്കുവേണ്ടി അവർ എന്തിനാണ് ഡൽഹിക്ക് പോകുന്നത്? അവിടെ പോയി അവർ കേരളാ ഹൗസിലല്ല താമസിക്കുന്നത്; സ്റ്റാർ ഹോട്ടലുകളിലാണ് താമസിക്കുന്നത്. എന്തിനാണ് അവർക്ക് കാറും സൗകര്യങ്ങളും വീടും മറ്റ് ഏർപ്പാടുകളുമൊക്കെ? ഇതൊക്കെ അന്വേഷിക്കണം. പൂട്ടിയിട്ടിരിക്കുന്ന കമ്പനിയിൽ അവിടെ കണക്കെഴുതാൻ ഒരു ക്ലാർക്കും അതൊക്കെ നോക്കാൻ ഒരു ആളും മാത്രം മതി. അത് പുനരുദ്ധരിപ്പിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്ന് നോക്കുക. പൊതുമേഖലാ സ്ഥാപനങ്ങളെ ക്ലാസിഫൈ ചെയ്ത് അവയെ നന്നായി നടത്താനും മോശമായിക്കൊണ്ടിരിക്കുന്നവയെ വൺ ടൈം സെറ്റിൽമെന്റ് വഴി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും അവയിലെ പാഴ്ചെലവുകൾ, അഴിമതി എന്നിവ അവസാനിപ്പിച്ച് അവയെയെല്ലാം ലാഭകേരമാക്കി കൊണ്ടുവരാനും വേണ്ടി പൂട്ടിയിട്ടിരിക്കുന്ന കമ്പനികൾ തുടർന്ന് നടത്തുവാൻ കഴിയുമോയെന്ന് പഠനം നടത്തിയിട്ട് അത് നടത്താൻ കഴയില്ലെങ്കിൽ വിറ്റ് കാശ് വാങ്ങിക്കാനുമുള്ള നടപടി സ്വീകരിക്കണം. ഈ ബഡ്ജറ്റിൽ കച്ചവടക്കാർക്ക് നഷ്ടമുണ്ടാകുന്ന പുതിയ ഏർപ്പാട് ഉണ്ടാകരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടനവധി ചെറുകിട വ്യവസായങ്ങൾ പൂട്ടിക്കിടക്കുകയാണ്. അതിനെക്കുറിച്ച് ഒരു പഠനം നടത്തണം. തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നവയെല്ലാം തുറന്ന് പ്രവർത്തിപ്പിക്കണം, അല്ലാത്തതിന്റെ പ്രവർത്തനം അവസാനിപ്പിക്കണം. പുതിയ ചെറുകിട വ്യവസായങ്ങൾ വരണം, ഇനി വൻകിട വ്യവസായങ്ങൾക്ക് കേരളത്തിൽ സാദ്ധ്യതയില്ല. ഇവിടത്തെ കാർഷികോൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി നമുക്ക് ആവശ്യമായ ഉപഭോക്തൃവസ്തുക്കൾ ഉണ്ടാക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ ഗ്രാമങ്ങൾ തോറും ആരംഭിച്ച് ഗ്രാമങ്ങളെ ഉണർത്താൻ കഴിയണം. നമ്മൾ വാങ്ങുന്ന മുഴുവൻ ഉപഭോക്തൃവസ്തുക്കളും പുറത്തുനിന്ന് വരുന്നവയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും വരുന്ന ഉപഭോക്തൃ വസ്തുക്കളാണ് നമ്മൾ ഉപയോഗിക്കുന്നത്. ആ ഉപഭോക്തൃ വസ്തുക്കൾ നമുക്ക് ഇവിടെ ഉണ്ടാക്കാൻ കഴിയണം. ഇവിടത്തെ ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോയി ഉപഭോക്തൃ വസ്തുക്കളാക്കി തിരിച്ചുവരുന്ന സ്ഥിതി ഒഴിവാക്കണം. അത് ഇവിടെത്തന്നെ ഉപഭോക്തൃ വസ്തുക്കളാക്കി മാറ്റിയാൽ ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തികശേഷി വളർത്താനും കഴിയും. അതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. ഖാദി ഗ്രാമ വ്യവസായത്തെ സംബന്ധിച്ച് പറഞ്ഞാൽ ഒരു കാലത്ത് ഓരോ പഞ്ചായത്തിലും 50 പേർക്ക് തൊഴിൽ ഉണ്ടാക്കാൻ വേണ്ടി 50 സെന്റ് സ്ഥലവും ഓരോ കെട്ടിടവും ഉണ്ടാക്കി അവിടെ ചർക്കയും തറിയും കൊടുത്തു. ഇന്ന് അതെല്ലാം പൂട്ടിക്കിടക്കുകയാണ്. ഒരെണ്ണംപോലും പ്രവർത്തിക്കുന്നില്ല. ആ സ്ഥലവും ഷെഡ്ഡും ഉപയോഗപ്പെടുത്തിയാൽ നമുക്ക് എന്തെല്ലാം ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും എന്ന് പരിശോധിക്കണം. 100-112 ഗ്രാമീണ വ്യവസായങ്ങൾ ഉണ്ട്. പ്രായോഗികമായി നമ്മുടെ പ്രദേശത്ത് നടപ്പാക്കാൻ പറ്റുന്ന വ്യവസായങ്ങൾ ആരംഭിക്കാനും, നിലവിലുള്ളവ നശിപ്പിക്കാതിരിക്കാനും വേണ്ട ഏർപ്പാട് ചെയ്യണം. ഖാദി-ഗ്രാമ വ്യവസായത്തിന് കഴിഞ്ഞ ബി. ജെ. പി. ഗവൺമെന്റ് സഹായം നിർത്തിലാക്കിയിരിക്കുകയാണ്. കേന്ദ്രത്തിൽ നിന്ന് ഖാദി-ഗ്രാമ വ്യവസായത്തിന് കൂടുതൽ അലോട്ട്മെന്റ് വാങ്ങണം. വളരെയേറെ തൊഴിൽരഹിതർ ഉള്ള ഒരു സംസ്ഥാനം എന്ന നിലയിൽ, പ്രശ്ന സംസ്ഥാനം എന്ന നിലയിൽ ഖാദി-ഗ്രാമ വ്യവസായത്തിന് ആകാവുന്നത്ര ഫണ്ട് കേന്ദ്രത്തിൽ നിന്ന് വാങ്ങി ഇവിടത്തെ തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാക്കാൻ, ഖാദി-ഗ്രാമ വ്യവസായത്തെ പുനരുദ്ധരിക്കാൻ ശ്രമിക്കണം. നമ്മുടെ പി.എച്ച്. സി.-കളിലും, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളും, ജില്ലാ ആശുപത്രികളും , മെഡിക്കൽ കോളേജ് ആശുപത്രികളിലുമൊക്കെത്തന്നെ ആവശ്യമുള്ള സ്റ്റാഫും, മരുന്നും, മറ്റു സാധന സാമഗ്രികളും കൊടുത്ത് അവ പ്രവർത്തനയോഗ്യമാക്കണം. അങ്ങ് ഈ സംസ്ഥാനത്തെ ആരോഗ്യമന്ത്രിയായിരുന്ന ആളാണ്, ഇതിന്റെ മുഴുവൻ കാര്യങ്ങളും അറിയാം. അത് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഫണ്ട് നൽകണം.

സ്വകാര്യ ആശുപത്രികൾ ചികിൽസ വ്യവസായമാക്കി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ആശുപത്രികളുടെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. 25,000 രൂപയില്ലാതെ ഒരു പ്രൈവറ്റ് ആശുപത്രിയിലേക്ക് ചികിത്സയ്ക്കായി ചെല്ലാൻ പറ്റാത്ത സ്ഥിതിയാണ്. സാധാരണക്കാർക്ക് ഇത് താങ്ങാൻ കഴിയില്ല. അതുകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ സംവിധാനം ശക്തിപ്പെടുത്താൻ, പി. എച്ച്. സി.-കളേയും ആശുപത്രികളേയും മെഡിക്കൽ കോളേജുകളേയും ശക്തിപ്പെടുത്താൻ, വേണ്ട നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയാക്കി ഉയർത്തണം. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ആനവിരണ്ട പൂരപ്പറമ്പിലെപ്പോലെ ആക്രോശങ്ങളും ആക്രന്ദനങ്ങളും കൊണ്ട് കേരളം നിറഞ്ഞിരിക്കുകയാണ്. ഈ ബഡ്ജറ്റ് പുറത്തുവന്നതിനുശേഷം കേരളത്തിന്റെ സ്ഥിതി അതാണ്. ഈ ബഡ്ജറ്റ് എന്നുപറയുന്നത് കഴിഞ്ഞ നാലുവർഷക്കാലം അവതരിപ്പിച്ച ബഡ്ജറ്റുകളുടെ തുടർച്ച മാത്രമാണ്. 60 ശതമാനം വരുന്ന കേരളത്തിലെ അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളെയും അവഗണിക്കുന്നതും 20 ശതമാനം സമ്പന്ന ജനവിഭാഗങ്ങളെമാത്രം ലാക്കാക്കിയുള്ളതുമാണ് ഈ ബഡ്ജറ്റ്. വാഗ്ദാനലംഘനങ്ങളുടെ ശവപ്പറമ്പാണ് ഈ ബഡ്ജറ്റെന്നത് ആർക്കും നോക്കിയാൽ മനസ്സിലാകും. സാമ്പത്തിക സർവ്വേയിൽ പറയുന്നത് കാർഷിക മേഖല പടിപടിയായി തകർന്നു കൊണ്ടിരിക്കുകയാണെന്നാണ്. എന്നാൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ മന്ത്രി പറഞ്ഞത് കഴിഞ്ഞ നാലു വർഷമായി കാർഷികമേഖല പടിപടിയായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നാണ്. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത്? ഏതാണ് ശരിയായ കണക്ക്? കാർഷിക മേഖലയുടെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്ന റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്വാമിനാഥൻ കമ്മീഷനെ നിയോഗിക്കുകയുണ്ടായി. അതിന്റെ റിപ്പോർട്ട് കിട്ടിയിട്ട് രണ്ടുവർഷം കഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചാവേളയിലെല്ലാം അപ്പുറത്തിരിക്കുന്നവർ ഏറ്റവും കൂടുതൽ പ്രസംഗിച്ചത് സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ചായിരുന്നു. ഇപ്പോൾ അവരാരും അതിനെക്കുറിച്ച് ഒരക്ഷരം പോലും പറയുന്നില്ല. ആ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ കുറയ്ക്കുക എന്നതാണ്. ആ നിലയിലുള്ള ഏതെങ്കിലും ഒരു ചുവടുവയ്പ് നിങ്ങൾ നടത്തിയിട്ടുണ്ടോ? പ്രിയപ്പെട്ട ശങ്കരനാരായണൻ അവതരിപ്പിച്ച കഴിഞ്ഞ രണ്ടുവർഷത്തെ ബഡ്ജറ്റുകളിൽ 50,000 യുവാക്കൾക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടി സ്വയം സഹായ സംഘങ്ങൾ വഴി പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് പറഞ്ഞിരുന്നു. ആ പദ്ധതി ആവിഷ്ക്കരിച്ചിട്ട് ഒരു ചെറുപ്പക്കാരനെങ്കിലും ജോലി കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? ആ പദ്ധതിയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാതെ ഇപ്പോൾ പുതിയ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പുതിയ ധനമന്ത്രി പറഞ്ഞിരിക്കുന്നത് പതിനായിരം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ച് ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നാണ്. ഈ പ്രഖ്യാപനങ്ങളെല്ലാം പ്രായോഗികമാക്കുവാനാണോ? കഴിഞ്ഞ കാലാനുഭവം അല്ലെന്നാണ്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരളം സ്വർഗ്ഗമാകാൻ പോകുന്നു എന്ന മട്ടിലാണ് നമ്മുടെ പ്രിയപ്പെട്ട ടി. എച്ച്. മുസ്തഫ പ്രസംഗിച്ചപ്പോൾ പറഞ്ഞത്. കഴിഞ്ഞ പത്തു വർഷക്കാലമായി കേരളത്തിൽ നെൽകൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു കുറഞ്ഞ് വരികയാണല്ലോ. 50 ശതമാനമായി കുറഞ്ഞു എന്നാണ് കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ എടുക്കുമ്പോൾ മനസ്സിലാകുന്നത്. ഇപ്പോൾ 2002-2003 ൽ 3,11,000 ഹെക്ടർ സ്ഥലത്ത് ചെയ്തിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷി 2003-2004 ൽ 2,87,000 ഹെക്ടർ സ്ഥലത്തായി കുറഞ്ഞിരിക്കുകയാണ്. അതേസമയം മുമ്പേ പ്രഖ്യാപിച്ച പദ്ധതിക്കു പകരമായി നെൽകൃഷി ഇവിടെ അഭിമുഖീകരിക്കുന്ന പ്രശ്നം എന്താണെന്ന് ശാസ്ത്രീയമായി മനസ്സിലാക്കി അതിനു പരിഹാരം കാണാനുള്ള പദ്ധതിയൊന്നുമല്ലല്ലോ ഈ ബഡ്ജറ്റിലൂടെ വന്നിരിക്കുന്നത്. വയനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കൂട്ട ആത്മഹത്യ ചെയ്തപ്പോഴാണ് ഒരു പാക്കേജ് പ്രഖ്യാപിച്ചത്. വയനാട്ടിലെ കാർഷിക മേഖലയെ സംരക്ഷിക്കാൻ ഈ റിപ്പോർട്ടിന്റെ ഭാഗമായി എന്തെങ്കിലും പറയാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ലല്ലോ? അതുമാത്രമല്ലല്ലോ, ഇടുക്കി ജില്ലയെക്കുറിച്ച് ഇപ്പോൾ ബഹു. മുഖ്യമന്ത്രിയൊക്കെ ഇടുക്കി ജില്ലയിൽ സന്ദർശനം നടത്തി അദ്ദേഹത്തിനു കൂടി ബോദ്ധ്യപ്പെട്ടതാണല്ലോ. അവിടെ ഏലവും, കുരുമുളകും, തേയിലയും, കാപ്പിയും, കൊക്കോയുമടക്കമുള്ള എല്ലാം തകർന്ന് കൃഷിക്കാർ ഏറ്റവും വലിയ ദുരിതം അനുഭവിക്കുന്ന സന്ദർഭമാണ്. ആ കൃഷിക്കാരെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ഒരു ആശ്വാസ നടപടി ബഡ്ജറ്റിൽ പ്രഖ്യാപിക്കുമെന്നാണ് വിചാരിച്ചിരുന്നത് അങ്ങനെ ഒന്ന് ഈ ബഡ്ജറ്റിലില്ല. നിങ്ങൾ കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിൽ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നതാണ് കാർഷിക വിളകളുടെ സംരക്ഷണ ഫണ്ട്, വിലസ്ഥിരതാ ഫണ്ട് എന്നൊക്കെ അതിനുവേണ്ട പണവും നീക്കിവച്ചു. അങ്ങനെ നീക്കിവച്ചതിന്റെ ഭാഗമായി കാർഷികവിളകൾക്ക് വില ലഭിക്കുന്നതിന് എന്തു നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്? രണ്ടു ബഡ്ജറ്റിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരുന്നതാണ്, ഈ ബഡ്ജറ്റിൽ പുതിയ പരിപാടിയാണ് പറഞ്ഞിരിക്കുന്നത്. ആദ്യത്തെ രണ്ടും വിട്ടു. അതിൽ പറഞ്ഞിരിക്കുന്നത് പ്രാദേശിക വിപണി ശക്തിപ്പെടുത്തി കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പരിപാടിക്കുവേണ്ടി 3.3 കോടി രൂപ മാറ്റിവച്ചിട്ടുണ്ട് എന്നാണ്. ഇതാണോ കാർഷിക മേഖലയുടെ യഥാർത്ഥ പ്രശ്നം. കാർഷിക മേഖലയുടെ പ്രശ്നം പരിഹരിക്കാൻ ഒന്നുകിൽ സ്വാമിനാഥൻ കമീഷൻ റിപ്പോർട്ട് നടപ്പിലാക്കുക. അതല്ലെങ്കിൽ അതിനെക്കാൾ വിദഗ്ദ്ധമായി പരിശോധിക്കേണ്ടതുണ്ടെങ്കിൽ അങ്ങനെ പരിശോധിച്ചുകൊണ്ടുള്ള പുതിയ റിപ്പോർട്ടിന്റെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിൽ കേരളത്തിന്റെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കാർഷിക-വ്യാവസായികാധിഷ്ഠിതമായിട്ടുള്ള നടപടികളിലൂടെ ഗവൺമെന്റ് മുന്നോട്ടുപോകണം. ആ നിലയിൽ ഉള്ള ഏതെങ്കിലും രൂപത്തിലുള്ള ഒരു പഠനത്തെ സംബന്ധിച്ച് ഗവൺമെന്റ് ചിന്തിച്ചിട്ടുണ്ടോ? ഇല്ലല്ലോ? കാർഷിക മേഖലയിലെ സംരക്ഷണത്തിന് നടപടികൾ ഇല്ല എന്നുമാത്രമല്ല കാർഷിക മേഖലയിൽ നിന്നും വൻതോതിൽ നികുതി പിരിവിനുള്ള സൂത്രപ്പണി കൂടിയാണ് ബഡ്ജറ്റിൽ അങ്ങ് കൊണ്ടുവന്നിരിക്കുന്നത് എന്നു കാണാൻ കഴിയും.

സർ, രജിസ്ട്രേഷന്റെ ഫീസ് വർദ്ധിപ്പിച്ചത് എടുക്കാം. കഴിഞ്ഞ പ്രാവശ്യം രജിസ്ട്രേഷൻ ഫീസ് കുറച്ചപ്പോൾ നിലവിലുണ്ടായിരുന്നതിനേക്കാൾ കൂടുതലാണ് നികുതി പിരിഞ്ഞുവന്നത്. എന്നാൽ 4 ശതമാനമെന്നുള്ളത് 8 ശതമാനമാകുമ്പോൾ മുന്നൂറ് കോടി രൂപയുടെയെങ്കിലും അധികവരുമാനം ഉണ്ടാകും. അപ്പോൾ സ്വാഭാവികമായി ഒരു നികുതി നിർദ്ദേശമാണ് അതിലൂടെ വച്ചിരിക്കുന്നത് എന്നുകാണാൻ കഴിയും. മാത്രമല്ല ഇപ്പോൾ അഞ്ചേക്കർ വരെയുള്ള കൃഷിക്കാരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയെങ്കിലും മുപ്പത്തയ്യായിരം മുതൽ അറുപതിനായിരം

LIBRARY ARCHIVES Kerala Legislative Assembly

രൂപ വരെ കാർഷിക വരുമാനമുള്ള കൃഷിക്കാരിൽ നിന്നും പത്തു ശതമാനം പുതിയതായി നികുതി ഏർപ്പെടുത്തുകയെന്നുപറഞ്ഞാൽ പ്രതിമാസം 3500 രൂപ വരുമാനമുള്ള കൃഷിക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് തുല്യമാണ്. അപ്പോൾ ആദ്യം പറഞ്ഞിട്ടുള്ള അഞ്ചേക്കർ വരെയുള്ള കൃഷിക്കാരെ ഒഴിവാക്കുകയെന്ന സ്ഥാനത്ത് ഒരേക്കറും, രണ്ടേക്കറും വരെയുള്ള സാധാരണ ദരിദ്രകൃഷിക്കാരുടെ കൂടി നികുതി പിരിച്ചുകൊണ്ട് ഒരു ഇരുന്നൂറ്റിയിരുപത്തിയഞ്ച് കോടി രൂപയുടെ അധിക നികുതി ബാദ്ധ്യത നമ്മുടെ കേരളത്തിലെ കാർഷിക മേഖലയിൽ ഈ ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നു കാണാൻ കഴിയും. അപ്പോൾ സ്വാഭാവികമായി കാർഷിക മേഖലയെ സംരക്ഷിക്കുകയെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ നയം. മറിച്ച് സാമ്പത്തികമായ ഒരു വിഭാഗത്തെ പ്രോൽസാഹിപ്പിക്കുകയെന്നുള്ളതു മാത്രമാണ് ഈ ഗവൺമെന്റിന്റെ നയം. കേരളത്തിലെ കാർഷിക മേഖല തകർച്ച നേരിടുന്ന ഈ സന്ദർഭത്തിൽ കൃഷിക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഒന്നാണ് കന്നുകാലി വളർത്തൽ. അതുസംബന്ധിച്ച് എന്താണ് ഈ ഗവൺമെന്റിന്റെ സമീപനം? ഇവിടെ ജനങ്ങളിൽ നല്ലൊരു വിഭാഗം ജീവിക്കുന്നത്, ഭക്ഷണം കഴിക്കുന്നത് കന്നുകാലികളെ വളർത്തി, അവയിൽ നിന്നുമുള്ള ആദായമെടുത്തുകൊണ്ടാണ്. നമ്മുടെ സർവേയിൽ പറയുന്നത് നമ്മുടെ സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിലും ക്ഷീരോൽപ്പാദനത്തിലും ഭീമമായിട്ടുള്ള ഇടിവ് ഉണ്ടായിട്ടുണ്ടെന്നാണ്. എന്നിട്ടും ആ മേഖലയെ സംരക്ഷിക്കാനോ അത് പുഷ്ടിപ്പെടുത്താനോ പറ്റുന്ന ഏതെങ്കിലും പദ്ധതിയെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ പറയുന്നുണ്ടോ? ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന കന്നുകാലികളുടെ കുളമ്പുരോഗവും അതുപോലെതന്നെ കന്നുകാലികളുടെ വായ് രോഗവും നമ്മുടെ സംസ്ഥാനത്തെ കന്നുകാലികളിലേയ്ക്ക് വ്യാപിച്ചു കൊണ്ടിരിക്കുന്നു എന്നാണ് സർവേയിൽ പറയുന്നത്. അതിനെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും ഒരു നടപടിയെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഇവിടെ ലക്ഷം വീടുകൾ പുതുക്കിപ്പണിയുന്നതിനെപ്പറ്റി കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി നമ്മുടെ ധനകാര്യമന്ത്രി വളരെ ഗൗരവമായി ഒരു പ്രസംഗം നടത്തി. കേരളത്തിലെ ലക്ഷം വീടുകളിൽ താമസിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഈ പ്രഖ്യാപനം ഒരാശ്വാസം ആകുമല്ലോ എന്നു വിചാരിച്ചു. എന്നാൽ ഈ ബഡ്ജറ്റിൽ ലക്ഷം വീടുകളെ സംബന്ധിച്ച് ഒരക്ഷരംപോലും പറയുന്നില്ലല്ലോ. പിന്നെ ആർക്ക് ആശ്വാസം എത്തിക്കുന്ന ബഡ്ജറ്റാണെന്നാണ് പറയുന്നത്. ഏതു വിഭാഗത്തിനെയാണ് സംരക്ഷിക്കുന്നത്? കാരുണ്യ ഭവന പദ്ധതിക്കുവേണ്ടി പണം വല്ലതും മാറ്റിവച്ചിട്ടുണ്ടോ? അപ്പോൾ പണം മാറ്റിവയ്ക്കാത്ത ഒട്ടേറെ പ്രഖ്യാപനങ്ങളാണ് ഇതിലൂടെ നടത്തിയിരിക്കുന്നത് എന്ന് കാണാൻ കഴിയും. പരമ്പരാഗത മേഖലയെ പൂർണ്ണമായി അവഗണിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഏതാണ്ട് ഒരു നാൽപ്പത്തിയഞ്ചു ശതമാനത്തിലധികം വരുന്ന കുടുംബങ്ങൾ പരമ്പരാഗത മേഖലയിലാണ് പണിയെടുത്ത് ജീവിക്കുന്നത്. അതേസമയം ബഡ്ജറ്റിൽ ഭരണനവീകരണത്തിനായി ഇരുന്നൂറ്റി എൺപത്തിയഞ്ചു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. മഹാഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി അഞ്ചു പൈസ പോലും മാറ്റിവയ്ക്കാതിരിക്കുകയും നവീകരണത്തിനുവേണ്ടി ഇരുന്നൂറ്റി എൺപത്തിയഞ്ചു കോടി രൂപ മാറ്റിവയ്ക്കുമെന്നു പറയുകയും ചെയ്യുന്നത് ആരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനാണ് എന്നു കാണാൻ കഴിയും. നിങ്ങൾ ഇവിടെ ആദിവാസികളുടെ ഭൂമിപ്രശ്നത്തെപ്പറ്റി പറയുന്നുണ്ടല്ലോ? റവന്യൂ വകുപ്പുമന്ത്രി ഇവിടെ രാവിലെ പറഞ്ഞു, അനുയോജ്യമായ വിധിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു എന്ന്. എന്നാൽ പതിനോരായിരത്തി ഒരുന്നൂറ് ഹെക്ടർ വനഭൂമി ഏറ്റെടുത്തതിൽ അവിടെ കൈവശക്കാർക്ക് കൊടുത്തതിനുശേഷം 7963.96 ഹെക്ടർ മാത്രമാണ് മിച്ചം വരുന്നത്. ഇത്രയും ഭൂമി സർക്കാരിന് കിട്ടണമെങ്കിൽ 600 കോടി രൂപ അതിന്റെ വിലയായി കിട്ടണം. അറുന്നൂറ് കോടി രൂപ കിട്ടാൻ കഴിയില്ല എന്നറിയിച്ചപ്പോൾ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ആദിവാസികളുടെ വനഭൂമി ഏറ്റെടുക്കുന്ന പ്രശ്നമുണ്ട്, കേരളത്തിനുവേണ്ടി അങ്ങനെ ഒരു ഇളവു ചെയ്തുകൊടുക്കാൻ കഴിയില്ല എന്നുള്ള വിവരം കേന്ദ്ര ഗവൺമെന്റ് രേഖാമൂലം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്. പക്ഷെ അതു മറച്ചുവച്ചുകൊണ്ട് ഭൂമി കൊടുക്കുമെന്നുപറയുന്നത് വെറും തട്ടിപ്പ് മാത്രമാണ്. നിങ്ങൾക്ക് ഈ രംഗത്ത് പ്രഖ്യാപനങ്ങൾക്കപ്പുറം പോകാൻ കഴിയില്ല എന്നുവ്യക്തമാണ്. തോട്ടം മേഖലയോട് നിങ്ങളുടെ സമീപനമെന്താണ്? തോട്ടം മേഖല ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിൽക്കൂടി കടന്നുപോകുകയാണ്. തൊഴിലാളികൾ ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുകയാണ്. ഒരു ചോദ്യത്തിന് മറുപടിയായിട്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് 37 തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ് എന്നാണ്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഒരു തോട്ടമെങ്കിലും തുറപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ എല്ലാ കാര്യങ്ങളും പറയുമ്പോൾ ബംഗാളിനെയാണല്ലോ സാമ്യപ്പെടുത്തുന്നത്. ബംഗാളിൽ പൂട്ടിയിരുന്ന 22 തോട്ടങ്ങളിൽ 17 എണ്ണവും തുറപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് ബംഗാൾ ഗവൺമെന്റിന്റെ നേട്ടമാണ്. നിങ്ങൾ എന്തുകൊണ്ടാണ് തോട്ടം മേഖലയെ സംബന്ധിച്ച് ചിന്തിക്കാത്തത്? വ്യവസായ മേഖലയ്ക്ക് എന്താണ് നിങ്ങൾ സംഭാവന ചെയ്തത്? ആകെക്കൂടി ചൗധരി കമ്മിറ്റിയെ പിരിച്ചുവിട്ടു അതാണ് നിങ്ങൾക്ക് പറയാൻ കഴിയുന്നത്. പകരം അവിടെ ഒരു മന്ത്രിസഭയുടെ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ആ ഉപസമിതിയുടെ ഭാഗമായി ഏതെങ്കിലും ഒരു പൊതുമേഖലാസ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു എന്ന് ഈ ബഡ്ജറ്റിന്റെ ഭാഗമായി പറയാൻ കഴിയുമോ? എന്താണ് പൊതുമേഖലയ്ക്കുവേണ്ടി ചെയ്തു എന്നുപറയുന്നത്. ആ ഉപസമിതിയുടെ ജോലി യഥാർത്ഥത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ, വിദേശ മുതലാളിമാർക്കും ഇൻഡ്യയിലെ കുത്തക മുതലാളിമാർക്കുമായി വിറ്റ് തുലയ്ക്കാനും അതിന്റെ ഭാഗമായി കമ്മീഷൻ പറ്റുന്നതിനും അല്ലേ? അതിനപ്പുറം പോകാൻ വല്ല പരിപാടിയും ഉണ്ടോ? അതുമാത്രമല്ല വൈദ്യുത രംഗത്തെക്കുറിച്ച് ഇവിടെ കഴിഞ്ഞ ദിവസം മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ വളരെ ആവേശത്തോടുകൂടി പറഞ്ഞു, ഈ ഗവൺമെന്റ് വന്നശേഷം 1200 കോടി രൂപയുടെ കടം അറുന്നൂറ് കോടിയായി കുറച്ചു എന്ന്. നിങ്ങൾ ആയിരത്തിയിരുന്നൂറ് കോടി രൂപയാണ് താരിഫ് വർദ്ധനവിലൂടെ കേരളത്തിലെ വൈദ്യുത ഉപഭോക്താക്കളിൽ നിന്ന് പിരിച്ചിരിക്കുന്നത് എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. നിങ്ങൾ ഏതാണ്ട് 391.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞതാണ്. നിങ്ങൾക്ക് എത്രയാണ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്? പതിനാല് മെഗാവാട്ട് വൈദ്യുതി മാത്രമാണ് നിങ്ങൾക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. പക്ഷെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണകാലത്ത് 1189 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച സംസ്ഥാനമാണ് കേരളം. ആ വൈദ്യുതി അധികവിലയ്ക്ക് വിറ്റ് നിങ്ങൾ വളരെ സുഖമായി കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പുതുതായി കേരളത്തിന് ഒരു സംഭാവനയും ചെയ്തില്ല. കേരളത്തിലേക്ക് വ്യവസായികളെ ആകർഷിക്കുമെന്നു പറയുന്നുണ്ടെങ്കിലും വൈദ്യുതി രംഗത്ത് ഒരു മെഗാവാട്ട് പോലും ഉൽപ്പാദിപ്പിക്കാതെ ആരെയാണ് നിങ്ങൾ ആകർഷിക്കാൻ പോകുന്നത്? മാത്രമല്ല ബഡ്ജറ്റിന്റെ ഭാഗമായി ഒരു യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടോ? നിങ്ങൾ പറഞ്ഞിട്ടില്ല. അപ്പോൾ നിങ്ങളുടെ ലക്ഷ്യമെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ഉൽപ്പാദിപ്പിച്ച വൈദ്യുതി ഉപയോഗിച്ച് കണക്ഷൻ കൊടുക്കുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്. ഉൽപ്പാദനത്തെ സംബന്ധിച്ചല്ല നിങ്ങളുടെ ലക്ഷ്യം. നിങ്ങൾ കണക്ഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് മാത്രമാണ് പറയുന്നത്. എത്ര അപമാനകരമാണ് ഗവൺമെന്റിന്റെ വൈദ്യുതി നയം. യഥാർത്ഥത്തിൽ ഈ വൈദ്യുതി മേഖലയെ കേന്ദ്ര താരിഫ് കമ്മീഷനെ ഏൽപ്പിച്ചുകൊണ്ട് കൊടുക്കാവുന്നിടത്തോളം കണക്ഷൻ കൊടുത്തുകൊണ്ട് കേരളത്തിലെ ജനങ്ങളെ അതിഭീകരമായി വൈദ്യുതി രംഗത്തിലൂടെയുള്ള മർദ്ദനത്തിന് വിധേയമാക്കാനുള്ള ചുവടുവയ്പ്പാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ തൊഴിലില്ലായ്മയെക്കുറിച്ച് വളരെ അഭിമാനത്തോടുകൂടി പ്രസംഗിക്കുന്നത് കേട്ടു. കൊടുക്കാവുന്നിടത്തോളം പേർക്ക് തൊഴിൽ കൊടുത്തു എന്നാണ് പറയുന്നത്. ഉത്തരവാദപ്പെട്ട ഒരു ഭരണകക്ഷി അംഗത്തിന് പറയാൻ കഴിയുന്ന കാര്യമാണോ അത്? ഒരു ചോദ്യത്തിന് മറുപടിയായി അഞ്ചു വർഷം കൊണ്ട് പതിനഞ്ചു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നും അതിൽ അഞ്ചു ലക്ഷം പേർക്ക് സ്ഥിരമായി ജോലി കൊടുക്കുമെന്നും പറഞ്ഞ നിങ്ങൾക്ക് ഏതെല്ലാം മേഖലയിലായി ആ ജോലി കൊടുക്കാൻ കഴിഞ്ഞു; ഇല്ലെങ്കിൽ എന്തുകൊണ്ട് സാധിച്ചില്ല എന്ന് പറയാനുള്ള ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യതയിൽനിന്ന് ഈ ബഡ്ജറ്റ് ഒളിച്ചോടുകയാണ് എന്ന് കാണാൻ കഴിയും. ഇപ്പോൾ ബഡ്ജറ്റ് കുറ്റമറ്റതാണെന്ന് ആരും പറയില്ല. കാരണമെന്താണ്? ഞാൻ ചോദിക്കട്ടെ, ഇവിടെയിപ്പോൾ വാർഷിക പദ്ധതി അടങ്കൽ 5369 കോടി രൂപയുടേതാണ്. ഇത് ഒരിക്കലും യാഥാർത്ഥ്യമാകുന്ന പദ്ധതിയല്ലെന്ന് അവതരിപ്പിച്ച ധനകാര്യമന്ത്രിയ്ക്ക് തന്നെ നല്ല ബോദ്ധ്യമുള്ള കാര്യമാണ്. ഇപ്പോൾ നാലായിരത്തി എണ്ണൂറ് കോടി രൂപയാണ് വർദ്ധിപ്പിച്ച് പരിഷ്ക്കരിച്ച് അയ്യായിരത്തി മുന്നൂറ്റി അറുപത്തിയൊൻപത് കോടി രൂപയാക്കിയത്. വർദ്ധിച്ചുവരുന്ന റവന്യു ചെലവിനെക്കുറിച്ച് ഇതിൽ യാതൊരു പരിഗണനയും ഇല്ലല്ലോ. അതുമാത്രമല്ല വർദ്ധിച്ചുകൊണ്ടിരിക്കുന്ന പൊതുകടത്തെക്കുറിച്ച് വല്ല ധാരണയും ഉണ്ടോ? ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം വരുമ്പോൾ വരുന്ന അധിക ചെലവ്, ആദിവാസികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി വരുന്ന തുക, കരാറുകാർക്കും മറ്റും കൊടുത്തു തീർക്കേണ്ട തുക ഇവയെല്ലാം നിലവിലുള്ള കണക്കുകളോട് ചേർത്താൽ ഇന്ന് കാണിച്ചതിന്റെ പതിൻമടങ്ങാകും കമ്മിയെന്ന് യാതൊരു സംശയവുമില്ലാതെ പറയാൻ കഴിയും. അപ്പുറത്തിരിക്കുന്നവരോട് ഞാൻ ഒരു കാര്യം പറയട്ടെ, നിങ്ങൾ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് അംഗചേകവൻമാർ നിൽക്കുന്നതുപോലെയാണ് ഇങ്ങോട്ടുതിരിഞ്ഞ് യുദ്ധത്തിന് തയ്യാറായി നിന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് ഒരു വർഷം കഴിഞ്ഞ് നിങ്ങൾ ഡൗണായി. രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ വീണ്ടും ഡൗണായി. ഇപ്പോഴത്തെ ബഡ്ജറ്റ് വന്നപ്പോൾ വെള്ളത്തിൽ വീണ കോഴിക്കുഞ്ഞിനെപ്പോലെയാണിരിക്കുന്നത്. ഒറ്റ ആളും അനങ്ങുന്നില്ലല്ലോ? എത്ര ആവേശത്തോടെ അപ്പുറത്തുനിന്നും പ്രസംഗിച്ചു. കൈയ്യടിക്കാൻ ആളില്ലല്ലോ? നല്ല പകപോക്കലല്ലേ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? അതിനപ്പുറത്ത് നിങ്ങൾക്ക് ബഡ്ജറ്റിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്? ഈ ബഡ്ജറ്റ് അംഗീകരിക്കുന്ന, കേരളത്തിൽ യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുന്ന ഏതെങ്കിലും മനുഷ്യരുണ്ടോ? അപ്പുറത്തിരിക്കുന്ന ഒന്നുരണ്ടുപേരാണ് ആവേശത്തോടു കൂടി പ്രസംഗിച്ചത്. അവർക്കുമാത്രമേ ആവേശമുള്ളൂ. അതും അവരുടെ മണ്ഡലത്തിൽ എന്തെങ്കിലും കിട്ടിയതുകൊണ്ട്. ഇടയ്ക്കും വഴിക്കും നിൽക്കുന്നവർ ഇതിനെ സംബന്ധിച്ച് പറഞ്ഞതെന്താണെന്ന് കേട്ടില്ലേ? കരുണാകരന്റെ പ്രതികരണം എന്തായിരുന്നു? വല്ല സംശയവും ആർക്കെങ്കിലും ഉണ്ടോ? കേരളത്തിൽ കഴിഞ്ഞ പ്രാവശ്യം വലിയ വരൾച്ചയായിരുന്നു. വരൾച്ചയുടെ ഭാഗമായിട്ട് ഏറ്റവും വലിയ ദുരിതം അനുഭവിച്ച കേരളത്തിൽ വെള്ളത്തിന്റെ പ്രശ്നമാണ് പരിഹരിക്കേണ്ടത്. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ 40 കോടി രൂപ കുറച്ചാണല്ലോ അതിലേയ്ക്കായി ഈ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. അതു മാത്രമല്ല; ഒരു കേന്ദ്ര പദ്ധതിയുണ്ട്. 15 ശതമാനം കൊടുത്താൽ 50 കോടി രൂപ കിട്ടും. ബഡ്ജറ്റിൽ അതിനുള്ള പണം മാറ്റിവച്ചിട്ടുണ്ടോ? ഇല്ലല്ലോ? പിന്നെ എങ്ങനെയാണ് യാഥാർത്ഥ്യബോധമുള്ള ബഡ്ജറ്റാകുന്നത്? യഥാർത്ഥത്തിൽ നിങ്ങൾ കൂടിയിരുന്ന്, വഞ്ചിച്ചുകൊണ്ട് ഗ്രൂപ്പ് വൈരത്തോടെ കൊണ്ടുവന്ന ബഡ്ജറ്റാണിതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. യാഥാർത്ഥ്യബോധം ഇല്ലാത്തതിനാൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളെ അവഗണിക്കുന്നതും അവരെ ദു:ഖത്തിലാഴ്ത്തുന്നതുമായ, കേരളത്തിലെ കൃഷിക്കാരെ വഞ്ചിക്കുന്ന, കേരളത്തിലെ യുവജനങ്ങളോട് പകപോക്കുന്ന, കേരളത്തിലെ വിദ്യാർത്ഥികളോട് അങ്ങേയറ്റം നിഷേധാത്മകമായ നിലപാടെടുക്കുന്ന, കേരളത്തിലെ പരമ്പരാഗത വ്യവസായ രംഗത്ത് പണിയെടുക്കുന്നവരെ അപമാനിക്കുന്ന, ആദിവാസികളോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന, ജീവനക്കാരോട് പകപോക്കുന്ന സമീപനമെടുക്കുന്ന ബഡ്ജറ്റാണിത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും ഒരുപോലെ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ബഡ്ജറ്റാണിത് എന്ന് ഒരു പ്രാവശ്യംകൂടി പഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകളിലും ഭൗതിക-സൗകര്യ-വികസനമേഖലയിലും ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട്, പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട സമ്പൂർണ്ണമായ ഒരു ക്ഷേമബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഏറ്റവും നല്ല ക്ഷേമബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട വക്കം മാമന് വണക്കം. പത്തു വർഷംകൊണ്ട് ശമ്പളത്തേക്കാൾ അധികമാകും പെൻഷനെന്ന് മുന്നറിയിപ്പ് നൽകിയെന്നു മാത്രമല്ല 17 ശതമാനംകണ്ട് വലിശ വർദ്ധിക്കുമെന്നുള്ള ഞെട്ടിപ്പിക്കുന്ന സാമ്പത്തികമായ

LIBRARY ARCHIVES Kerala Legislative Assembly

അവസരാവിശേഷത്തെക്കുറിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. കഴിഞ്ഞ 10 വർഷക്കാലത്തെ ചെലവുതന്നെ പരിശോധിച്ചാൽ 10 വർഷംകൊണ്ട് വർദ്ധിച്ച ചെലവിനനുസരിച്ച് മൂലധനച്ചെലവ് വർദ്ധിച്ചിട്ടില്ല എന്നു കാണാം; മറിച്ച് മൂലധനച്ചെലവ് കുറയുകയാണുണ്ടായത്. ഇത് കാണിക്കുന്നത് വികസനത്തിന്റെ ചാലക ശക്തിയായിരിക്കേണ്ട മേഖലകളിലേയ്ക്ക് സർക്കാർ വിഹിതം കുറയുന്നു എന്നതാണ്. അതുകൊണ്ടുതന്നെ കാർഷിക-വ്യാവസായിക മേഖലകൾ തകർന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന സേവന മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. കാർഷിക മേഖലയിൽ നവീകരണം നടപ്പിലാക്കുന്നതിനും കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുന്നതിനും ആവശ്യമായ നവീനമായ പ്രക്രിയയ്ക്ക് വിധേയമാക്കിക്കൊണ്ട് കാർഷിക രംഗം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ കാണാം. അതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വൈദ്യുതമേഖലയിൽ എന്തു ചെയ്തു എന്ന് എന്റെ മാന്യ സുഹൃത്ത് പ്രസംഗിച്ചപ്പോൾ ചോദിച്ചു. ഞാൻ ചോദിക്കട്ടേ, യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ജലവൈദ്യുത പദ്ധതികളാണ് ഉദ്ഘാടനം ചെയ്തതെന്നറിയാമോ? ബാണാസുരസാഗർ കഴിഞ്ഞ ആഴ്ചയാണ് കമ്മീഷൻ ചെയ്തത്. അങ്ങനെ വൈദ്യുതി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായി എന്ന കണക്ക് വ്യക്തമാക്കുന്നു. അതേയവസരത്തിൽ നിങ്ങളുടെ ഭരണകാലത്ത് ഒരു ജലവൈദ്യുത പദ്ധതിയെങ്കിലും കമ്മീഷൻ ചെയ്യാൻ സാധിച്ചോ? വിനോദസഞ്ചാര മേഖലയിൽ വലിയ നിക്ഷേപം നടത്തി. കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീമിന്റെ ഭാഗമായിട്ടാണ് ബാണാസുരസാഗർ കമ്മീഷൻ ചെയ്തത്, ചെമ്പുകടവ് കമ്മീഷൻ ചെയ്തു. ഒരുപാട് പദ്ധതികൾ യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം കമ്മീഷൻ ചെയ്തു. അഞ്ചുലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിയുമെന്ന് പറഞ്ഞു. വൈദ്യുതി ഇല്ലാതെ കൊടുക്കാൻ കഴിയുമോ? പവർ കട്ട് ഇന്നു ജനം മറന്നുപോയിരിക്കുന്നു. ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രി എന്താണ് പറഞ്ഞത്? ഈ ഭരണം അവസാനിപ്പിക്കുന്നതുവരെ വൈദ്യുതി കട്ട് ഏർപ്പെടുത്തേണ്ടി വരില്ല എന്നാണ്. ഉൽപ്പാദനം വർദ്ധിച്ചതുകൊണ്ടാണ് ഇത് സാധിച്ചത്. കണ്ണടച്ച് ഇരുട്ടാക്കരുത്. വസ്തുതകൾ വസ്തുതകളായി കാണണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സാമ്പത്തിക പരിഷ്ക്കരണത്തിൽ അതിശക്തമായ മുന്നേറ്റം നടത്തണം. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുമെന്ന പ്രഖ്യാപനം അങ്ങ് നടപ്പിലാക്കണം. കാര്യങ്ങൾ വിചാരിച്ചിടത്ത് നിർത്താൻ കഴിവുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ മുന്നോട്ടു പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. 2003-04-ൽ 10,804 കോടി രൂപയാണ് ശമ്പളവും പെൻഷനും എന്ന ഇനത്തിൽ മാത്രം കൊടുത്തത്. ഇത് യഥാർത്ഥ റവന്യൂ വരുമാനത്തിന്റെ 90 ശതമാനമാണ്; റവന്യൂ ചെലവിന്റെ 70 ശതമാനം. ഭയാനകമായ ഒരവസ്ഥയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പെൻഷൻ പദ്ധതി നിർത്തലാക്കിയിട്ട് പുതിയ കോൺട്രിബ്യൂട്ടറി പദ്ധതി നടപ്പിലാക്കുമെന്നു പറഞ്ഞത് സ്വാഗതാർഹമായ തീരുമാനമാണ്. വിദൂരഭാവിയിൽ ഇത് നമുക്ക് ഗുണം ചെയ്യുന്നതാണ്. ബഡ്ജറ്റിൽ ഒരുപാട് നിർദ്ദേശങ്ങളുണ്ട്. നികുതി നിർദ്ദേശമൊന്നും പുതിയതായി വച്ചിട്ടില്ല. ജില്ലകൾതോറും വിനോദസഞ്ചാര വികസന കേന്ദ്രം, യുവജനങ്ങളെ അഖിലേന്ത്യാ മൽസര പരീക്ഷകൾക്ക് പ്രാപ്തമാക്കുന്ന പരിശീലന കേന്ദ്രം, തെങ്ങുകൃഷിക്കുമാത്രം 64 കോടി രൂപ, കെ.എസ്.ഇ.ബി.-ക്ക്

LIBRARY ARCHIVES Kerala Legislative Assembly

575 കോടി രൂപ, ഊർജ്ജമേഖലയിൽ 750 കോടി രൂപ, കുരുമുളക് കൃഷിക്ക് 20 കോടി രൂപ, ജൈവ സാങ്കേതിക മേഖലയ്ക്ക് ഒരു കോടി രൂപ, കുടുംബശ്രീയിൽ 50 പേർക്ക് തൊഴിൽ കൊടുക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി, ഇവയ്ക്കെല്ലാം പുറമേ പഞ്ചായത്തിനുമാത്രം 1375 കോടി രൂപ കൊടുത്തിട്ടുണ്ട്. കുടുംബശ്രീക്ക് ആവശ്യമായ തുക കൊടുത്തിട്ടുണ്ട്. വൃദ്ധർക്ക് സംരക്ഷണം കൊടുക്കുന്നതിന് ഓരോ പഞ്ചായത്തിലും വൃദ്ധസദനങ്ങൾ ആരംഭിക്കുന്ന പദ്ധതിയുണ്ട്. അതിൽ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് സന്നദ്ധ സംഘടനകൾക്ക് മുൻഗണന കൊടുക്കണമെന്നാണ്. നമ്മുടെ സംസ്ഥാനത്ത് 1375 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു എന്ന് പറഞ്ഞാൽ അത് യു.ഡി.എഫ്.-ന് മാത്രമാണെന്നാണോ? ഇടതുപക്ഷത്തിനും കിട്ടും. ഫൈനാൻഷ്യൽ ഇയർ തുടങ്ങുന്നതിനുമുമ്പ് കൊടുക്കുന്നതുമൂലം ഒരു വർഷത്തെ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. യു.ഡി.എഫ്. ഗവൺമെന്റ് ഇത്തവണ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതലും ഇടതുപക്ഷത്തിന്റെ കയ്യിലാണ്. യു.ഡി.എഫ്. ഒരു ഗുണം തന്നാൽ മനസ്സുകൊണ്ടെങ്കിലും നന്ദി പറയേണ്ടേ? നന്ദികേട് പറയണോ? ഏറ്റവും പ്രാമുഖ്യം കൊടുക്കേണ്ട മേഖലയാണ് ആരോഗ്യ വിദ്യാഭ്യാസരംഗം. പാവപ്പെട്ടവർ ആശ്രയിക്കുന്ന ആശുപത്രി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ്. എനിക്ക് പറയാനുള്ളത് മലബാർ മേഖലയിൽ ജനസംഖ്യാനുപാതികമായി കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിയോജകമണ്ഡലങ്ങൾ വർദ്ധിക്കുകയാണ്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിന് ആനുപാതികമായി വർദ്ധിച്ചിട്ടില്ല. നിരവധി കുട്ടികൾ ഇപ്പോൾ കഷ്ടപ്പെടുകയാണ്. ഗവണ്മെന്റ് എൽ.പി. സ്കൂളുകളും, യു.പി. സ്കൂളുകളും 200-ഉം 300-ഉം കുട്ടികൾ പഠിക്കുന്ന ആദിവാസി ദുർബ്ബല വിഭാഗങ്ങൾ ആശ്രയിക്കുന്ന സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ആരോഗ്യ കേന്ദ്രങ്ങൾ അവിടെയെല്ലാം ഡോക്ടർമാരുടെ അഭാവമുണ്ട്. കൊടുവള്ളിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ മാത്രമേയുള്ളൂ. 9 ഡോക്ടർമാർ വേണം. അവിടെ കെട്ടിട സൗകര്യമുണ്ട്. ഡോക്ടർമാർ ഇല്ലാത്ത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കണം. കരിമ്പൊയിൽ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്റെ മണ്ഡലത്തിലാണ്. അവിടെ 14 അദ്ധ്യാപകർക്ക് പി.ടി.എ.-യാണ് ശമ്പളം കൊടുക്കുന്നത്. അതുപോലെയുള്ള ഗവണ്മെന്റ് സ്കൂളുകളിലെ ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും പ്രത്യേകമായ നടപടികൾ സ്വീകരിക്കണമെന്നാണ് അങ്ങയോടെനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാന കാര്യം കൊണ്ടുവരാൻ ശ്രമിക്കുകയാണ്. കാർഷികാദായ നികുതിയുടെ കാര്യത്തിൽ ഒരു ചെറിയ അവ്യക്തതയുണ്ട്. ഇപ്പോൾ കാർഷികാദായ നികുതി 40,000 രൂപ മുതൽ 60,000 രൂപ വരെ 10 ശതമാനമാണ്. നിലവിൽ കോംപൗണ്ടിംഗ് സിസ്റ്റം തുടരുമെന്നും പറഞ്ഞു. 40,000 രൂപയുടെ മേലെ വരുമാനം കണക്കാക്കണമെങ്കിൽ ഇൻകം ടാക്സ് കൊടുക്കാത്ത വരുമാനമെന്നാണ് പറയുന്നത്. കാനൻ ലാറ്റക്സിന്റെ കേസിൽ ഹൈക്കോടതിയുടെ ഒരു വിധിയുണ്ട്. അതിൽ പറയുന്നത്, പ്രോസസ്സിംഗ് നടപ്പിലാക്കുന്നതിനു മാത്രമേ ഇൻകം ടാക്സ് കൊടുക്കേണ്ടതുള്ളൂ എന്നാണ്. ഉണ്ടക്കാപ്പിക്ക് പ്രോസസ്സിംഗ് നടക്കുന്നതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

5 ലക്ഷം രൂപ വരെ ഇൻകം ടാക്സ് കൊടുക്കേണ്ടതില്ല അതേ അവസരത്തിൽ ഇപ്പോഴത്തെ പുതിയ നിർദ്ദേശമനുസരിച്ച് ഇൻകം ടാക്സിന് വിധേയമല്ലാത്തതിന് നികുതി കൊടുക്കണമെന്ന് പറയുമ്പോൾ, ഉണ്ടക്കാപ്പിക്കും കൊടുക്കേണ്ടിവരും. കോംപൗണ്ടിംഗ് സിസ്റ്റം നിലവിലുള്ള 5 ഹെക്ടറിന് സൗജന്യമാണെന്നുള്ളത് തുടരുകയും, കോംപൗണ്ടിംഗ് സിസ്റ്റം ഇപ്പോൾ ഉള്ളതുപോലെ തുടരുകയും ചെയ്യണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആത്മഹത്യകൊണ്ട് നിരന്തരം പൊറുതി മുട്ടിയ വയനാട് ജില്ലയിലെ കാപ്പി കൃഷിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ, അവിടെയുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, അവരുടെ ബുദ്ധിമുട്ടെന്താണെന്ന് ചോദിച്ചാൽ അവർക്കവിടെ കാപ്പി കൃഷിയുടെ ചെലവുമായി നോക്കുമ്പോൾ കിട്ടുന്ന വരുമാനം തുച്ഛമാണ്. 125 രൂപ വിലയുള്ള കാപ്പിക്ക് ഇപ്പോൾ 25 രൂപയാണ് കിട്ടുന്നത്. ഈ അവസ്ഥയിൽ കാപ്പി കൃഷി നടത്തിക്കൊണ്ടുപോകാൻ കഴിയില്ല.

12 NOON] അതുപോലെതന്നെ കുരുമുളകിന്റെ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുപ്പെടുത്തുകയാണ്. വിയറ്റ്നാമിൽനിന്നും ചെറിയ തുകയ്ക്ക് ഇഷ്ടംപോലെ കുരുമുളക് ഇറക്കുകയാണ്. എന്നിട്ട് നമ്മുടെ കേരളത്തിലെ ഇടുക്കി, വയനാട് എന്നീ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വിലപിടിപ്പുള്ള കുരുമുളകുമായി മിക്സ് ചെയ്തുകൊണ്ട് വിദേശത്ത് കയറ്റിഅയയ്ക്കുമ്പോൾ ക്വാളിറ്റിയുള്ളതും ഇല്ലാത്തതും പോയി അവിടെ വില കുറയുകയാണ്. അതിന് പരിഹാരമുണ്ടാകുന്നതിന്, ഇറക്കുമതി ചെയ്യുന്ന പലയിനങ്ങൾക്കും ഗാട്ട് കരാർ പ്രകാരം 700 ശതമാനം വരെ നികുതി ചുമത്താമെന്നിരിക്കെ ഇറക്കുമതി ചെയ്യുന്ന ഇത്തരം കാർഷികോൽപ്പന്നങ്ങൾക്ക് പരമാവധി നികുതി ചുമത്താനുള്ള സംവിധാനം അങ്ങ് കൊണ്ടുവരണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുകൊണ്ട് ഈ കോമ്പൗണ്ടിംഗ് സിസ്റ്റം നിലനിർത്തുകയും നിലവിലുള്ള പുതിയ നിർദ്ദേശം പിൻവലിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കുടുംബശ്രീയിൽ 50,000 പേർക്ക് തൊഴിൽ കൊടുക്കുന്ന പദ്ധതിയെപ്പറ്റി അങ്ങ് പറഞ്ഞു. കുടുംബശ്രീ എന്നുപറയുന്നത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർ ഒന്നിക്കുന്ന ഒരു സംരംഭമാണ്. ഇപ്പോൾ വാറ്റ് വരുന്നതോടുകൂടി വറ്റിവരണ്ട് പോകുന്ന അവസ്ഥയാണ്. കാരണം കുടുംബശ്രീയിൽ അവർ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്നത് പ്രൊഡക്ഷന്റെ ക്വാളിറ്റി കൊണ്ടാണ്. എന്നാൽ വാറ്റ് വരുന്നതോടുകൂടി 8 ശതമാനം നികുതിയുള്ളത് 17 ശതമാനം കൊടുക്കേണ്ടിവരും. അവർക്ക് അതിനുള്ള ഒരു മെച്ചം എന്നുപറയുന്നത്, സാധനം വാങ്ങുമ്പോൾ ആ നികുതി കുറയുമെന്നാണ്. ഇവരെ സംബന്ധിച്ചിടത്തോളം അത് ബാധകമല്ല. കാരണം വൻകിട കുത്തക മുതലാളിമാരുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കേണ്ട ഒരു ഗതികേട് ഇതോടുകൂടി വരികയാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങ് ഇപ്പോൾ വിൽപ്പന നികുതി ഒഴിവാക്കുന്ന കൂട്ടത്തിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് ഒഴിവാക്കിയതുപോലെ ഏഴാമത്തെ ഇനമായി കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കും ഈ ഒഴിവ് ബാധകമാക്കണം. കാരണം ഇവിടെ പാവപ്പെട്ടവരും ദുർബല വിഭാഗങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും മാത്രം ഉൽപ്പാദിപ്പിക്കുന്ന, അവരുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഒരവസ്ഥയായതുകൊണ്ട് അങ്ങ് അവരുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്താതെ, ഖാദി ഉൽപ്പന്നങ്ങൾക്കുള്ള അതേ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം ഇതിനുകൂടി നൽകാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെയാണെങ്കിൽ മാത്രമേ 50,000 പേർക്ക് തൊഴിൽ കൊടുക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ ഫലപ്രദമായ രീതിയിൽ തൊഴിൽ നൽകാനുള്ള സാഹചര്യങ്ങളുമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അതുകൊണ്ട് വാറ്റ് നടപ്പിലാക്കുമ്പോൾ ഇക്കാര്യം കൂടി നോക്കണം. ചെക്കുപോസ്റ്റുകളിലെ അഴിമതിയെക്കുറിച്ച് അങ്ങ് പറഞ്ഞു, വല്ല നിർദ്ദേശവുമുണ്ടെങ്കിൽ പരിഗണിക്കാമെന്നും പറഞ്ഞു. 2000-ന് ശേഷമാണ് എൻട്രി ടാക്സ് വന്നത്. 2000-ൽ കാറിന് മാത്രമേ എൻട്രി ടാക്സ് ഉണ്ടായിരുന്നുള്ളൂ. 2001-ന് ശേഷം 21 ഇനങ്ങൾക്ക് ടാക്സ് വന്നു. പിന്നെ കൂടുതൽ ഇനങ്ങൾക്ക് എൻട്രി ടാക്സ് വന്നതോടുകൂടിയാണ് ടാക്സിന്റെ ഡിക്ലറേഷൻ കൊടുത്ത് ടാക്സ് കളക്റ്റ് ചെയ്യുമ്പോൾ പല അഴിമതിയും നടക്കുന്നത്. അത് പരിഹരിക്കണം. ഇപ്പോൾ എൻട്രി ടാക്സ് കൊടുത്താൽ ടാക്സിന്റെ ഫോമിൽ റിട്ടേൺസ് ഫയൽ ചെയ്യുമ്പോൾ അഡീഷണലായി ടാക്സ് കളക്റ്റ് ചെയ്യുന്നത് കിഴിച്ച് കൊടുക്കുന്ന ഒരു പരിവുണ്ട്. അതുകൊണ്ട് എൻട്രി ടാക്സ് ചെക്കുപോസ്റ്റിൽ കളക്റ്റ് ചെയ്യുന്നതിന് പകരം ഓഫീസുകളിൽ നേരിട്ട് കൊണ്ട് അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയാൽ ഈ അഴിമതി ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. മാത്രമല്ല ബിൽ ഇടാത്ത സാധനങ്ങൾക്ക് പെനാൽറ്റി നടപ്പിലാക്കുന്ന പദ്ധതി മാത്രം നടപ്പിലാക്കി ബാക്കി നേരിട്ട് ഓഫീസുകളിൽ തന്നെ കൈകാര്യം ചെയ്യുന്ന സംവിധാനം ഉണ്ടെങ്കിൽ അത് നമുക്ക് പരിപൂർണ്ണമായും ഒഴിവാക്കാൻ കഴിയും. അത് അങ്ങ് പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ സമഗ്രമായ മുന്നോട്ടുള്ള പ്രയാണത്തിന് അങ്ങ് അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഉപകരിക്കും. ഇവിടെ സി.പി.എം.-കാർ നമുക്ക് മലപ്പുറത്ത് അങ്കം കുറിക്കാം എന്നൊക്കെ പറഞ്ഞു. അത് വീഗുകാരോടല്ല, വി.എസ്-നോടാണ് പറഞ്ഞത് എന്നെനിക്കറിയാം. കണ്ണൂർ ആവർത്തിക്കുമെന്ന് പറഞ്ഞത്, കണ്ണൂരിൽ ശ്രീ. പിണറായി ജയിച്ചതുപോലെ വി.എസ്. മലപ്പുറത്ത് പോയി ജയിക്കുമെന്നാണ് പറഞ്ഞത്. പക്ഷേ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അവരുടെ സംസ്ഥാന സമ്മേളനം നേരിടാൻ ജില്ലാ സമ്മേളനം മാത്രം മതി. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് കേരളത്തെ സമഗ്രമായ പുരോഗതിയിലേക്ക് നയിക്കുന്നതിന്റെ ഒരു തുടക്കമാണ്. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ ഒരിക്കൽകൂടി സ്വാഗതം ചെയ്യുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന യുവാക്കളെയും കൃഷിക്കാരെയും പാടെ അവഗണിച്ച ഒരു ബഡ്ജറ്റാണിത്. കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമാണ് തൊഴിലില്ലായ്മ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം ഏതാണ്ട് 60 ലക്ഷത്തോട് അടുക്കുകയാണ്. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നത് കേരളത്തിലെ പെറുപ്പുക്കാരായ 15 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനത്തോടുകൂടിയാണ്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത് അഞ്ചാമത്തെ ബഡ്ജറ്റാണ്. ഭരണകക്ഷിയിൽപ്പെട്ട ബഹുമാനപ്പെട്ട ടി.എച്ച്. മുസ്തഫയോട് ഇവിടെയുള്ള ചില മെമ്പർമാർ ഒരു ചോദ്യം ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞത്, നേരത്തെ ചോദ്യം തന്നിരുന്നുവെങ്കിൽ ഉത്തരം പറയാമെന്നാണ്. ഇങ്ങനെയൊരു ഗതികേടുണ്ടോ ഒരു ഗവൺമെന്റിന്? ഭരണകക്ഷിയിൽപ്പെട്ട ഒരു അംഗത്തിന് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഏത്ര പേർക്ക് തൊഴിൽ നൽകി എന്ന് ഒരു പ്രതിപക്ഷാംഗം ചോദിച്ചപ്പോൾ നേരത്തെ നിങ്ങൾ എഴുതിത്തന്നിരുന്നുവെങ്കിൽ ഉത്തരം പറയുമായിരുന്നു എന്നുപറയേണ്ടിവന്നത് ഈ സർക്കാരിന്റെ ഏറ്റവും ദയനീയമായിട്ടുള്ള ഒരവസ്ഥയാണ് കാണിക്കുന്നത്. ഒരൊറ്റ ആളിനും നിങ്ങൾ തൊഴിൽ നൽകിയില്ല. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു നിർദ്ദേശവും ബഡ്ജറ്റിൽ വച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. കെ. ശങ്കരനാരായണൻ ധനകാര്യമന്ത്രിയായിരുന്നപ്പോൾ വലിയൊരു പ്രഖ്യാപനം നടത്തി, 200 കോടി രൂപ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കുമെന്ന്. അഞ്ച് നയാപൈസ മാറ്റിവച്ചില്ല. ഏറ്റവും അവസാനത്തെ നിയമസഭാ സമ്മേളനത്തിൽ ഇവിടെ രേഖാമൂലം നൽകിയ മറുപടിയിൽ, അതിലൊരു നയാപൈസയും ചെലവാക്കാൻ കഴിഞ്ഞില്ല എന്നുള്ള യാഥാർത്ഥ്യം തുറന്നു പറയുന്നുവെന്ന് കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രി തന്നെ പറഞ്ഞു. ഈ ബഡ്ജറ്റിൽ നമ്മുടെ ധനകാര്യമന്ത്രിക്ക് തൊഴിലില്ലായ്മ പ്രശ്നം സംബന്ധിച്ച് ഒരു വരി എഴുതിച്ചേർക്കാനുള്ള ധൈര്യംപോലും ഇല്ലാതെപോയി. അദ്ദേഹം നല്ല മനുഷ്യനാണ്. ഇതൊക്കെ ചെയ്യാമെന്ന് പറഞ്ഞാലും ചെയ്യാൻ കഴിയില്ല എന്നറിയാം. ഒരു നയാപൈസ മാറ്റിവച്ചിട്ടില്ല. അഭ്യസ്തവിദ്യരായ 60 ലക്ഷത്തോളം ചെറുപ്പക്കാർ എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന പ്രശ്നം നിങ്ങൾ സമ്പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ച് ഏറ്റവും വഞ്ചനാപരമായ ഒരു ബഡ്ജറ്റാണ് ഇത് എന്നുപറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കേരളത്തിലെ കാർഷികമേഖലയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിലെ കാർഷികമേഖല അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരീക്ഷണത്തെയാണ് കഴിഞ്ഞ കാലങ്ങളിൽ നേരിട്ടത്. 1200 ആളുകളാണ് ഇവിടെ ആത്മഹത്യ ചെയ്തത്. നമ്മുടെ കൃഷി വകുപ്പുമന്ത്രി പറഞ്ഞത്, ആത്മഹത്യയേ നടന്നിട്ടില്ല, ആത്മഹത്യ ചെയ്തവരാരും കർഷകരല്ല എന്നാണ്. പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ ഇവിടെ നിന്ന് തെറ്റായ കണക്കുകൾ പാർലമെന്റിന് നൽകി, ആത്മഹത്യയേ നടന്നിട്ടില്ല എന്ന് സ്ഥാപിക്കാനായിരുന്നു ശ്രമം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ നൽകിയ മറുപടിയിൽ 178 ആളുകൾ ആത്മഹത്യ ചെയ്തു, 28 ആളുകൾക്ക് സഹായം നൽകി എന്ന് കൃഷി വകുപ്പുമന്ത്രിക്ക് പറയേണ്ടി വന്നു. എന്താണ് കാർഷിക മേഖലയെ സംബന്ധിച്ചുള്ള ബഡ്ജറ്റ് നിർദ്ദേശം? നാളികേരത്തിന്റെ വികസനത്തിന് 64 കോടി രൂപ, നെൽകൃഷിക്ക് 330 ലക്ഷം രൂപ, കുരുമുളകിന് 20 കോടി രൂപ, അങ്ങനെ ഓരോ പ്രഖ്യാപനങ്ങളാണ്. ഇവിടെ പ്രഖ്യാപനങ്ങൾ ഇല്ലാത്തതുകൊണ്ടാണോ കഴിഞ്ഞകാലങ്ങളിൽ കൃഷിക്കാർ ആത്മഹത്യ ചെയ്തത്? നിങ്ങൾ 100 കോടി രൂപ പ്രഖ്യാപിച്ചപ്പോഴല്ലേ ആത്മഹത്യ ഏറ്റവും കൂടുതലുണ്ടായത്? എന്താണ് അതിന്റെ കാര്യമെന്ന് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. ഈ പൈസയൊന്നും കൃഷിക്കാരന്റെ കയ്യിൽ എത്തുന്നില്ല എന്ന ഗുരുതരമായ പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. നിങ്ങളുടെ പ്രഖ്യാപനം പ്രഖ്യാപനം മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. ഞാനൊരു കാര്യം ചോദിക്കുകയാണ്. അതിന് മാത്രം മറുപടി പറഞ്ഞാൽ മതി. ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അധികാരമേറ്റപ്പോൾ 100 ദിന പരിപാടി പ്രഖ്യാപിച്ചല്ലോ? ആ 100 ദിന പരിപാടിയിൽ 38 കോടി രൂപ മണ്ഡരി നിർമ്മാർജ്ജനത്തിന് മാറ്റി വയ്ക്കുന്നുവെന്ന് പറഞ്ഞു. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്ര പൈസ ചെലവഴിച്ചു? മണ്ഡരി നിർമ്മാർജ്ജനത്തിന്റെ ചുമതല ഏൽപ്പിച്ചത് ആരെയാണെന്നറിയാമോ? കേരളത്തിലെ കൃഷി ഉദ്യോഗസ്ഥൻമാരെ അല്ല, വെയർഹൗസിംഗ് കോർപ്പറേഷനെയാണ് 38 കോടി രൂപ ഏൽപ്പിച്ചത്. കൃഷി വകുപ്പു മന്ത്രിക്ക് താൽപ്പര്യമുള്ള ഒരു കോർപ്പറേഷനിൽ 38 കോടി രൂപ ഏൽപ്പിച്ചുകൊണ്ട് മണ്ഡരി നിർമ്മാർജ്ജനം ചെയ്യാൻ പറഞ്ഞു. നല്ല രസകരമായ സംഭവമാണ്.

കേരളത്തിൽ ഇനി എന്തെങ്കിലും ഗുരുതരമായ ആരോഗ്യപ്രശ്നം വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യെ ഗവണ്മെന്റ് ഏൽപ്പിക്കും. അതാണ് വരാൻ പോകുന്നത്. കേരളത്തിലെ മനുഷ്യർക്ക് ആരോഗ്യപ്രശ്നം വന്നാൽ അത് കെ.എസ്.ആർ.ടി.സി.-യെ ഏൽപിക്കാൻ ഗവണ്മെന്റ് തീരുമാനിക്കുന്ന കാലം വിദൂരമല്ല. കാർഷികോൽപ്പാദനവു മായി ബന്ധപ്പെട്ട് കാർഷിക വിളകൾക്ക് രോഗം ബാധിച്ചപ്പോൾ അതിന്റെ ചുമതല ഏൽപ്പിച്ചത് വെയർഹൗസിംഗ് കോർപ്പറേഷനെയാണ്. ലജ്ജാകരമായിട്ടുള്ള നടപടി കളാണ് കാർഷിക മേഖലയിൽ നടന്നുവരുന്നത്. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചു. കാർഷിക മേഖലയ്ക്ക് ഈ ബഡ്ജറ്റിലൂടെ ഇരുട്ടടിയാണ് കിട്ടിയത് എന്ന്. കാർഷികാദായ നികുതി വളരെ നിശബ്ദമായി ഇവിടെ അവതരിപ്പിച്ചി രിക്കുകയാണ്. 40,000 രൂപ പ്രതിവർഷം വരുമാനമുള്ളവർക്ക് 10 ശതമാനം നികുതി. ഒരു ലക്ഷം രൂപവരെയുള്ളവർക്ക് 20 ശതമാനം നികുതി. ഒരു ലക്ഷം രൂപയ്ക്ക് മുക ളിൽ വരുമാനമുള്ളവർക്ക് 30 ശതമാനം നികുതിയാണ്. കേരളത്തിൽ ഒന്നേകാൽലക്ഷം രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർക്കുവരെ ഇവിടെ നികുതി കൊടുക്കേണ്ട. പക്ഷേ. 40,000 രൂപ കിട്ടുന്ന പാവപ്പെട്ട ദരിദ്രനാരായണൻമാരായ കൃഷിക്കാരുടെമേൽ 10 ശതമാനം മുതൽ നികുതി അടിച്ചേൽപ്പിക്കുന്ന, കൃഷിക്കാരന്റെ നട്ടെല്ല് ഒടിക്കുന്ന ഒരു സമീപനവുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുമായിരിക്കും, അദ്ദേഹം ഈ രംഗത്ത് പരിണിതപ്രജ്ഞനാണെന്ന്. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നമാണ് ലോട്ടറി നിരോധനം.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> എം.എൽ.എ.-മാർക്കെല്ലാം കാര്യങ്ങൾ പറഞ്ഞുകൊ ടുത്ത് പ്രസംഗിപ്പിക്കുന്ന ഒരു സംവിധാനം പണ്ട് ഉണ്ടായിരുന്നു. കുറച്ച് കാര്യങ്ങൾ മനസ്സിലാക്കിവന്ന് പറയുമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം ബഡ്ജറ്റ് പ്രസംഗത്തിന് കടകവിരുദ്ധമാണെന്നറിയാമോ? തൊഴിലില്ലായ്മയ്ക്ക് ഒരു പൈസ വച്ചിട്ടില്ല, കാർഷികാദായ നികുതി കൂട്ടി എന്നൊക്കെ. ഇതൊക്കെ കുറച്ചിരിക്കുയാണ് സുഹൃത്തേ.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തൊഴി ലില്ലായ്മയെക്കുറിച്ച് പറയുന്നത് എവിടെയാണെന്ന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറഞ്ഞുതന്നാൽ കൊള്ളാം.

<u>ശ്രീ. പി. സി. ജോർജ്:</u> ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പല പ്രാവശ്യ മായി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ വളരെ സത്യസ ന്ധമായി ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിച്ചപ്പോൾ അതിനെ വ്യതിചലിപ്പിക്ക ത്തക്ക രീതിയിൽ സത്യവിരുദ്ധമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവന നടത്തിയത് ശരിയാണോ സാർ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുതന്നെ അറിയാം. അദ്ദേഹം തൊഴിലില്ലായ്മയെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെ നെൽപ്പാടങ്ങളിൽ യുവാക്കളെക്കൊണ്ട് കൃഷിയിറക്കിച്ച് ഒരു ലക്ഷംപേർക്ക് തൊഴിൽ കൊടുക്കുമെന്നാണ് പറയുന്നത്. അത് നടക്കാൻ പോകുന്നതല്ലെന്ന് അദ്ദേഹത്തിനറിയാം. അതാണ് അദ്ദേഹം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രശ്നമായി പറയുന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അത് അദ്ദേഹം മറുപടി പറയുമ്പോൾ പറയട്ടേ! ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ലോട്ടറി നിരോധനം. ലോട്ടറി നിരോധനത്തെ സംബന്ധിച്ച് കേരളത്തിൽ വലിയ പ്രശ്നങ്ങൾ ഉയർന്നുവന്നു. കേരളത്തിലെ പ്രതിപക്ഷ നേതാക്കൾ ഉൾപ്പെടെയുള്ള ആളുകൾ ഈ സഭയിൽ ഉന്നയിച്ചു. കേരളത്തിലെ പ്രതിപക്ഷ നേതാക്കന്മാരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അടക്കമുള്ള ആളുകൾ ചർച്ച ചെയ്തു. പ്രതിപക്ഷ നേതാക്കന്മാരുമായുള്ള യോഗത്തിൽ ഗവണ്മെന്റ് പറഞ്ഞത്, ലോട്ടറി എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നാണ്. എന്നാൽ, ഈ ബഡ്ജറ്റ് വന്നപ്പോൾ അദ്ദേഹം പുനരധിവാസത്തിലേയ്ക്ക് കടന്നു. കാരണം യു.ഡി.എഫ്. ഗവണ്മെന്റിന് മുമ്പ് ഒരു അനുഭവമുണ്ട്. മുമ്പ് ബഹുമാന്യനായ കെ. കരുണാകരനെ താഴെ ഇറക്കിയിട്ട് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയപ്പോൾ അന്ന് ഒരു നിരോധനം ഈ കേരളത്തിൽ കൊണ്ടുവന്നു. ഏറ്റവും പെട്ടെന്ന് വീണ്ടും കേരളത്തിൽ അധികാരത്തിൽ എത്തുന്നതിന് ചാരായ നിരോധനം നടത്തിയാൽ മതിയെന്ന് അന്നത്തെ യു.ഡി.എഫ്. ഗവണ്മെന്റ് തെറ്റിദ്ധരിച്ചു. ചാരായ നിരോധനം നടത്തി. അതിന്റെ ഫലമായി പതിനയ്യായിരം തൊഴിലാളികളെയാണ് തെരുവാധാരമാക്കിയത്. എത്രയോ ചാരായ തൊഴിലാളികൾ ആത്മഹത്യ ചെയ്തു. എന്നാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വന്നപ്പോൾ 50 കോടി രൂപ .....(ബഹളം)..... നിഷേധിക്കാമോ ഷാജുവിന്? കേരളത്തിന്റെ ഖജനാവിൽനിന്നും 50 കോടി രൂപയാണ് നിങ്ങൾ തെരുവിലെറിഞ്ഞ ചാരായത്തൊഴിലാളികൾക്ക് ആശ്വാസമായി നൽകിയത്. എന്നിട്ടും ഇപ്പോൾ ഷാജുവിന് നാണമില്ലേ? ശ്രീ. രാജൻ ബാബു പ്രസംഗിച്ചല്ലോ? ഒരു വകയും ചെയ്തില്ല, പുനരധിവാസത്തിനുവേണ്ടി ഒരു നടപടിയും സ്വീകരിച്ചില്ല എന്ന് ശ്രീ. എ. എൻ. രാജൻ ബാബുവിന് ഇവിടെ പ്രസംഗിക്കേണ്ടിവന്നു. ഇവിടെ രണ്ടര ലക്ഷം ലോട്ടറി തൊഴിലാളികളെ തെരുവാധാരമാക്കാൻവേണ്ടി ഈ ബഡ്ജറ്റിൽ വെറും 20 കോടി രൂപ നീക്കിവച്ചാണ് ശ്രമിക്കുന്നതെങ്കിൽ കേരളത്തിൽ അത് നടക്കാൻ പോകുന്നില്ല. ലോട്ടറി നിരോധനം സമയബന്ധിതമായി പിൻവലിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു തീയതിവച്ച് പ്രഖ്യാപിച്ചാലല്ലാതെ ഈ ലോട്ടറിയുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ പരിഹരിക്കപ്പെടാൻ പോകുന്നില്ല എന്ന് ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. 20 കോടി രൂപ എന്തിനാണെന്ന് ഞങ്ങൾക്ക് അറിയാം. ഇവരെ തെരുവാധാരമാക്കാനാണ്. നിങ്ങൾ പറയുന്നുണ്ടല്ലോ, 10,000 രൂപ വച്ച് നൽകും, ബാങ്ക് ലോൺ നൽകും എന്നൊക്കെ. നിങ്ങൾ ഒന്നും നൽകാൻ പോകുന്നില്ല. കഴിഞ്ഞകാല അനുഭവം വച്ച് ഈ സഭയിലുള്ള എല്ലാപേർക്കും അറിയാം, നിങ്ങൾ അതൊന്നും ചെയ്യാൻ പോകുന്നില്ലെന്ന്. ഇതിൽനിന്നും എങ്ങനെയെങ്കിലും തലയൂരുക എന്നുള്ളതല്ലാതെ നിങ്ങൾക്ക് യാതൊരു

ലക്ഷ്യവുമില്ല. ഞാൻ ഒരു കാര്യം കൂടി പറയുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ഒരു ശുഭപ്രതീക്ഷ വന്നതാണ്. കേരളത്തിലെ തൊഴിലാളി സംഘടനകളെല്ലാം ആവശ്യപ്പെട്ടതാണ് ഇ.ആർ.സി. പിരിച്ചുവിടണമെന്ന്. ഇ.ആർ.സി. പിരിച്ചുവിട്ടു. നല്ല കാര്യം. ഇ.ആർ.സി. പിരിച്ചുവിട്ടതുകൊണ്ടുമാത്രം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ രക്ഷപ്പെടുമോ? ഇ.ആർ.സി. പിരിച്ചുവിട്ടതുകൊണ്ടു മാത്രം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ രക്ഷപ്പെടില്ല. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓരോന്നിനും നിങ്ങളെന്നും ഞങ്ങളെന്നും പറഞ്ഞതല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. സർക്കാരിന്റെ സഹായവും സർക്കാരിന്റെ പണവുമില്ലാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നേകാൽ ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ആ തൊഴിലാളികളെ ഈ സർക്കാർ വഞ്ചിച്ചിരിക്കുകയാണ്. കർഷക വിരുദ്ധമായ, യുവജനവിരുദ്ധമായ, കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്ക് വിരുദ്ധമായ ഈ ബഡ്ജറ്റിനെ ഞാൻ ഒന്നുകൂടി എതിർക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പരിണതപ്രജ്ഞനായ ഭരണാധികാരി എന്നുള്ള നിലയിൽ അതിശക്തനെന്ന് കഴിഞ്ഞകാല അനുഭവംകൊണ്ട് തെളിയിച്ചിട്ടുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. നമുക്ക് എല്ലാ പേർക്കും അറിയാവുന്നതുപോലെ ഇതൊരു പുതിയ അനുഭവമാണ്. ഒരു സമ്പൂർണ്ണ ബഡ്ജറ്റ് ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കുന്നു എന്നുള്ളത് ഈ നിയമസഭയുടെ ചരിത്രത്തിൽ ഒരു പ്രത്യേകതയാണ്. കഴിഞ്ഞ 30 വർഷങ്ങൾക്കകത്ത് അംഗങ്ങളായി ഈ സഭയിൽ കടന്നുവന്നിട്ടുള്ള ആളുകൾക്കും ഇത്തരം ഒരു അനുഭവം ഉണ്ടായിട്ടില്ല. 30 വർഷങ്ങൾക്ക് മുമ്പാണ് സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയ സാഹചര്യം ഉണ്ടായിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായി അപൂർവ്വമായ ഒരു അനുഭവം, സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കുക എന്നുള്ള ഒരു സമീപനമാണ് ഇവിടെ ഉണ്ടാകുന്നത്. ഇവിടെ ശ്രീ. മമ്മൂട്ടി അടക്കമുള്ള ആളുകൾ സൂചിപ്പിച്ചതുപോലെ യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനം സ്വീകരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അധിക നികുതിഭാരം ഇല്ലാതെ മനുഷ്യത്വപൂർവ്വമായ ഒരു സമീപനം ഈ ബഡ്ജറ്റിൽ ചെലുത്തിയിട്ടുണ്ട് എന്നുള്ളത് നമുക്കൊക്കെ അറിയാം. സാമ്പത്തികരംഗത്തെക്കുറിച്ച് വലിയ അവകാശവാദങ്ങളൊന്നുമില്ലാതെ വളരെ വ്യക്തമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. സാമ്പത്തികസ്ഥിതി കഴിഞ്ഞ 3 വർഷംകൊണ്ട് മെച്ചപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോഴുള്ള സ്ഥിതിവിശേഷം എന്തായിരുന്നുവെന്ന് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. 5 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ ഭരണത്തിൽ സാമ്പത്തികനില തകർന്ന് തരിപ്പണമായിരുന്നു എന്നുള്ള സത്യം എല്ലാപേർക്കും അറിയാവുന്ന വസ്തുതയാണ്. അവിടെനിന്നാണ് ഈ വളർച്ചയിലേയ്ക്ക് കടക്കാനുള്ള പരിമിതമായപരിശ്രമമെങ്കിലും നടത്തിയിരിക്കുന്നതെന്ന് അപ്പുറത്തിരിക്കുന്നവരും ഓർക്കേണ്ടതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നാണയപ്പെരുപ്പത്തിന്റെ നിരക്കിൽ കുറവ് വന്നിട്ടുണ്ടെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു. പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദന നിരക്ക് 6.5 ശതമാനമായി ഉയരുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ധനക്കമ്മി 5.33 ശതമാനത്തിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 5.28 ശതമാനമായി കുറഞ്ഞിട്ടുണ്ട്. റവന്യൂകമ്മി ബഡ്ജറ്റിൽ 4.69 ശതമാനം എന്നുള്ളത് 4.55 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. യാഥാർത്ഥ്യബോധത്തോടുകൂടി ഇക്കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. വിവിധ രംഗങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ ഈ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. കാർഷിക മേഖലയെ സംബന്ധിച്ച് വളരെ വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, കാർഷിക രംഗവുമായി ബന്ധപ്പെട്ട് വലിയ ആനുകൂല്യം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. 60,000 രൂപ വാർഷിക വരുമാനമുള്ള കൃഷിക്കാരൻ 6,000 രൂപ കാർഷികാദായ നികുതിയായി കൊടുക്കേണ്ടതാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഞാൻ സംസാരിച്ചുവരികയാണ്. ഇക്കാര്യത്തിൽ അടിവയ്ക്കേണ്ടതുണ്ടോ? 2005-06-ലെ കാർഷിക വികസന പദ്ധതികളടക്കം ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്തെ അടിസ്ഥാനമേഖല കാർഷികമേഖലയാണ്. അവിടെ ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകാനാവശ്യമായ ഒരു സംരംഭം അതിനുള്ള ഇച്ഛാശക്തി പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നടത്തിയിരിക്കുന്നത്. തരിശായിക്കിടക്കുന്ന നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കിക്കൊണ്ട് ഈ പരിപാടിയിലേക്ക് കടക്കുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അതിനുവേണ്ടി സമരം നടത്തിയ ആളുകളല്ലേ നിങ്ങൾ? വെട്ടിനിരത്തൽ ഉൾപ്പെടെ സമരം നടത്തി. വെട്ടിനിരത്തൽ നടത്തുമ്പോൾ തന്നെ നിലം കയ്യേറി പാർട്ടി ഓഫീസുകൾ വച്ചു. വെട്ടിനിരത്തലിനെതിരെ സമരം ചെയ്യുന്ന അംഗങ്ങൾ ഇക്കാര്യം വളരെ പുച്ഛത്തോടുകൂടി തള്ളുന്നത് ശരിയാണോ? തരിശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കി ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതി നടപ്പാക്കുമെന്നാണ് പറഞ്ഞത്. പതിനായിരം ഹെക്ടർ നെൽപ്പാടങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കാനുള്ള പദ്ധതിയാണ് ഗവണ്മെന്റ് ഇതിൽ വിഭാവന ചെയ്തിരിക്കുന്നത്. നഗരത്തിൽ നാട്ടിൻപുറം എന്ന പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെ ഭാവനാപൂർണ്ണമായ പദ്ധതികൾ ഉണ്ട്. കഴിഞ്ഞ കാലങ്ങളിലൊക്കെ മിതമായ നിരക്കിലെങ്കിലും പച്ചക്കറികൾ വീടുകളിൽ ഉൽപ്പാദിപ്പിക്കാനുള്ള ഒരു പരിശ്രമം നമ്മൾ നടത്തിയിരുന്നു. അങ്ങനെയാണ് നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തിയിരുന്നത്. ഇന്ന് അത് എല്ലാവരും ഉപേക്ഷിച്ചിരിക്കുന്നു. അതിലേക്ക് ഒരു തിരിച്ചു വരവിനുള്ള ശ്രമമാണ് നഗരത്തിൽ നാട്ടിൻപുറം എന്ന പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്ത് നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നമ്മുടെ തലസ്ഥാന നഗരിയിലുള്ള ആശുപത്രി എന്ന നിലയിൽ എല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടാകണമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദീകരണം നൽകുകയുണ്ടായി. ഗവർണ്ണറുടെ രോഗപരിചരണവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉയർന്നു വരികയുണ്ടായി. സൗകര്യങ്ങളുടെ കുറവിനെക്കുറിച്ചുള്ള വിമർശനങ്ങളുണ്ടായി. ലഭ്യമാക്കാവുന്ന എല്ലാ സൗകര്യങ്ങളും മെഡിക്കൽ കോളേജിൽ ലഭ്യമാക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് തീരുമാനമെടുത്തത്. അത് അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. അതിനെക്കുറിച്ചൊന്നും പ്രതിപക്ഷത്തുള്ളവർ ഒരു വാക്കുപോലും ഉരിയാടിയില്ല എന്നതാണ് സത്യം. നാട്ടിൻപുറങ്ങളിൽ സാധാരണക്കാരായ ജനങ്ങൾ ചികിത്സാ കാര്യങ്ങൾക്ക് ആശ്രയിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ പാടെ അവഗണിക്കുന്ന സ്ഥിതിയായിരുന്നു നേരത്തെ ഉണ്ടായിരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് അവിടെ ഉണ്ടായിരുന്ന ഡോക്ടർമാരുടെ പോസ്റ്റുകൾ പൂർണ്ണമായും നിരോധിച്ചത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് വളരെ മനുഷ്യത്വപൂർണ്ണമായി ഈ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടിയെടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് അറുന്നൂറ്റി ചില്വാനം ഡോക്ടർമാരെ പോസ്റ്റ് ചെയ്തുകൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഐ. പി. യൂണിറ്റുകൾ തുടങ്ങാനുള്ള തീരുമാനമെടുത്തത്. എന്റെ നിയോജക മണ്ഡലത്തിലെ ഒൻപത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏഴ് എണ്ണത്തിലും ഐ. പി. യൂണിറ്റ് ആരംഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ വന്നാണ് അത് ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നിഷേധിച്ചവയും ഇല്ലാതാക്കിയവയും അക്കൂട്ടത്തിലുണ്ട്. അത്തരത്തിലുള്ള ഒരു തീരുമാനം ഈ ഗവൺമെന്റ് സ്വീകരിച്ചു. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു അങ്ങ് ആരോഗ്യ വകുപ്പുമന്ത്രിയായി പ്രവർത്തിച്ച ആളാണ്. ആ രംഗത്ത് താങ്കൾക്ക് അനുഭവജ്ഞാനമുണ്ട്. ആ സമീപനം പിൻതുടർന്നുകൊണ്ട് ഈ മേഖല കുറെക്കൂടി ശക്തിപ്പെടുത്താൻ നടപടിയെടുക്കണം. കെട്ടിടം പണി പൂർത്തിയാക്കിയ താലൂക്ക് ആശുപത്രികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടി ചെയ്യണം. ഞാൻ ഇവിടെ സൂചിപ്പിച്ചു, മനുഷ്യത്വപൂർണ്ണമായ ഒരു സമീപനം ഈ ബഡ്ജറ്റിലുണ്ടെന്ന്. പല കാര്യങ്ങളിലും ഇത് കാണാൻ കഴിയും. വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനെപ്പറ്റി പറഞ്ഞിരിക്കുന്നു. അത് ഒരു വലിയ കാര്യമല്ലേ? വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ജെറിയാട്രിക് വാർഡ്, വൃദ്ധസദനങ്ങൾ എന്നിവ നിർമ്മിക്കുമെന്ന് പറഞ്ഞിരിക്കുന്നു. കെയറിംഗ് ആന്റ് ഷെയറിംഗിന് വേണ്ടിയുള്ള പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷനുകളെ സംബന്ധിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് മൂന്ന് കേന്ദ്രങ്ങളുണ്ടാക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. വൃദ്ധജനങ്ങളുടെ വിലാപം കൊണ്ട് കേരളത്തിൽ യു.ഡി.എഫ്.-ന് നിൽക്കാൻ വയ്യാത്ത സ്ഥിതി ഉണ്ടായിരിക്കുന്നു. അങ്ങനെയുള്ളവർക്ക് സംരക്ഷണം കൊടുക്കണം. യു.ഡി.എഫ്.-നകത്ത് സംരക്ഷിക്കേണ്ടവരെ സംരക്ഷിച്ചിട്ട് പോരേ നാട്ടുകാരായ വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ? .....(ബഹളം).....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വയസ്സ് വച്ചാണ് വൃദ്ധജനങ്ങളെ വിവക്ഷിക്കുന്നതെങ്കിൽ വി.എസ്.അടക്കം ആർക്കൊക്കെ പരിഗണന കിട്ടണമെന്നുള്ളത് വ്യക്തമാക്കിയിട്ട് യു.ഡി.എഫ്.-ന്റെ നിലപാട് വ്യക്തമാക്കാം. അതുകൊണ്ട് ആ വിഷയങ്ങളിലേക്ക് കടക്കരുത്. കാർഷികാദായ നികുതിയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. അതിൽ ചില അവ്യക്തതകളുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. അക്കാര്യത്തിൽ വളരെ ഉദാരമായ ഒരു സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. പഴയത് വേണമെങ്കിൽ പഴയത് എന്നുള്ള കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ തന്നെ ഉണ്ടാകണം. മറ്റൊരു കാര്യം ഇതിൽ 37-ാമത്തെ പേജിൽ സ്റ്റാമ്പ് ഡ്യൂട്ടിയെക്കുറിച്ച് പറയുന്നുണ്ട്. 2003 ഡിസംബറിൽ നിയമസഭ പാസ്സാക്കിയ നിയമം ആ നിലയിൽ കുറവ് റദ്ദാക്കി കൊണ്ടുവരുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഭേദഗതി ചെയ്ത സ്റ്റാമ്പ് ഡ്യൂട്ടിക്കും സർചാർജ്ജിനും 2003 ഡിസംബറിന് മുമ്പുണ്ടായിരുന്ന നിരക്ക് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അതിലുള്ള ചരിത്രപരമായ പശ്ചാത്തലം അങ്ങ് പരിശോധിക്കണം. നിലവിലുള്ള നിയമങ്ങൾ പഠിച്ച് അവയിലെ കുറവുകൾ പരിഹരിക്കുന്നതിന് ശ്രീ. എ. കെ. ആന്റണിയുടെ ഗവണ്മെന്റ് ലാ റിഫോംസ് കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. നിയമ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ചെയർമാനായ പ്രസ്തുത സമിതി വ്യക്തമായ പഠനങ്ങൾക്കുശേഷം പല നിയമങ്ങളും ഭേദഗതി ചെയ്യുകയാണ്. അതിൽ ഒന്നാണ് സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കണമെന്ന ശുപാർശ. അത് കേരളത്തിലെ എല്ലാ ആളുകളും സ്വാഗതം ചെയ്തതാണ്. ആ റിപ്പോർട്ട് ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിൽ വിശദമായ ചർച്ചകൾക്കുശേഷം ക്യാബിനറ്റ് അത് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2003 ഡിസംബറിൽ ഭേദഗതി നിയമം പാസ്സാക്കുകയും ചെയ്തു. സ്റ്റാമ്പ് ഡ്യൂട്ടി 8.5 ശതമാനത്തിൽ നിന്ന് 4 ശതമാനമായും സർച്ചാർജ്ജ് 5 ശതമാനത്തിൽ നിന്ന് 2 ശതമാനമായും കുറയ്ക്കുകയും ചെയ്തു. അത് പുനഃസ്ഥാപിക്കുന്നതിന് രണ്ടു തവണ അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡ്യൂട്ടി കുറയ്ക്കുക എന്നുള്ളത് ഇൻഡ്യാ ഗവണ്മെന്റ് പ്രഖ്യാപിച്ചിരിക്കുന്ന പോളിസിയാണ്. അതിന് ഇൻസെന്റീവ് കൊടുക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. 500 കോടി രൂപയുടെ ഇൻസെന്റീവ് ഫണ്ട് കേന്ദ്രസർക്കാർ അതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. അർബൻ റിഫോംസ് ഇൻസെന്റീവ് ഫണ്ട് എന്നപേരിൽ രൂപീകരിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് ഒരു നിശ്ചിത ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇൻഡ്യാഗവൺമെന്റ് തന്നെ സ്വീകരിച്ചിട്ടുള്ള പോളിസിയാണ് അത്. ഇക്കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കുറവ് വരുത്തിയതിനുശേഷമുള്ള കണക്ക് പരിശോധിച്ചാലും വരുമാനം കുറയുകയല്ല, കൂടുകയാണ് ചെയ്തതെന്ന് മനസ്സിലാകും. 2003-ലെ actuals എന്നുപറയുന്നത് 377.33 കോടി രൂപയാണ്. 2004-05-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 509.81 കോടി രൂപയാണ്. നേരത്തെയുള്ള നിരക്കനുസരിച്ച് 377 കോടി രൂപ ആക്ച്വലായി ലഭിച്ച സ്ഥാനത്ത് റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ച് ഇത് കുറച്ചശേഷം ഇക്കഴിഞ്ഞ വർഷം 509 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. എന്നുപറഞ്ഞാൽ ഇക്കാര്യത്തിലുള്ള ഇവേഷൻ ഒഴിവാക്കാനും അതുപോലെ അണ്ടർ വാല്യുവേഷൻ അനുസരിച്ചുള്ള കുറവ് ഒഴിവാക്കാനും കഴിയും. അതുകൊണ്ട് ഇതിനകത്തെ വർദ്ധനവാണ് കുറച്ചത്. സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതനുസരിച്ചുള്ള വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്ന സമീപനം ഇക്കാര്യത്തിൽ ഉണ്ടാകരുതെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ശ്രീ. രംഗരാജൻ ചെയർമാനായ പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ വന്നിട്ടുണ്ട്. ആ ശുപാർശയിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദോഷകരമായ ചില പ്രഖ്യാപനങ്ങളുണ്ട്. നമ്മൾ ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ വളരെയേറെ മുന്നോട്ട് പോയി. വെറുതെ മുന്നോട്ട് പോയതല്ല. നമ്മുടെ സംസ്ഥാനത്തെ ബഡ്ജറ്റിന്റെ ഒരു വലിയ ഭാഗവും നീക്കിവച്ച് കേരളം അക്ഷീണം യത്നിച്ച് ഉണ്ടാക്കിയെടുത്ത നേട്ടമാണ്. ആ നേട്ടം ഉണ്ടായതിന്റെ പേരിൽ നമ്മൾ ശിക്ഷിക്കപ്പെടുന്നത് ശരിയാണോ? ആ നേട്ടം കൈവരിച്ചതുകൊണ്ട് നമുക്ക് ആനുകൂല്യങ്ങൾ ലഭിക്കില്ലെന്ന് പറയുന്ന സമീപനം അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ കാര്യമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണം. മറ്റ് സംസ്ഥാനങ്ങൾ ഈ നിലയ്ക്ക് മുന്നോട്ട് വന്നില്ല. നമ്മൾ ആ രംഗത്ത് മുന്നോട്ട് പോയി എന്നുള്ളത് നമ്മുടെ കുറ്റമായി കണ്ടുകൊണ്ട് നമ്മൾ ശിക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തിന് എല്ലാ കാര്യങ്ങളിലും എതിർപ്പ് പ്രകടിപ്പിക്കുന്ന സമീപനം മാത്രമാണുള്ളത്. വികസന കാര്യങ്ങളിലും എല്ലാം എതിർക്കുകയാണ്. മൂക്ക് മുറിച്ചും ശകുനം മുടക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പരാതി പറയുന്നവർ സ്വകാര്യ നിക്ഷേപങ്ങൾ എന്ന് പറഞ്ഞത് അംഗീകരിക്കാൻ തയ്യാറാകുന്നില്ല. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി പറഞ്ഞു, നമ്മൾ മാർക്സിസ്റ്റുകാരാണ് മന്ദബുദ്ധികളല്ല, അതുകൊണ്ട് പശ്ചിമ ബംഗാളിലേക്ക് നിക്ഷേപങ്ങൾ വരട്ടേയെന്ന്. എന്നാൽ ഇവിടെയുള്ളവർ എതിർക്കുകയാണ്. എല്ലാ വികസന സംരംഭങ്ങളേയും എതിർത്തുകൊണ്ട് കേരളത്തിൽ ഒന്നും നടക്കരുതെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നത്..... മൈക്ക് ഓഫ്.....ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി കൊടുത്ത ശുപാർശക്കെതിരായി ഗവൺമെന്റിനെ വിമർശിക്കുന്ന സ്ഥിതിവിശേഷം ഇന്ന് ഈ സഭയിൽ ഉണ്ടായി. ഇന്നലെ ഭൂപരിഷ്കരണം ചർച്ച ചെയ്ത അവസരത്തിൽ സർവ്വകക്ഷി യോഗത്തിൽ കൈക്കൊണ്ട, ഇവർ എല്ലാവരും ഒപ്പിട്ടുകൊണ്ട് എടുത്ത തീരുമാനത്തിനെതിരായി നിയമസഭയിൽ .....മൈക്ക് ഓഫ്.....

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത സമീപനം ശരിയല്ല. അതുകൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിനായി.....മൈക്ക് ഓഫ്..... സഹകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ഷാജു : ഞാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കംജി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായി പിൻതാങ്ങുകയാണ്. കേരളത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും യാഥാർത്ഥ്യബോധത്തോടെ കണ്ടെത്തി അവയ്ക്ക് പ്രായോഗികമായ സമീപനങ്ങളിലൂടെ പരിഹാരം കാണാൻ ശ്രമിക്കുന്നു എന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ സവിശേഷത. പാളം തെറ്റിയ കേരളത്തിന്റെ സമ്പദ്ഘടനയെ നേർവഴിയിൽ എത്തിക്കാൻ യു. ഡി. എഫ്. ഗവൺമെന്റ് എടുത്ത അചഞ്ചലമായ തീരുമാനങ്ങൾ വിജയിച്ചു തുടങ്ങി എന്നുള്ള സന്ദേശം ഈ ബഡ്ജറ്റ് നമുക്ക് നൽകുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ക്രമേണ മെച്ചപ്പെടുന്നുവെന്നുള്ളതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 2002-03-ൽ 4116.66 കോടി രൂപയായിരുന്നു റവന്യൂകമ്മി. 2003-04-ൽ 3680.30 കോടി രൂപയായി കുറഞ്ഞു എന്നുള്ളത് ഇതിന്റെ തെളിവാണ്. നികുതി പിരിവിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2001-ൽ 5870 കോടി രൂപയായിരുന്നത് 2002-ൽ 5923 കോടി രൂപയും 2003-ൽ 7302 കോടി രൂപയും 2003-04-ൽ 8032 കോടി രൂപയുമായി വർദ്ധിച്ചു. 2004-05-ൽ അത് സർവ്വകാല റിക്കാർഡായി ഉയരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ കാലയളവിൽ കേന്ദ്രവിഹിതവും നികുതി വിഹിതവും ഗ്രാന്റും കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തുള്ളതിനേക്കാൾ അധികമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 2002-ൽ 2589 കോടി രൂപയായിരുന്നത് 2003 ആകുമ്പോൾ 2653 കോടി രൂപയും 2004-ൽ അത് 2986 കോടി രൂപയുമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദന വളർച്ചാനിരക്ക് ആറര ശതമാനമായി വർദ്ധിക്കും എന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതീക്ഷ അസ്ഥാനത്തല്ല എന്നുള്ളത് തെളിയിക്കാൻ പോകുകയാണ്. സംസ്ഥാനത്തിന്റെ പൊതുകടം 37452 കോടി രൂപയായി വർദ്ധിച്ചുവെന്നാണ് അപ്പുറത്ത് പ്രസംഗിക്കുന്ന ആളുകൾ ഓരോ സന്ദർഭത്തിലും ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ കടബാദ്ധ്യത സൃഷ്ടിച്ചത് നിങ്ങൾ തന്നെയല്ലേ? നിങ്ങളുടെ പ്രസംഗം കേട്ടാൽ തോന്നുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി ഉണ്ടാക്കിയിട്ടുള്ള ബാദ്ധ്യതയാണെന്നാണ്. ആയിരം കോടി രൂപയാണ് സഹകരണ മേഖലയിൽ നിന്ന് ഇവർ കടം എടുത്തിരുന്നത്. അത് ഞങ്ങൾ തിരിച്ചടച്ചു. കരാറുകാരുടെ കുടിശ്ശിക പകുതിയിലധികം കൊടുത്തു. 2300 ഹയർ സെക്കന്ററി അദ്ധ്യാപകരെ നിങ്ങൾ നിയമിച്ചു. ഞങ്ങൾ ശമ്പളം കൊടുത്തു. നിങ്ങൾ അവരിൽനിന്ന് കിമ്പളം വാങ്ങി. ഞങ്ങൾ അവർക്ക് ശമ്പളം കൊടുത്തു. അതുപോലെ ലാബ് അസിസ്റ്റന്റുമാരെ നിങ്ങൾ നിയമിച്ചു. നിങ്ങൾ അവരോട് കിമ്പളം വാങ്ങി. ഞങ്ങൾ അവർക്ക് ശമ്പളം കൊടുത്തു. ഇപ്പോൾ ഞങ്ങൾ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഡി. എ. 11% വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഞങ്ങൾ കൊടുത്തു. അതിൽ 8% നേരത്തെ കൊടുത്തു. 3% കൊടുക്കാൻ പോകുകയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ബാദ്ധ്യത ഞങ്ങളുടെ ഗവൺമെന്റ് ഏറ്റെടുത്തു. നിങ്ങൾ വാങ്ങിയ വായ്പയും അതിന്റെ പലിശയും അടച്ച് തീർക്കാൻ ഞങ്ങൾക്ക് പുതിയ കടം

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങേണ്ടിവന്നു. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചുവെന്നുള്ളത് ശരിയാണ്. ഇതിന്റെ ഫലമായി നമ്മുടെ കേരളത്തിന്റെ സാമൂഹ്യ രംഗത്തും വികസന രംഗത്തും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ കണ്ണു തുറന്ന് നോക്കി കാണാൻ കണ്ണിനുള്ളിൽ രാഷ്ട്രീയ തിമിരം ബാധിച്ചതുകൊണ്ട് അപ്പുറത്തിരിക്കുന്നവർക്ക് കഴിയുന്നില്ല. മൂന്ന് നാല് വർഷങ്ങൾക്ക് മുൻപ് നമ്മളെല്ലാം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ റോഡുകളുടെ, പി. ഡബ്ല്യു. ഡി. റോഡുകളുടെ സ്ഥിതിയെക്കുറിച്ച് ആലോചിച്ചാൽ തന്നെ ചങ്ക് തകർന്ന് പോകും. അതിന് മാറ്റം വന്നില്ലേ? ആ രംഗത്ത് മാത്രമാണോ എല്ലാ രംഗത്തും മാറ്റമുണ്ടായി. ഈ മാറ്റം കാണാൻ ആരും തയ്യാറാകുന്നില്ല. കേരളത്തിന്റെ പദ്ധതിയടങ്കൽ സർവ്വകാല റിക്കാർഡായിട്ടാണ് വർദ്ധിച്ചിരിക്കുന്നത്. 5369 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. താൻ സ്വപ്ന ജീവിയല്ലെന്നും കേരളം നേരിടുന്ന പ്രശ്നങ്ങളെ അവധാനതയോടെ സമീപിച്ചില്ലെങ്കിൽ സർവ്വനാശമായിരിക്കും ഫലമെന്നും മനസ്സിലാക്കാൻ കഴിയുന്ന പ്രഗൽഭനായ ധനമന്ത്രിയാണ് കേരളത്തിൽ ഉള്ളത്. അദ്ദേഹം യാഥാർത്ഥ്യ ബോധത്തോടുകൂടി മലയാളിയെ മുന്നോട്ട് നയിക്കാൻ ശ്രമിക്കുകയാണ്. പദ്ധതിയേതര ചെലവുകൾ കുറയുന്നതായാണ് ഈ ബഡ്ജറ്റിൽ മൊത്തത്തിൽ കാണാൻ കഴിയുന്നത്. അധിക സാമ്പത്തിക ബാദ്ധ്യത കുറയുകയാണ്. വികസനത്തിന് കൂടുതൽ പണം കണ്ടെത്താൻ വേണ്ടി പരിശ്രമിക്കുകയാണ്. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന നിരവധി പദ്ധതികൾ ഇതിനകത്തുണ്ട്. നിങ്ങൾ ഇതൊന്നും കാണാതിരിക്കുകയാണ്. ചെറിയ മരം കാണുന്നവർ വനം കാണാതിരിക്കുന്നു എന്നു പറഞ്ഞതു പോലെ. 3,80,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി അപ്പുറത്തിരിക്കുന്ന ആളുകൾക്ക് കാണാൻ കഴിയുന്നില്ല. കാർഷിക മേഖലയിലെ പ്രധാന പ്രശ്നമെന്നു പറയുന്നത് കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവാണ്. ഒരു ഭാഗത്ത് ഉൽപ്പാദനക്ഷമത കുറവാണ്. വേറൊരു ഭാഗത്ത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ അത് രോഗമാണ്. ഇൻഡ്യയ്ക്കകത്തും പുറത്തും കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങൾ യഥാർത്ഥത്തിൽ കൃഷിക്കാർക്ക് വേണ്ടത്ര എത്തിച്ചുകൊടുക്കാൻ നമുക്ക് കഴിയുന്നില്ല. ഈ വക പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുകയാണ്, നമ്മുടെ മണ്ണും പ്രകൃതിയും, നമ്മുടെ കാലാവസ്ഥയും, നദികളും എല്ലാത്തിനുമുപരി അഭ്യസ്തവിദ്യരായിട്ടുള്ള ചെറുപ്പക്കാരുടെ ലഭ്യതയും എല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തെ നന്നായി മുന്നോട്ട് നയിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ഇപ്പോൾ അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. കുറെയൊക്കെ മാറ്റം വന്നു. ആ മാറ്റങ്ങൾ കാണാതിരുന്നുകൂടാ. യു. ഡി. എഫ്. വന്നതിനുശേഷമാണ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്വാമിനാഥൻ കമ്മീഷനെ നിയോഗിച്ചത്. അപ്പുറത്തിരിക്കുന്ന ആളുകളുടെ വർത്തമാനം കേട്ടാൽതോന്നും നമ്മൾ വന്നതിനു ശേഷം ജനിച്ചയാളാണ് സ്വാമിനാഥൻ എന്ന്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് സ്വാമിനാഥൻ കമ്മീഷനെ നിയോഗിച്ചത്. ഇൻഡ്യാ ഗവൺമെന്റിന് ഡബ്ല്യു. ടി. ഒ.-യുടെ മുൻപിൽ അവതരിപ്പിക്കാൻ കഴിയുന്ന വ്യക്തമായിട്ടുള്ള കണക്കുകളും മറ്റുകാര്യങ്ങളും വിശദമായ റിപ്പോർട്ടുകളുമൊക്കെ നൽകാൻ കഴിയുന്ന രൂപത്തിൽ ഒരു കമ്മീഷനെ കൊണ്ടുവന്നത് ഞങ്ങളാണ്. ആ കമ്മീഷൻ റിപ്പോർട്ട് ഇവിടെ അംഗീകരിച്ചു. അതുമായി ബന്ധപ്പെട്ടുള്ള കുറെ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ തുടങ്ങി. വലിയ സാമ്പത്തിക ഞെരുക്കത്തിനിടയിലും ബഹുമാന്യനായ ധനമന്ത്രി കാർഷിക മേഖലയോട്

LIBRARY ARCHIVES Kerala Legislative Assembly

ആഭിമുഖ്യം പുലർത്തുന്ന തരത്തിലുള്ള ഒട്ടനവധി സമീപനങ്ങൾ ആ മേഖലയിൽ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും കാർഷിക മേഖലയുടെ പ്രശ്നങ്ങൾ നമുക്ക് പൂർണ്ണമായും അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നില്ല. കാർഷിക മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുള്ള പരിശ്രമങ്ങളുടെ ഫലമായി പ്രധാനപ്പെട്ട കാർഷിക വിളകളുടെ വില വർദ്ധിച്ചു. നെല്ലിന്റെ വില വർദ്ധിച്ചു. റബ്ബറിന്റെ വില വർദ്ധിച്ചു. നാളികേരത്തിന്റെ വില വർദ്ധിച്ചു. പക്ഷേ മാർക്കറ്റിംഗ് ഇന്റർവെൻഷനുവേണ്ടി മാറ്റിവച്ചിട്ടുള്ള തുക പരിമിതമാണ്. നെല്ലിന്റെ കാര്യത്തിലാണെങ്കിൽ സബ്സിഡിക്ക് 15 കോടി രൂപ വേണം. നമ്മൾ അനുവദിക്കുന്നത് മൂന്ന് കോടി രൂപയാണ്. നെല്ല് സംഭരണത്തിന് പത്ത് കോടി രൂപ വേണം. നമ്മൾ മാറ്റി വയ്ക്കുന്ന പണം പോലും കൃത്യ സമയത്ത് കൊടുക്കാൻ കഴിയാതിരിക്കുന്നതുകൊണ്ട് ഈയടുത്തകാലത്ത്, ഇപ്പോൾ വിളവെടുക്കുന്ന കാലത്ത് നെല്ലിന് വില കുറഞ്ഞ സ്ഥിതിയുണ്ട്. അതുകൊണ്ട് മാറ്റി വയ്ക്കുന്ന പണം കൃത്യ സമയത്ത് ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് ബുദ്ധിമുട്ടുണ്ടാകും എന്നുള്ളത് തിരിച്ചറിയാൻ കഴിയണം. അതിന് മാറ്റം വരണമെന്നാണ് എനിക്ക് പറയാനുള്ളത്. വെയർ ഹൗസിംഗ് കോർപ്പറേഷനെ മണ്ടരി ബാധയ്ക്കെതിരായി മരുന്ന് തളിക്കുന്നതിന് ചുമതലപ്പെടുത്തിയതിനെതിരായി ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഇവിടെ പ്രസംഗിക്കുകയുണ്ടായി. മണ്ടരി രോഗത്തിന്റെ പ്രതിവിധി കണ്ടുപിടിക്കാൻ വേണ്ടിയിട്ടല്ല വെയർ ഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയത്. മറിച്ച് മരുന്ന് തളിക്കാൻ വേണ്ടിയിട്ടാണ്. മരുന്നു തളിക്കാൻ വേണ്ടി വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. പക്ഷേ രാധാകൃഷ്ണൻ ധരിച്ചത് മണ്ടരി രോഗത്തിന് പ്രതിരോധം കണ്ടുപിടിക്കാൻ വെയർ ഹൗസിംഗ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുന്നുവെന്നാണ്. ഈ രൂപത്തിലാണ് ഇവർ പ്രശ്നങ്ങളെ കാണുന്നത്. ഇതു സംബന്ധിച്ച് പ്രത്യേകിച്ചൊന്നും ഞാൻ പറയുന്നില്ല. യു. ഡി. എഫ്. ഭരണത്തിൽ വന്നതിനുശേഷമാണ് കാർഷിക വിളകൾക്ക് വില വർദ്ധനവുണ്ടാകുന്നതെന്ന് സമ്മതിച്ചു തരാൻ അപ്പുറത്തിരിക്കുന്നവർ തയ്യാറാകുന്നില്ല. അവർ പറയുന്നത് അവർ പ്രതിപക്ഷത്തിരിക്കുന്നതുകൊണ്ടാണ് വില വർദ്ധിച്ചിരിക്കുന്നതെന്നാണ്. ഒരർത്ഥത്തിൽ അത് ശരിതന്നെയാണ്. അവർ പ്രതിപക്ഷത്ത് പോയതുകൊണ്ടാണ് നെല്ലിന്റേയും റബ്ബറിന്റേയും നാളികേരത്തിന്റേയും ഒക്കെ വില വർദ്ധിച്ചത്. അതിൽ തർക്കമില്ല. അതുപോലെ ആദിവാസി പ്രേമം, അതെന്തു പ്രേമമാണ്? ഭരിക്കുന്ന സമയത്ത് ആദിവാസികൾക്ക് താമസിക്കാൻ വാസയോഗ്യമല്ലാത്ത കരിങ്കൽ ഭൂമി നൽകി അവരെ വഞ്ചിച്ച ആളുകളാണ് ആദിവാസികൾക്ക് വേണ്ടി സമരം ചെയ്യുന്നത്.

ശ്രീ. പി. ടി. തോമസ്: ആദിവാസികൾക്കൊക്കെ പതിച്ചുകൊടുക്കുവാൻ വച്ചിരുന്ന കുറെ ഭൂമി മുൻ അഡ്വക്കേറ്റ് ജനറൽ എം. കെ. ദാമോദരന് പതിച്ചുകൊടുത്തതായിട്ടും ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു പുഴ അടുത്തകാലത്ത് മഞ്ചേശ്വരത്ത് പതിച്ചുകൊടുത്തതായും വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. കെ. കെ. ഷാജു: ഉണ്ട്. സർ, ആദിവാസികൾക്ക് മാത്രമല്ല, നാട്ടിൻപുറത്ത് എവിടെയെല്ലാം പുറമ്പോക്കുണ്ട് അതെല്ലാം പതിച്ചെടുത്തിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly

സി. പി. ഐ.-ക്കാരും, സി. പി. എം.-കാരും എടുത്തിട്ടുണ്ട്. എവിടെയൊക്കെ പാർട്ടി ഓഫീസ് വച്ചിട്ടുണ്ടോ അതൊക്കെ പൊതുവായിട്ടുള്ള സ്ഥലത്താണെന്ന് കാണാൻ കഴിയും. ഭൂമിയും പുഴയും മാത്രമല്ല, ആദിവാസികൾക്ക് ഭൂമി കിട്ടാൻവേണ്ടി എന്ന പേരിൽ നിക്ഷിപ്തവനമേഖലയിൽ, Reserve Forest-ൽ ആദിവാസികളെക്കൊണ്ട് സമരം നടത്തിയാൽ കേന്ദ്രഗവണ്മെന്റ് അത് ഒരിക്കലും തരില്ല എന്നറിയാമെന്നിരിക്കെ നിങ്ങൾ നടത്തുന്ന സമരം ആദിവാസികളെ തുലയ്ക്കാൻ വേണ്ടിയാണ് .

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയൊക്കെ മനസ്സിലാക്കിക്കൊണ്ടുള്ള സമീപനങ്ങളാണ് സ്വീകരിക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ എന്റെ മണ്ഡലത്തിൽ ഇന്നത്തെ മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു ഒൺമാൻ ട്രഷറി ആരംഭിച്ചു. ആ ട്രഷറിയെ അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ തന്നെ സബ് ട്രഷറിയായി ഉയർത്തുമെന്ന റിപ്പോർട്ട് അങ്ങയുടെ പക്കലുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് പ്രസംഗത്തിലെ മറുപടിയിൽ നൂറനാട് ഒൺമാൻ ട്രഷറി കൂടി സബ് ട്രഷറിയായി ഉയർത്തുമെന്നുള്ള ഒരു പ്രഖ്യാപനം കൂടി നടത്തണമെന്ന് ഞാൻ ആഭ്യർത്ഥിക്കുന്നു. ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കഴിഞ്ഞദിവസം ശ്രീ. കോവൂർ കുഞ്ഞുമോൻ തന്റെ പ്രസംഗത്തിൽ ശ്രീ. രാജൻ ബാബുവിനെ ചിലത് പറഞ്ഞു. ശ്രീ. കോവൂർ കുഞ്ഞുമോനൊക്കെ ധരിച്ചുവച്ചിരിക്കുന്നത് ശ്രീ. രാജൻ ബാബുവിനെതിരായി പ്രസംഗിച്ചാൽ എന്തെങ്കിലും നേട്ടം ഉണ്ടാകുമെന്നാണ്. അതുപോലെ ജേക്കബിന്റെ കാര്യവും, പിള്ള ഗ്രൂപ്പിന്റെ കാര്യവും ഒക്കെ അപ്പുറമിരുന്നു മുറയ്ക്കു പറയുന്നുണ്ട്. ഇതൊക്കെ കേൾക്കുമ്പോൾ കുരങ്ങൻ അപ്പം പങ്കുവച്ച പഴയ കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. സി.പി.ഐ.-യേയും, ആർ. എസ്. പി.-യേയും, സി. പി. എം. കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് അങ്ങിനെയാണ്. കൊല്ലത്തെ കാര്യം അറിയാമല്ലോ. കൊല്ലത്ത് നേരത്തെ എം. പി. ആയിരുന്ന പ്രേമചന്ദ്രന്റെ സ്ഥിതി മറക്കരുത്.....(മൈക്ക് ഓഫ്).....ഇപ്പോൾ കരുനാഗപ്പള്ളിയിൽ സി. പി. ഐ.-ഉം, സി. പി. എം.-ഉം വാശി പിടിക്കുന്നത് മനസ്സിലാക്കാം. ഈ മാർക്സിസ്റ്റ് പാർട്ടി കരുനാഗപ്പള്ളിക്കുവേണ്ടി വാദിക്കുന്നതും, സി. പി. ഐ. വാദിക്കുന്നതും മനസ്സിലാക്കാം. എള്ള് ഉണങ്ങുന്നത് എണ്ണയ്ക്ക് വേണ്ടിയാണ്. പക്ഷേ ശ്രീ. കോവൂർ കുഞ്ഞുമോൻ എന്തിനാണ് വാദിക്കുന്നത് ? അതാണെനിക്ക് അറിയാൻ പാടില്ലാത്തത്. നമ്മുടെ സംസ്ഥാനത്ത്.....(മൈക്ക് ഓഫ്).....യു.ഡി.എഫ്.ഗവണ്മെന്റ് അതിന്റെ അമരത്ത് നിന്നുകൊണ്ട് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി കേരളത്തിന്റെ പുരോഗതിക്കും വികസനത്തിനും സുസാദ്ധ്യമായിട്ടുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ആ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. വർഷാരംഭത്തിൽ തന്നെ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് കഴിഞ്ഞ 32 വർഷമായി പാളം തെറ്റി ഓടിക്കൊണ്ടിരുന്ന കേരളത്തിന്റെ വികസന രംഗത്ത് പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കാനും 12 മാസം കൊണ്ടുതന്നെ അവ പൂർത്തിയാക്കാനും സമയം ലഭിക്കുന്ന ഈ വ്യതിയാനം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വലിയ നേട്ടങ്ങൾക്ക് വഴിതെളിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി വച്ചുനോക്കുമ്പോൾ അനാവശ്യച്ചെലവുകൾ കുറയ്ക്കുന്നതിനും, റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും, സാധാരണക്കാരെ വേദനിപ്പിക്കാതെയുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. വ്യത്യസ്തമായ സ്ഥാനങ്ങളിലിരുന്ന് വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത് കഴിവും, മികവും തെളിയിച്ച വിദഗ്ദ്ധ കൈകൾകൊണ്ടുതന്നെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചതും. കയ്യടിക്കുവേണ്ടിയുള്ള ചെപ്പടിവിദ്യകൾ ഒന്നുമില്ലാതെ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഈ ബഡ്ജറ്റ് കേരളത്തിന്റെ സാമ്പത്തികരംഗം സജീവമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 31-3-2004-ൽ 37,452 കോടി രൂപയാണ് നമുക്ക് പൊതു കടമുള്ളത്. 2002-03 വർഷത്തേക്കാൾ 20% കൂടുതലാണ്. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിന്റെ റവന്യൂ ചെലവ് കുറയ്ക്കുന്നതിനും, ഗവണ്മെന്റ് ജീവനക്കാർക്ക് 11% ക്ഷാമബത്ത അനുവദിക്കുന്നതിനും പദ്ധതിവിഹിതം വർദ്ധിപ്പിക്കുന്നതിനുമാണ് ഈ അധികത്തുക ചെലവാക്കിയിട്ടുള്ളത്. മാത്രമല്ല, ത്രിതലപഞ്ചായത്തുകൾക്ക് 1375 കോടി രൂപ നീക്കിവച്ചിട്ടുള്ളത് ഗ്രാമങ്ങളുടെ ശാക്തീകരണത്തിന് വഴിതെളിക്കുമെന്നതിന് ഒരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവർ 21 ശതമാനത്തോളമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലൂടെ, കുടുംബശ്രീയിലൂടെ, മൈക്രോ സംരംഭങ്ങൾ വഴി 50000 തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ ബഡ്ജറ്റിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ കാർഷികമേഖലയിൽ 1 ലക്ഷം ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വഴിയൊരുക്കിയിട്ടുള്ളത് അഭിനന്ദനീയമാണ്. ഖാദി, കയർ, തഴപ്പായ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ നികുതി പിൻവലിച്ചത് ആഗോളവൽക്കരണത്തിന്റെ മൽസരത്തിൽ അവയ്ക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്ന ഒരു വലിയ സഹായമാണ്. ആഡംബര നികുതിയെന്നത് ശ്ലാഘനീയമാണ്. പക്ഷേ അതിന്റെ പരിധി 3000-ൽ നിന്ന് 5000 എങ്കിലും ആക്കി വർദ്ധിപ്പിക്കണം. വീട്ടുമുറ്റത്ത് ഒരു പന്തൽകെട്ടി അവിടേയ്ക്കുള്ള മേശ, കസേര മറ്റെല്ലാ വസ്തുവകകൾ എന്നിവ കൊണ്ടുവരുന്നതിന് സാധാരണ പതിനായിരം രൂപ ചെലവ് വരുന്നതാണ്. ഗ്രാമങ്ങളിലൊക്കെ പതിനായിരം രൂപ കൊടുക്കാതെ സാധാരണ ചെറിയ ഹാൾ പോലും വിവാഹത്തിന് ലഭിക്കുന്നില്ല. അതുകൊണ്ട് നികുതി കണക്കാക്കുന്നതിന്റെ പരിധി 3000 രൂപയിൽനിന്ന് 5000 രൂപയാക്കി വർദ്ധിപ്പിക്കണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ബഡ്ജറ്റിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം വിദ്യാഭ്യാസരംഗത്ത് നീക്കിവച്ചിട്ടുള്ള സഹായങ്ങളാണ്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 35 കോടിയും സെക്കണ്ടറി വിദ്യാഭ്യാസത്തിന് ഒന്നര കോടിയും നീക്കിവച്ചിട്ടുള്ളത് വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റം ഉണ്ടാക്കാൻ പ്രത്യേകിച്ച് സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വലിയ മാറ്റം ഉണ്ടാക്കാൻ സഹായകരമായിരിക്കും. ഗവൺമെന്റ് ലാബുകളിൽ വില കൂടിയ ഉപകരണങ്ങൾ പോലും ഉണ്ടാകാറില്ല. പലപ്പോഴും അദ്ധ്യാപകർ ചോക്ക് ചൂണ്ടി കാണിച്ചുകൊണ്ട് suppose this is a test tube എന്നൊക്കെ പറഞ്ഞിട്ടാണ് സർക്കാർ ലാബുകളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കാറുള്ളത്. അങ്ങനെയുള്ള സർക്കാർ ലാബുകളിൽ 5 കോടി രൂപ ലാബ് വികസനത്തിന് നീക്കി വച്ചിട്ടുള്ളത് വലിയ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. പ്രത്യേകിച്ച് സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഗ്രാമീണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇത് വളരെയേറെ സഹായം ചെയ്യുന്ന കാര്യമാണ്. എം.എൽ.എ.ഫണ്ട് 60 ലക്ഷമായി വർദ്ധിപ്പിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ നാട്ടിലെ സാധാരണക്കാരുടെ റോഡുകളും, ചെലവ് കുറഞ്ഞ പാലങ്ങളും അംഗൻവാടി കെട്ടിടങ്ങളും മറ്റ് സ്ഥാപനങ്ങളുമൊക്കെ ഉടനടി നിർവ്വഹിച്ചുകിട്ടാൻ എം. എൽ. എ. ഫണ്ടാണ് ഉയോഗിക്കാറുള്ളത്. നമ്മുടെ നാടിന്റെ ഏറ്റവും ശക്തമായ ചലനം ഈ എം. എൽ. എ. ഫണ്ടിലൂടെയാണ്, നിർമ്മാണപരമായ രംഗത്തിലൂടെ പുറത്തുവരുന്നത്. അതുകൊണ്ട് എം. എൽ. എ. ഫണ്ട് ഒരു കോടിരൂപയായി വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. തൃശൂരിലെ കാഞ്ഞാണിയിൽ എന്റെ മണ്ഡലത്തിൽ ഒരു സബ് ട്രഷറി അനുവദിച്ചത് നന്ദിപൂർവ്വം സ്മരിക്കുകയാണ്. അതേ സമയം തൃശൂർ ജില്ലയോട് ഈ ബഡ്ജറ്റ് അവഗണന കാണിച്ചുവെന്നാണ് പൊതുവെയുള്ള അഭിപ്രായം. തൃശൂർ ഒഴികെ എല്ലാ മെഡിക്കൽ കോളേജുകൾക്കും അങ്ങ് പണം നീക്കിവച്ചിട്ടുണ്ട്. തൃശൂർ മെഡിക്കൽ കോളേജ് ഉടനെ മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുമെന്ന് മാത്രമാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. അതിന് ആവശ്യമായ മുഴുവൻ തുകയും ഈ ബഡ്ജറ്റിൽ ഉടനടി അനുവദിക്കണമെന്ന് അപേക്ഷിക്കുകയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വലിയ തുക അങ്ങ് മാറ്റിവച്ചിട്ടുണ്ട്. എന്നാൽ നവജാത ശിശുവായ തൃശൂർ കോർപ്പറേഷനെക്കുറിച്ച് ഒരു കാര്യത്തിലും പരാമർശിക്കുന്നില്ല. തൃശൂരിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രോജക്ടിനെങ്കിലും അടിയന്തിരമായി പണം നീക്കിവയ്ക്കണമെന്ന് അപേക്ഷിക്കുകയാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന അച്ചടിഗ്രാമം തൃശൂരിൽത്തന്നെ സ്ഥാപിക്കുമെന്ന് അങ്ങ് വ്യക്തമാക്കണം. തൃശൂർ കേരളത്തിന്റെ സാംസ്ക്കാരികകേന്ദ്രം മാത്രമല്ല വിദ്യാഭ്യാസകേന്ദ്രം കൂടിയാണ് . ഒരു ലാ കോളേജും, 5 എഞ്ചിനീയറിംഗ് കോളേജുകളും മാളയിൽ പൂർത്തിയാക്കുന്നതുൾപ്പെടെ 4 മെഡിക്കൽ കോളേജുകളും അനേകം പ്രൊഫഷണൽ കോളേജുകളും എയ്ഡഡ് മേഖലയിലും സ്വാശ്രയ മേഖലയിലും ധാരാളം ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും തൃശൂരിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ഉടൻ ആരംഭിക്കാൻപോകുന്നു എന്ന് ബഡ്ജറ്റിൽപ്പറയുന്ന സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം എന്തുകൊണ്ടും തൃശൂർ തന്നെയായിരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാർഷിക രംഗത്ത് അങ്ങ് വലിയ മാറ്റം ഉണ്ടാക്കാൻ പരിശ്രമിക്കുന്നു. കാർഷിക രംഗത്തെ പുരോഗതിക്ക് ഈ ബഡ്ജറ്റ് വലിയ പരിഗണന നൽകിയിട്ടുണ്ട്. തെങ്ങ് കൃഷിക്ക് 64 കോടി രൂപയും ജൈവ കൃഷിക്ക് 2 കോടിരൂപയും കുരുമുളകിന് 20 കോടിരൂപയും നീക്കി വച്ചിട്ടുള്ളതും അഭിനന്ദനീയമാണ്. പതിനായിരം ഹെക്ടറിൽ പുതിയ നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നതിന് അങ്ങയെ പ്രത്യേകമായി അനുമോദിക്കുകയാണ്. ചെറുപ്പക്കാരിൽ കൃഷിയുടെ താൽപ്പര്യം ഉണ്ടാക്കുന്നതിനും, കാർഷികമേഖല കുറച്ചുകൂടി വിപുലീകരിക്കുന്നതിനും അതുവഴി സംസ്ഥാനത്തെ നെൽക്കൃഷിയുടെ അഭിവൃദ്ധിക്കും ഈ വലിയ നയം കാരണമായിത്തീരുമെന്ന് വിശ്വസിക്കുന്നു. കാർഷിക രംഗത്ത് അടിയന്തിരമായി പരിഹാരം കാണേണ്ടതും ബഡ്ജറ്റിൽ വകകൊള്ളിക്കേണ്ടതുമായ ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രാജ്യത്തെ 70% ജനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കർഷകരും, കർഷകത്തൊഴിലാളികളുമാണ്. അവരുടെ ഉപജീവനമാർഗ്ഗമാണ് കൃഷി. അതിനാൽ 70% ജനങ്ങളെ ബാധിക്കുന്ന പ്രശ്നം എന്നനിലയിൽ കാർഷികരംഗത്തിന് മുന്തിയ പരിഗണന, മറ്റുള്ള ഏത് സംസ്ഥാനത്തേക്കാളും നൽകണം. ഉയർന്ന കൂലിയും കാർഷികചെലവുകളുമുള്ള കേരളത്തിൽ കാർഷിക വിളകൾക്ക് സ്ഥിരമായി വില ലഭിക്കുന്നതിന് സ്ഥിരമായ സംവിധാനം ഉണ്ടാകണം. ത്യാഗം ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ ഇന്ന് വിറ്റഴിക്കാൻ സാഹചര്യമില്ല. നെല്ല് വിറ്റഴിക്കാൻ വഴിയില്ലാതെ കേരളത്തിലെ കർഷകർ വിഷമിക്കുന്നു. കുരുമുളകും, വാനിലയും കൊക്കൊയുമെല്ലാം ഈ അവസ്ഥയിലാണ്. കാർഷികവായ്പയുടെ പലിശ നിരക്ക് കുറയ്ക്കണം. 4 മുതൽ 6% വരെയാണ് വ്യവസായ വായ്പയുടെ പലിശ നിരക്ക്. എന്നാൽ കാർഷിക വായ്പയ്ക്ക് 13% ആണ് പലിശ. ഇത് അനീതിയാണ്. ഇത് കുറയ്ക്കാനുള്ള നടപടി ഉടനെ സ്വീകരിക്കണം.

സർ, വിള ഇൻഷ്വറൻസ് ശാസ്ത്രീയമായി പുന:സംഘടിപ്പിക്കണം. പ്രകൃതി ദുരന്തം കൊണ്ട് കൃഷി നശിക്കുമ്പോഴോ ജോലി ചെയ്യാനാകാത്തവിധം രോഗിയായി തീരുമ്പോഴോ കടം എഴുതിത്തള്ളണം. കടമെടുത്ത കർഷകൻ നിർഭാഗ്യവശാൽ മരണപ്പെട്ടാൽ മറ്റു മാർഗ്ഗമില്ലാത്ത കുടുംബത്തെ രക്ഷിക്കാൻ കടം എഴുതിത്തള്ളുക മാത്രമല്ല, വ്യവസായ ശാലകളിൽ എന്നപോലെ ഫാമിലി പെൻഷൻ കൊടുക്കാവുന്ന രീതിയിൽ ഇൻഷ്വറൻസ് സ്കീം നവീകരിക്കണമെന്നുമാണ് ആവശ്യപ്പെടുന്നത്. കാർഷികമേഖലയിൽ കൊടുത്തുതീർക്കാനുള്ള മുഴുവൻ കടവും കൊടുത്തു തീർക്കാനായി ബഡ്ജറ്റിൽ സംഖ്യ വക കൊള്ളിക്കണം. കാർഷികാദായ നികുതി ഇളവ് 40,000-ത്തിൽ നിന്നും 50,000 രൂപയാക്കി വർദ്ധിപ്പിക്കണം. പുതിയതായി നിലവിൽ വരുന്ന VAT- നെക്കുറിച്ച് ഏറെ ആശങ്കകൾ ഉള്ളത് ചെറുകിട വ്യാപാരികൾക്കാണ്. അവരുടെ ഭയാശങ്കകൾ മാറ്റിയെടുക്കുന്നതിന് അവരുമായി തുറന്ന ചർച്ചകൾ നടത്താൻ തയ്യാറാകണം. ഏതു സ്ഥാനത്തിരുന്നാലും തൊട്ടതെല്ലാം പൊന്നാക്കുന്ന ഇച്ഛാശക്തിയുള്ള വക്കംജി-യുടെ ബഡ്ജറ്റിനെ ഞാൻ പ്രത്യേകം സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നു വിഭിന്നമായി സമ്പൂർണ്ണവർഷത്തെ പ്രവർത്തനങ്ങൾ വിഭാവന ചെയ്യുന്നതിനും പ്രായോഗികമാക്കാനും ആലോചിക്കുകയാണ്. ആദ്യകാലങ്ങളിലെ സപ്ളിമെന്ററി ബഡ്ജറ്റിനുശേഷം വിവിധ വകുപ്പുകളിലേയ്ക്ക് പണം എത്തിച്ചേരുമ്പോൾ ഏകദേശം ജനുവരിയാകും. മാർച്ച് 31-ാം തീയതിക്കുമുമ്പ് കോൺട്രാക്ടറെ ഓടിച്ചു പിടിച്ച് പലപ്പോഴും കാളിറ്റിയും കാണ്ടിറ്റിയും നോക്കാതെ പണി നടത്തി വളരെ മോശമായ രീതിയിലാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന പല പ്രവർത്തികളും നമ്മൾ ചെയ്തുതീർക്കുന്നത്. 31-ാം തീയതിക്കു മുമ്പ് ചെയ്തുതീർക്കാൻ സമയമില്ലാതെ വരുമ്പോൾ പലപ്പോഴും പണം ലാപ്സാകുന്ന അനുഭവങ്ങളും നമ്മുടെ മുന്നിൽ ഉണ്ട്. അതിന് വിരുദ്ധമായി സംസ്ഥാനത്തിന്റെ പൊതുവായ രേഖകളിൽ തങ്ക ലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു പുതിയ ബഡ്ജറ്റ്, അതും 12 മാസം പൂർണ്ണമായും ചെയ്തുതീർക്കാൻ ലഭിക്കുന്ന സമയം ലഭിച്ച, 32 വർഷത്തിനുശേഷം ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അവസരം ലഭിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്. കർഷകരുടെ കാര്യങ്ങൾ ഞാൻ പ്രത്യേകം പറയുന്നു. അത് വീണ്ടും ആവർത്തിക്കാൻ കാരണം, സംഘടിതമായ ഏതു വ്യവസായശാലകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചര ലക്ഷം വരുന്ന ഗവൺമെന്റ് ജീവനക്കാർക്കും മറ്റു പരമ്പരാഗത വ്യവസായങ്ങൾക്കും, അവരുടെ കാര്യങ്ങൾ പറയാൻ ഒരുപാട് ആളുകളും സംഘടനകളും തൊഴിലാളി നേതാക്കന്മാരും ഉണ്ട്. 70% വരുന്ന കാർഷിക മേഖലയിലെ ജനങ്ങൾക്കായി ബഡ്ജറ്റിൽ തുക മാറ്റിവയ്ക്കാനും കൊടുക്കാനുള്ള കടങ്ങൾ ഉടൻ കൊടുത്തുതീർത്ത് ആ മേഖലയെ ചലനാത്മകമാക്കാനും ശ്രദ്ധിക്കണമെന്നു മാത്രമാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അങ്ങയുടെ ബഡ്ജറ്റിനെ വളരെയേറെ ശ്ലാഘിക്കുകയും, അംഗീകരിക്കുകയും പൂർണ്ണമായി പിൻതാങ്ങുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിനെ മുന്നോട്ടു നയിക്കാൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. റവന്യൂ റെസീപ്റ്റിൽ 91 ശതമാനവും ശമ്പളവും പെൻഷനും പലിശയുമായി പോകുന്ന സന്ദർഭത്തിൽ 9% മാത്രം വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഒരു സാഹചര്യമാണ് കേരളത്തിലുള്ളത്. 11-ാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ഞാൻ വന്നത് വികസനത്തെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളും അതൊക്കെ യാഥാർത്ഥ്യമാകുന്നതിന്റെ അമിതാവേശത്തിലുമാണ്. 11-ാം സമ്മേളനമായപ്പോൾ ഞാൻ ആ കാര്യത്തിൽ നിരാശനാണ്. കാരണം, നമ്മുടെ പരിമിതികൾ, നമ്മുടെ സിസ്റ്റം തന്നെയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ ആദ്യത്തെ പ്രസ്താവന വികസനത്തിന്റെ അവസാനത്തെ ബസ് മന്ദഗതിയിൽ നീങ്ങുന്നു, സ്പീഡ് പോരാ എന്നായിരുന്നു. അതുകൊണ്ട് അപകട സാധ്യത കുറവായിരുന്നു. പക്ഷേ കേരളത്തിലെ നാലു വർഷത്തെ പ്രവർത്തനങ്ങൾ കാണുമ്പോൾ കഴിഞ്ഞ കുറേ വർഷമായി, നാളെ ഇടതുപക്ഷമുന്നണി അധികാരത്തിൽ വരുമെന്ന് ചിന്തിക്കുന്നവരുണ്ട്, അവർ വന്നാലും അവരും ആലോചിക്കേണ്ടതാണ് കേരളം ഈ രീതിയിൽ മുന്നോട്ടുപോയാൽ എവിടെയെത്തുമെന്നുള്ളത്. പ്രശസ്തിയാർജ്ജിച്ചതും പ്രസിദ്ധമായതുമായ എല്ലാ മേഖലകളിലും വലിയ തകർച്ച സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഹെൽത്ത് കെയറിന്റെ കാര്യത്തിലും എഡ്യൂക്കേഷന്റെ കാര്യത്തിലും എംപ്ലോയ്മെന്റിന്റെ കാര്യത്തിലും അതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഇപ്പോൾ അപകടനില തരണം ചെയ്ത് ആശുപത്രിയിലാണ്. ഞാൻ അദ്ദേഹത്തിന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. പക്ഷേ നമ്മുടെ medical system-ന്റെ പത്തമ്പത് വർഷങ്ങളായി നമ്മൾ വളർത്തിയെടുത്ത health care system-ന്റെ അപാകതകളെക്കുറിച്ച് നാം നോക്കണം. വളരെയധികം പണം ആ മേഖലയിൽ വേണം. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി, എക്സ്റേ ഇല്ലാത്തതിനെപ്പറ്റി. ഒരു രോഗി അവിടെ പോയാൽ ഒരു ബെഡ് കിട്ടണമെങ്കിൽ എത്ര ദിവസം അവിടെ കിടക്കണം? രോഗി നിലത്ത് കിടക്കേണ്ട സാഹചര്യമാണുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രി നമ്മുടെ Premier Medical Institution ആണ്. അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വളരെയധികം പണം വേണം. Population growth-നനുസരിച്ച് നമുക്ക് മെഡിക്കൽ ഫീൽഡിൽ പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. നാം നിർമ്മാർജ്ജനം ചെയ്തു എന്നു കരുതിയ സാംക്രമിക രോഗങ്ങൾ തിരിച്ചുവരുന്നു. അവിടെയൊക്കെ പണം ആവശ്യത്തിന് ലഭിക്കാത്ത ഒരു സ്ഥിതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എല്ലാവരുടേയും സഹകരണമാണ് വേണ്ടത്. ഇപ്പോൾ ഗവൺമെന്റ് "Fast Forward" മുദ്രാവാക്യവുമായി പോകുന്നു. വികസനത്തിന്റെ അവസാനത്തെ ബസ് Fast Forward-ൽ പോകുമ്പോൾ ഗവൺമെന്റ് ടോപ്പ് ഗിയർ ഇടാൻ ശ്രമിക്കുമ്പോൾ പ്രതിപക്ഷം റിവേഴ്സ് ഗിയർ ഇടാൻ ശ്രമിച്ചാൽ ഗിയർ ഒടിഞ്ഞുപോകും. ബസ് നിന്നുപോകും. എല്ലാവരുടേയും സഹകരണം നമുക്ക് വേണം. ഈ സംസാരാനത്ത് ആവശ്യമുള്ളത് വിവാദങ്ങൾ അല്ല. കഴിഞ്ഞ കുറേ മാസങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് പെൺവാണിഭവും അതിനെക്കുറിച്ചുള്ള വിവാദങ്ങളുമാണ്. എന്താണ് ഫലം? കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രഗൽഭനായ മന്ത്രിമാരിൽ ഒരാൾ രാജി വച്ചു. ഇപ്പോൾ ഇപ്പുറത്ത് വന്നിരിക്കേണ്ടിവന്നു. അതാണ് അതുകൊണ്ടുണ്ടായ നേട്ടം. പക്ഷേ ഒരു കാര്യം ആലോചിക്കണം. രാഷ്ട്രീയക്കാരേയും എം. എൽ. എ.-മാരേയും ജനപ്രതിനിധികളേയും പൊതുവേ സമൂഹം അവജ്ഞയോടുകൂടി കാണുന്ന ഒരു കാലഘട്ടമാണിന്ന്. അതിന് ആക്കം കൂട്ടുന്ന നടപടിയാണ് ഇത്. ഇങ്ങനെയുള്ള അനാവശ്യമായ വിവാദങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട്, നാം സ്വയം നശീകരണത്തിന്റെ പാതയിലാണ് പോകുന്നത്. വളരെ ഗൗരവമേറിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. മുൻ വ്യവസായവകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി താൽപ്പര്യമെടുത്തതുകൊണ്ട് സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാകാൻ പോകുന്നു. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുമ്പോൾ, ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നു പറയുമ്പോൾ ഇതിന് പ്രാപ്തരായ ഒരു ലക്ഷം പേർ ഇവിടെയുണ്ടോ? ഇപ്പോൾ ഐ. ടി. മേഖലയിൽ കാൾ സെന്റേഴ്സിൽ ആളിനെ കിട്ടുന്നതൊഴിച്ചാൽ, അന്താരാഷ്ട്ര നിലവാരത്തിലുള്ള, എല്ലാ ബിസിനസ്സുമടക്കം നോക്കിയാൽ, പുതിയ തസ്തികകളാണ് അവർക്ക് വേണ്ടത്. ഇപ്പോൾ ഇൻഡ്യയിലും കേരളത്തിലും അതിന് പ്രാപ്തരായിട്ടുള്ളവരില്ല. നമ്മുടെ എഡ്യൂക്കേഷൻ സിസ്റ്റത്തിന്റെ വികസനത്തിന് പണം വേണം, എന്നാൽ ചെലവാക്കാനുള്ള മേഖലയിൽ പണം കണ്ടെത്താൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ ഹെൽത്ത് കെയറിലും എഡ്യൂക്കേഷനിലുമൊക്കെ സ്വകാര്യമേഖല വളർന്ന് പന്തലിക്കുന്നു. ഇന്ന് ആളുകൾ സ്വകാര്യ മേഖലയിലെ വൻകിട ആശുപത്രികളിൽ പോകുന്നു, പണമില്ലാത്തവരും പോകേണ്ടിവരുന്നു. വിദ്യാഭ്യാസത്തിലും എംപ്ലോയ്മെന്റിലും skilled labour-ന്റെ കാര്യത്തിലും നാം ഒന്നാം സ്ഥാനത്തായിരുന്നു. വിദേശത്തായാലും അതിന് മലയാളികൾ വേണമായിരുന്നു. ഇപ്പോൾ കേരളത്തിൽവന്ന് ഇന്റർവ്യൂ നടത്തിക്കഴിഞ്ഞാൽ ആളിനെ കിട്ടാത്ത സ്ഥിതിയാണ്. ഈ സ്ഥിതി ഈ ഗവൺമെന്റിനോ ഇടതുമുന്നണി ഭരിക്കുമ്പോഴോ മാറ്റാൻ പറ്റുമോ? അതിന് സഹകരണം വേണ്ടേ? വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഡീറ്റെയിൽഡായി ഡിസ്ക്കസ് ചെയ്യേണ്ടതാണ്. കഴിഞ്ഞ സമ്മേളനത്തിൽ നിയമസഭയിൽ ഒരു ചോദ്യം ഞാൻ ചോദിച്ചു, മലയാളം മീഡിയത്തിൽ എസ്. എസ്. എൽ. സി.-ക്ക് പഠിക്കുന്ന എത്ര കുട്ടികൾ ഹയർ സെക്കന്ററിക്ക് കടന്നുപോകുന്നു എന്ന്. ഇതുവരെ മറുപടി തന്നിട്ടില്ല. സാധാരണയായി മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾ, ഹയർ എഡ്യൂക്കേഷൻ, പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജിലോ മെഡിസിനോ എത്തുന്നത് അഞ്ചു ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ. 95 ശതമാനവും ആ മേഖലയിൽ കടന്നുവരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ ഗവൺമെന്റ് പുരോഗതി കൈവരിച്ചു എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ അവിടേയും basic education-ന്റെ തകരാർ കാരണം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് അത് ലഭ്യമല്ലാതെ മാറുകയാണ്. വളരെ ഗൗരവത്തിൽ നമ്മൾ കാണേണ്ട ഒരു കാര്യം ഉണ്ട്. ഇവിടെ സുനാമി വന്നു. അതിന്റെ റിലീഫ് ഓപ്പറേഷൻ നല്ല രീതിയിൽ നടക്കുന്നുണ്ട്,. അതിൽ ഗവൺമെന്റിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. പക്ഷേ കേരളം കണ്ടിട്ടില്ലാത്ത രീതിയിൽ പട്ടിണി സംഭവിക്കാൻ പോകുകയാണ്. ഇന്നലെ മലയാള മനോരമയിൽ വന്ന വാർത്ത കുളച്ചലിൽ സ്രാവിനെ പിടിച്ചു എന്നാണ്. കടൽ കരിഞ്ഞുകിടക്കുകയാണ്. കടലിന്റെ അടിത്തട്ടിൽ sand tunes നഷ്ടപ്പെട്ടിരിക്കുന്നു. മൽസ്യബന്ധനത്തിനു പോകുന്ന മൽസ്യത്തൊഴിലാളികൾ പറയുന്നത് കടലിന്റെ അടിത്തട്ടിൽ നിന്നും ഒന്നും ലഭിക്കുന്നില്ലായെന്നാണ്. സ്രാവ് ലഭ്യമാകുന്നത് ശുഭകരമല്ല എന്നാണ് പറയുന്നത്. ആ വ്യവസായത്തിൽ നിന്നുവരുന്ന ഒരാളാണ് ഞാൻ. കുളച്ചലിൽ സ്രാവ് ലഭിക്കുന്നു എന്നു പറഞ്ഞാൽ അത് ശുഭകരമല്ല. കേരളത്തിന്റെ കടൽത്തീരമാകെ കരിഞ്ഞിരിക്കുന്നു. എത്ര മാസം, എത്ര വർഷക്കാലമെടുക്കും ഇത് പുനഃസ്ഥാപിക്കാൻ എന്ന് എനിക്കറിയില്ല. അതുകൊണ്ട് ഭയാനകമായ രീതിയിൽ കേരളത്തിന്റെ കടൽത്തീരത്ത് മൽസ്യബന്ധന മേഖലയിൽ പട്ടിണി സംഭവിക്കാൻ പോകുകയാണ്. ഇവിടെ കാർഷികമേഖലയെക്കുറിച്ച് പറയുമ്പോൾ ആവേശത്തോടുകൂടി എല്ലാവരും സംസാരിക്കുന്നു. പക്ഷേ കേരളത്തിലെ ഏറ്റവുമധികം പട്ടിണിപാവങ്ങളുള്ള, ഒരു സമൂഹം മൽസ്യബന്ധന മേഖലയിലുള്ളതാണ്. കേരളത്തിന്റെ cross-section നോക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ ജനങ്ങൾ മൽസ്യബന്ധനവുമായി കഴിയുന്നവരാണ്. അവർ നിത്യ ദാരിദ്ര്യത്തിലേയ്ക്ക് പോകാൻ പോകുകയാണ്. അവരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റും പ്രതിപക്ഷവും സംയോജിച്ചുകൊണ്ട് ലോംഗ് ടേം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വരും നാളുകളിൽ ആത്മഹത്യയുടെ പൂരമായിരിക്കും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. എന്നാൽ ആ വിഷയത്തിലേയ്ക്ക് നമുക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിക്കുന്നില്ല. ഒരു പക്ഷേ എന്റെ ചിന്തകൾ വികലമായിരിക്കാം. പക്ഷേ ആ അർത്ഥത്തിലേയ്ക്ക് നമുക്ക് പോകാൻ കഴിയുന്നില്ല. തീരപ്രദേശമില്ലാതാകാനുള്ള സുനാമി ഉണ്ടായിട്ടും നമ്മുടെ കണ്ണു തുറപ്പിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ സമ്മേളനത്തിലും പറഞ്ഞതാണ്. നമുക്ക് ഈ പ്രശ്നങ്ങളെ ഗൗരവമായി കാണാൻ സാധിക്കുന്നില്ല. ഓരോ വർഷം കഴിയുന്തോറും tidal waves, sea erosion എന്നിവ വർദ്ധിക്കുകയാണ്. Green House effect-ന്റെ ഫലമായി, മഞ്ഞുരുകുന്നതിന്റെ ഫലമായി Tropical countries-ൽ sea erosion വർദ്ധിക്കുകയാണ്. ഇന്നൊരു സുനാമിയാണെങ്കിൽ നാളെ tidal waves ആയി തീരപ്രദേശത്തെ വിഴുങ്ങാൻ നിൽക്കുകയാണ്. നമുക്ക് ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. നമുക്ക് ചലിക്കാൻ പോലും സാധിക്കുന്നില്ല. മത്സ്യത്തൊഴിലാളി സമൂഹം ഇല്ലാതാകാൻ പോകുന്നു. നമുക്കൊന്നും ചെയ്യാൻ സാധിക്കുന്നില്ല. ഗവൺമെന്റിന് പണമില്ല. ഇവിടെയാണ് സഹകരണം

1.00. p. m] ആവശ്യമുള്ളത്. ഈ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ employment training ആവശ്യമാണ്. ഈ ബഡ്ജറ്റിൽ എംപ്ലോയ്മെന്റിനെക്കുറിച്ച് പറയുന്നുണ്ട്. ITI/ITC പഠിച്ചിറങ്ങുന്നവർ പ്രാപ്തരല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോമൊബൈൽ കമ്പനി ആവശ്യമുണ്ടെങ്കിൽ ട്രെയിനിംഗ് കൊടുക്കും, അല്ലാതെ കാർ നന്നാക്കാൻ അറിയാൻ വയ്യ. നമ്മുടെ ITI/ITC-കളുടെ ദുരവസ്ഥയെപ്പറ്റി രണ്ടുവർഷംമുമ്പ് ഞാനിവിടെ ശ്രദ്ധക്ഷണിക്കലിൽക്കൂടി പറഞ്ഞതാണ്. ഒരു പുരോഗതിയുമില്ല. നമുക്ക് skilled labour-ഉണ്ടാക്കാൻ സാധിക്കുന്നില്ല. ഈ വിഷയങ്ങൾ വളരെ ഗൗരവത്തിൽ സഭ കണ്ടില്ലെങ്കിൽ അതു നാം വരുന്ന തലമുറയോടു ചെയ്യുന്ന കൊടുംപാതകമായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ കുടുംബശ്രീ വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽപ്പോലും അതിനെ ഏകോപിപ്പിക്കുന്ന ഒരു സമിതി വേണം. കേരളം എല്ലാ സ്ഥലത്തും പരാജയപ്പെടുന്നത് മാർക്കറ്റിംഗിലാണ്. നാം ഉണ്ടാക്കുന്ന ഉല്പന്നം മാർക്കറ്റുകളിൽ എത്തിക്കാനുള്ള സംവിധാനങ്ങൾ ഇല്ല. പാവപ്പെട്ട ജനങ്ങൾ ഉൾക്കൊള്ളുന്ന കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടാക്കുന്ന അച്ചാറുകളും എള്ളുണ്ടയും മാവുണ്ടയുമൊക്കെ വച്ചുകൊണ്ട് ഉത്സവപ്പറമ്പിൽ പോയി കാത്തുനിൽക്കേണ്ട ഗതികേടാണ്. അതേസമയം അവയുടെ പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ട് അവർക്ക് guide lines കൊടുത്ത് quality standards കൊടുത്ത് അതിനൊരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കി, ഒരു market brand ഉണ്ടാക്കി, അവരുടെ വാർഡുകളിലോ ചുറ്റളവിലോ മറ്റു പ്രദേശങ്ങളിലോ എത്തിക്കാനുള്ള ഒരു സംവിധാനംകൂടി ഇതിൽ കൊണ്ടുവന്നാൽ മാത്രമേ നമുക്ക് പരമ്പരാഗതമായി അവരെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരിക്കൽക്കൂടി ഈ നിർദ്ദേശങ്ങളെയെല്ലാം സ്വാഗതം ചെയ്തുകൊണ്ട്, ഞാൻ പറഞ്ഞത് ആവർത്തിക്കുന്നു, വികലമായിരിക്കാം, പക്ഷേ വളരെ ഗൗരവത്തോടുകൂടി സഭ ഈ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. കെ. കെ. ബാവ)

ഡോ. കെ. സി. ജോസഫ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റല്ല ബഹുമാന്യനായ വക്കം പുരുഷോത്തമൻ ഇവിടെ അവതരിപ്പിച്ചത് എന്നു പറയേണ്ടി വന്നതിൽ എനിക്ക് ദു:ഖമുണ്ട്. ഒരു നല്ല ബഡ്ജറ്റ് സ്വതന്ത്രമായ കണക്കുകളുള്ളതായിരിക്കണം, അതിലെ നിർദ്ദേശങ്ങൾ യാഥാർത്ഥ്യബോധമുള്ളവയായിരിക്കണം, അതോടൊപ്പം പ്രായോഗികവുമായിരിക്കണം, സാധാരണക്കാരന്റേയും പാവപ്പെട്ടവന്റേയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള മുൻഗണനയോടുകൂടിയതായിരിക്കണം. ഈ ബഡ്ജറ്റിൽ ഇതൊന്നുമില്ലെന്നുള്ളതാണ് ഏറ്റവും നിരാശാജനകമായിട്ടുള്ളകാര്യം ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് സർവ്വകാല വലിപ്പമുള്ള 5369 കോടി രൂപയുടെ ഒരു പദ്ധതിയാണ് ഇവിടെ നടപ്പാക്കാൻ പോകുന്നതെന്നാണ്. വലിയ അഭിമാനത്തോടുകൂടിയാണ് അദ്ദേഹം ഇവിടെ ഈ ബഡ്ജറ്റ് പ്രസന്റുചെയ്തത്. അത് പ്രായോഗികമായി നടപ്പാക്കുവാൻ കഴിയുമോ എന്നുള്ളത് ആലോചിക്കണം. ഇത് 5-ാമത്തെ ബഡ്ജറ്റാണ്. കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട്, ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിലിരുന്നുകൊണ്ട് പ്രായോഗികമായി ഇത് നടപ്പാക്കാൻ കഴിയുമോ എന്നു ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം, ഇത് നടപ്പാക്കാൻ കഴിയില്ല എന്നുള്ളത്. കഴിഞ്ഞ മൂന്നുവർഷത്തെ ബഡ്ജറ്റുകളും പദ്ധതികളും എടുത്തുനോക്കിയാൽ ഇവിടെ പ്രഖ്യാപിച്ച 11,542 കോടി രൂപയുടെ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്ത് 9565 കോടി രൂപയുടെ പദ്ധതിയാണ് ആകെ നടപ്പാക്കിയത്. 2004-05-ൽ 4800 കോടി രൂപയുടെ പദ്ധതിയിൽ ഇതുവരെ നടപ്പാക്കിയത് 2880 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. അപ്പോൾ ഈ നാലുവർഷത്തിനിടയിൽ 4000 കോടി രൂപയുടെ പദ്ധതിയിനത്തിലുള്ള വെട്ടിക്കുറവ് വരുത്തിയതിനുശേഷം ഇപ്പോൾ 5369 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പറയുമ്പോൾ അതിനാവശ്യമായ സാമ്പത്തിക സ്ഥിതി ഇവിടെയുണ്ടോ എന്ന് നാം ആലോചിക്കണം. ഇതിൽ കാണിച്ചിട്ടുള്ള കണക്കുകൾ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതാണോ? 1000 കോടി രൂപയുടെ കമ്മി പറഞ്ഞു. യഥാർത്ഥത്തിൽ കമ്മി അവിടെ നിൽക്കുമോ? അദ്ദേഹത്തിന്റെ പ്രതീക്ഷയ്ക്കനുസരിച്ച് കേന്ദ്രത്തിൽനിന്നുമുള്ള തുക കിട്ടാൻ പോകുന്നില്ല എന്നുള്ളത് 12-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് വന്നതോടുകൂടി നമുക്ക് ഉത്തമബോധ്യമായിക്കഴിഞ്ഞിരിക്കുന്നു. ആഭ്യന്തരരംഗത്തു നിന്നുമുള്ള വരുമാനം ആ നിലയിലുണ്ടാവുകയില്ലെന്നുള്ളതാണ് ഇതുവരെയുള്ള പ്രവർത്തനംകൊണ്ട് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഈ പദ്ധതിയിൽ പറഞ്ഞിട്ടുള്ള ചെലവിനങ്ങൾക്കനുസരണമായി ഒരു തുകയും ഒരു രംഗത്തും വച്ചിട്ടില്ല. 300 കോടി രൂപയുടെ കുടിശ്ശിക ഇതിനോടകം കൊടുത്തുവെന്നുപറഞ്ഞു. പി.ഡബ്ല്യു.ഡി., ഇറിഗേഷൻ എന്നിവയിലെല്ലാംകൂടി ഇനി 1200 കോടി രൂപ കൊടുക്കാൻ കിടക്കുകയാണ്. ടാർ വാങ്ങിയതിനുമാത്രം 60 കോടിരൂപ കമ്പനികൾക്ക് കൊടുക്കാനുണ്ട്. ആ നിലയിൽ പാപ്പരായ ഒരു ഗവൺമെന്റിന് ഈ പദ്ധതി എങ്ങനെയാണ് നടപ്പാക്കാൻ കഴിയുന്നത്? ഇവിടെ നമ്മുടെ ആഭ്യന്തര ഉല്പാദന രംഗത്തെ വളർച്ചയെക്കുറിച്ചും വലിയ അവകാശവാദം നടന്നു. 6.5% എന്ന് അഭിമാനത്തോടുകൂടിയാണ് പറഞ്ഞത്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ 80-85% ജനങ്ങൾ ബന്ധപ്പെട്ടു നിൽക്കുന്ന പ്രാഥമിക സെക്ടറിന്റെ സ്ഥിതിയെന്താണ്? ഈ ഗവൺമെന്റ് വന്നതിനുശേഷം വളർച്ച കുറഞ്ഞുകുറഞ്ഞ് ഈ സാമ്പത്തികവർഷം 2.88% മൈനസ് ആണ്. വളർച്ച പുറകോട്ടുപോയി. ഇതാണ് നമ്മുടെ പ്രാഥമിക സെക്ടറിന്റെ സ്ഥിതി. നമുക്കെങ്ങനെ മുന്നോട്ടുപോകാൻ കഴിയും? പ്രാഥമിക സെക്ടറിനെ അവഗണിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന് മുന്നേറാൻ കഴിയുമോ? ഐ.റ്റി.യും മറ്റും ഞാൻ തള്ളിക്കളയുകയല്ല. പക്ഷേ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾ, 85% ജനങ്ങൾ ബന്ധപ്പെടുന്ന കാർഷികമേഖല തകർച്ചയിലേക്ക് പോകുന്നു. റബ്ബറിനോ നാളികേരത്തിനോ ഇപ്പോൾകിട്ടുന്ന വിലകൊണ്ട് കാര്യമായോ? അതിൽ നമ്മുടെ പങ്ക് എന്തെങ്കിലുമുണ്ടോ? വിദേശത്തുള്ള, international market-ലുള്ള വിലയുടെ വർദ്ധനവിനനുസരണമായി ഇവിടെ വർദ്ധനവുണ്ടായി എന്നുമാത്രം. മറ്റെല്ലാ രംഗങ്ങളിലും cash crops-ന്റെ കൃഷി ഏലവും കുരുമുളകുമെല്ലാം തകർന്നിരിക്കുന്നു. നമ്മുടെ നെൽകൃഷി മേഖല തകർന്ന് തരിപ്പണമായിരിക്കുന്നു. വില ലഭിക്കുവാൻ വേണ്ടി അങ്ങ് കാര്യമായി 330 ലക്ഷം രൂപ ഇതിൽ വച്ചിട്ടുണ്ട്. കഴിഞ്ഞവർഷം നെല്ലു സംഭരിച്ച സൊസൈറ്റികൾക്ക് 7.5 കോടി രൂപ കൊടുക്കാൻ ബാക്കിയാണ്. ഈ സീസണിൽ നെല്ല് സംഭരിക്കുവാൻ സംഘങ്ങൾ വന്നിട്ടില്ല. പാലക്കാടും, തൃശ്ശൂരും, കോഴിക്കോടും വന്നിട്ടില്ല. കാരണം 7.5 കോടി രൂപ അവർ സംഭരിച്ചതിന്റെ handling charge കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. 3.3 കോടി രൂപ കൊടുത്താൽപ്പോലും ഈ വർഷത്തേക്ക് ബാക്കി എവിടെ? ആ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയെ സംരക്ഷിക്കാൻ കഴിയുമോ? വെറുതെ പദ്ധതികൾ പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? നെൽക്കൃഷിയിൽ ഒരു 10,000 ഹെക്ടർ കൃഷിയുണ്ടാകുമെന്നുപറഞ്ഞു. എങ്ങനെ പറ്റും? ഈ പറയുന്ന പദ്ധതികൾ കൊണ്ട് നടപ്പിലാക്കാൻ കഴിയുമോ? ഇവിടെ KLU order strict ആയി നടപ്പാക്കിയതുകൊണ്ടുമാത്രം നെൽക്കൃഷിമേഖല രക്ഷപ്പെടില്ല. നെൽക്കൃഷി sustainable ആക്കാൻ കഴിയുന്ന ക്രിയാത്മകമായ പദ്ധതിക്ക് രൂപം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഒരു പദ്ധതിയുമില്ല. കാരണം ഈ ഗവൺമെന്റിന്റെ മുൻഗണന അതല്ല. ഈ ഗവൺമെന്റിനു മുൻഗണനയുണ്ടാകേണ്ടുന്ന മേഖലയിൽ അത് ഉണ്ടാകുന്നില്ല. ഈ സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഇവിടെ വച്ചിട്ടില്ല ഉല്പാദന മേഖലയ്ക്ക് വച്ചിട്ടില്ല. 2000-2001-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസാനവർഷം 9.3% ആയിരുന്നു കൃഷി അനുബന്ധ മേഖലയ്ക്ക് നീക്കിവച്ചതെങ്കിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ കൃഷി അനുബന്ധ മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ളത് 6.49% ആണ്.

വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ ഊറ്റം കൊണ്ടല്ലോ? 2000-2001-ൽ 40.96 ശതമാനം വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി നീക്കി വച്ചെങ്കിൽ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് 31.02 ശതമാനം മാത്രമാണ്. എങ്ങനെ പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ കഴിയും? ഹയർ സെക്കന്ററിയുടെ ലാബ് അസിസ്റ്റന്റുമാരെക്കുറിച്ചു പറഞ്ഞു, അതിനുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. രണ്ടു പോസ്റ്റ്. ലാബ് അസിസ്റ്റന്റുമാർ, രണ്ടു സൂപ്പർ ന്യൂമററി പോസ്റ്റ്. പക്ഷേ ശമ്പളം കൊടുക്കാൻ തുടങ്ങിയോ? കോഴിയുടെ മുലയൂട്ടുപോലെ ഇപ്പോൾ കൊടുക്കും ഇപ്പോൾ കൊടുക്കും എന്നു പറഞ്ഞ് പോകുന്നതല്ലാതെ നിങ്ങൾ കൊടുത്തിട്ടില്ല. കൊടുത്താൽ വളരെ നല്ലത്. പണം നീക്കി വച്ചിട്ടുണ്ടോ? 33 ശതമാനത്തിൽ നിന്നും 33.02 ശതമാനം കൊണ്ടു ഈ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമോ? ഇവിടെ ബഹുമാന്യരായ മെമ്പർമാർ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളെക്കുറിച്ച്, ആരോഗ്യ പരിപാലന രംഗത്തെ നേട്ടങ്ങളെക്കുറിച്ച്, ഏറ്റവും വികസിതമായ രാജ്യങ്ങളോടൊപ്പം നിൽക്കുന്ന കേരളത്തിന്റെ മഹത്തായ നേട്ടങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. അവ ഓരോന്നോരോന്നായി നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മുന്നോക്കം നിൽക്കുന്ന ബീഹാറിന്റെ സ്റ്റാന്റേർഡിൽ എത്താൻ, മൽസര പരീക്ഷകളിൽ എത്താൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്നില്ല. അതിനാവശ്യമായ ട്രെയിനിംഗ് കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാനത്തും അസ്ഥാനത്തും പറയും ഇന്റർനാഷണൽ ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റാൻ ആഗ്രഹിക്കുന്നുണ്ട് എന്ന്. സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടോ കോളേജുകളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടോ ഇന്റർനാഷണൽ ഡെസ്റ്റിനേഷനാകുമോ? ഇവിടെ ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കണ്ടേ? ശ്രീ. ഷിബു ബേബിജോൺ ഐ. ടി. സി.-യുടെ കാര്യം പറഞ്ഞു. ഐ. ടി. സി.-യുടെ കാര്യം പോകട്ടെ, എഞ്ചിനീയറിംഗ് കോളേജുകളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളുണ്ടോ? സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ നമുക്കു കഴിയുന്നുണ്ടോ? ഇപ്പോൾ മൂന്നു മെഡിക്കൽ കോളേജുകളിൽ 50 സീറ്റുവീതം വർദ്ധിപ്പിക്കുന്നു അതൊരു നേട്ടമായി പറയുന്നു. അതിനാവശ്യമായ സൗകര്യങ്ങളുണ്ടോ? ഈ ഗവൺമെന്റിന്റെ എല്ലാ വികസന പ്രവർത്തനങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രശംസിച്ചവർ, പ്രശംസകൊണ്ടു കോരിച്ചൊരിയുമ്പോഴും ശ്രീ. കെ. മുഹമ്മദാലി പറയുന്നു എറണാകുളത്തെ തഴഞ്ഞുവെന്ന്. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ പറയുന്നു തൃശ്ശൂരിനെ തഴഞ്ഞുവെന്ന്. കോഴിക്കോട്ടുള്ളവർ പറയുന്നു കോഴിക്കോടിനെ തഴഞ്ഞുവെന്ന്. പിന്നെ ഏത് പ്രദേശത്തെയാണ് പരിഗണിച്ചിട്ടുള്ളത്? തിരുവനന്തപുരത്തുകാർ പോലും അംഗീകരിക്കില്ല. ഇവിടെ ജനങ്ങളെ മറന്നുകൊണ്ടുള്ള പ്രവർത്തനമാണ് നടക്കുന്നത്. ആരോഗ്യ പരിപാലനത്തെക്കുറിച്ചു പറയുകയാണെങ്കിൽ. ഉൻമൂലനം ചെയ്യപ്പെട്ടു എന്ന് കരുതിയ രോഗങ്ങളെല്ലാം തിരിച്ചുവരികയാണ്. ഈ സംസ്ഥാനത്തുനിന്നും ആട്ടിപ്പായിച്ച മുഴുവൻ രോഗങ്ങളും തിരിച്ചുവരുന്നു. എന്തുകൊണ്ട്? ആരോഗ്യപരിപാലന രംഗത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് നമ്മൾ ശ്രദ്ധിക്കുന്നില്ല എന്നതുകൊണ്ട്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ അവകാശവാദമാണ് സാമൂഹ്യക്ഷേമം. അതു നിലനിർത്തുവാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പ് നമ്മുടെ മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ആത്മഹർഷത്തോടുകൂടി പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ചെയ്തതിനെക്കാൾ എനിക്കു പ്രചോദനം ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണെന്നാണ്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ബി.പി.എൽ.-നു താഴെക്കിടയിലുള്ള അന്ത്യയോജന, അന്നയോജന പദ്ധതിയിൽപ്പെട്ടവർക്ക് 35 കിലോ അരി കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അതുപോകട്ടെ. അതിനു തൊട്ടുമുകളിലുള്ള ബി. പി. എൽ.-കാരുടെ സ്ഥിതി എന്താണ്? അവരെക്കുറിച്ച് മുഖ്യമന്ത്രി ചിന്തിച്ചപ്പോൾ ബി. പി. എൽ.-ലുള്ള, നിങ്ങൾ അംഗീകരിച്ച ലിസ്റ്റിലുള്ള 20 ലക്ഷം കുടുംബങ്ങളെക്കുറിച്ച് ആലോചിച്ചോ? 15 ലക്ഷം കുടുംബങ്ങളെയാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് 20 ലക്ഷം കുടുംബങ്ങളെയാണ്. അവർക്കു റേഷൻ കൊടുക്കാൻ നമ്മുടെ സംസ്ഥാനത്തു പണം നീക്കിവച്ചിട്ടുണ്ടോ? ഇടതുമുന്നണി ഗവൺമെന്റ് ഓരോ വർഷവും 150 കോടി രൂപ വീതം പൊതു വിപണനരംഗം ശക്തിപ്പെടുത്താൻവേണ്ടി നീക്കിവച്ചപ്പോൾ, നിങ്ങൾ എന്താണ് നീക്കിവച്ചത്? നിങ്ങൾ നീക്കിവച്ചത് അന്ത്യയോജന, അന്നയോജന പദ്ധതി പ്രകാരം, അതിന്റെ മൂവ്മെന്റിനുവേണ്ടി വരുന്ന ഏഴര കോടി രൂപ. ഇവിടെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുമോ? ഏതു രംഗത്താണ് കഴിയുക? ഇവിടെ വികസനം നടക്കുമോ? ഇവിടെ റോഡിന്റെ മഹത്വത്തെക്കുറിച്ചൊക്കെ പറയുന്നതു കേട്ടു. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്ത 1300 കി. മീറ്റർ റോഡ്, KSTP പദ്ധതിയിലൂടെ നടന്നുവരുന്ന കാര്യങ്ങൾ, എന്തെങ്കിലും പ്രമാദമായ കാര്യങ്ങൾ വരുമ്പോൾ പറയും, അതു നായനാർ കൊണ്ടുവന്നത്, അല്ലെങ്കിൽ ശ്രീ. പി. ജെ. ജോസഫ് കൊണ്ടുവന്നത് എന്നൊക്കെ. നായനാർ ഗവൺമെന്റ് KSTP-യിൽ കൊണ്ടു വന്ന 1300 കി.മീറ്റർ റോഡ് പണിയാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടത്തെ സ്റ്റേറ്റ് ഹൈവേ, എം.ഡി.ആർ., ഏതാണ്ട് ഇരുപതിനായിരത്തിലേറെ കി. മീറ്റർ നീളമുള്ള റോഡിന് ഈ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ളത് എത്ര രൂപയാണ്? എൻ. എച്ച്.-നുവേണ്ടി 11 കോടി രൂപ. എസ്. എച്ച് റോഡിലെ പാലങ്ങൾക്കുവേണ്ടി നാലുകോടിരൂപ. എം.ഡി.ആർ-ന് 13.2 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ പാലങ്ങൾക്കും എല്ലാറ്റിനും കൂടി പൊതുമരാമത്തു വകുപ്പിനു KSTP ഒഴിച്ച് ബാക്കി 22,000 കി. മീറ്റർ റോഡിന് 44 കോടി രൂപ. ഇവിടെ വികസനം നടക്കുമോ? റോഡ് നന്നാക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട എം. കെ. മുനീർ പറഞ്ഞു 8,000 കി. മീറ്റർ പുതിയതായി എം.ഡി.ആർ-ൽ കൊണ്ടുവന്നുവെന്ന്. ആ റോഡുകൾക്ക് തുടർ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ബഡ്ജറ്റിൽ നൂറു രൂപയെങ്കിലും വയ്ക്കണ്ടേ? ആ റോഡുകളുടെ ലിസ്റ്റുണ്ടോ? ലിസ്റ്റ് എം.ഡി.ആർ.-ന്റെ വാല്യം II-ൽ പോലുമില്ല. എങ്ങനെ അവിടെ പണിയെടുക്കാൻ കഴിയും? അങ്ങനെ കൺവെർട്ടു ചെയ്ത റോഡുകളുടെ ലിസ്റ്റ് ഇല്ല. അതിനുമുമ്പ് കിടന്നതും വന്നതും ഉണ്ടെങ്കിൽ ഉണ്ട്. പുതിയതായി ഒന്നും ചേർത്തിട്ടില്ല. ആ ലിസ്റ്റിലുള്ളതു വന്നിട്ടില്ല. വികസനരംഗം മുരടിക്കുന്നു. കൃഷി മേഖല നശിക്കുന്നു. എങ്ങനെ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്കു കഴിയും? അതിനാവശ്യമായ തുക വേണ്ടേ? നെൽക്കൃഷി മേഖല തകർന്നു. കഴിഞ്ഞകൊല്ലം ഉപ്പുവെള്ളം, ഇത്തവണ മുഞ്ഞ, ഓലചുരുട്ടിപ്പുഴുവിന്റെ ശല്യം, അങ്ങനെ പോകുന്നു കാര്യങ്ങൾ. 12,500 ഏക്കർ നെൽക്കൃഷി നശിച്ചു കൊണ്ടിരിക്കുന്നു. കൃഷി വകുപ്പിന്റെ കൈവശം നഷ്ടപരിഹാരം കൊടുക്കാൻ പണമുണ്ടോ? കൃഷിമേഖലയെ സംരക്ഷിക്കാൻ പണമെവിടെ? അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ പ്രാഥമിക സെക്ടർ നിലനിർത്തുവാൻ, വികസനം സാധ്യമാക്കുവാൻ, സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇതിനൊന്നും ഒരു പണവും നീക്കിവയ്ക്കാതെ വ്യർത്ഥമോഹങ്ങൾ വളർത്തി, മോഹവലയത്തിൽപ്പെടുത്തി ജനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നതെങ്കിൽ പ്രബുദ്ധ കേരളം അത് അംഗീകരിക്കില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. എം. മുരളി</u>: സർ, നിയമസഭാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പ്രൊപ്പോസൽസ് അടങ്ങിയ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റ് പ്രൊപ്പോസൽസിനെ ഞാൻ ശക്തിയായി പിന്താങ്ങുന്നു. സാധാരണ ബഡ്ജറ്റ് പ്രസംഗം എന്നു പറഞ്ഞാൽ തലവാചകങ്ങൾ നേടാനുള്ള ചില ഫോക്കസ്സുകൾ കൊടുത്തുകൊണ്ട്, പെരുമ്പറ മുഴക്കുന്ന പ്രചരണങ്ങൾക്കുവേണ്ടി, ചില ഗിന്നസ് പ്രചരണങ്ങൾ മുൻകാല ധനകാര്യമന്ത്രിമാർ നടത്തിയിട്ടുണ്ടെങ്കിൽ, ആ പതിവ് തെറ്റിച്ചുകൊണ്ട് സ്വച്ഛന്ദമായ ഒരു ചുഴ ഒഴുകി പോകുന്നതുപോലെ കേരളത്തിന്റെ സമസ്ത മേഖലകളേയും പരാമർശിച്ച് തഴുകുകയും തലോടുകയും ചെയ്ത ഒരു ബഡ്ജറ്റാണ് വെള്ളിയാഴ്ച ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കണക്കുകൾ കൂട്ടിക്കുഴച്ചുകൊണ്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ സാങ്കേതികത്വത്തിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഭരണ കാലഘട്ടത്തിൽ, ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീ. വക്കം പുരുഷോത്തമൻ എന്നീ നേതാക്കന്മാരുടെ ഭരണകാലഘട്ടത്തിൽ, നമ്മുടെ സംസ്ഥാനം നേരിടുന്ന അല്ലെങ്കിൽ നാളെ നേരിടാൻ പോകുന്ന എറ്റവും വലിയ പ്രശ്നം റവന്യൂ കമ്മി തന്നെയാണെങ്കിൽ, കേരളത്തിന്റെ തകർച്ചയുടെ പ്രധാന കാരണം അതാണെങ്കിൽ, അതിനു പരിഹാരമുണ്ടാക്കാനുള്ള പരിശ്രമങ്ങളാണ് കഴിഞ്ഞ മൂന്നേമുക്കാൽ വർഷം കൊണ്ട് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. എക്സ്പെർട്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ മാനേജുമെന്റിലേക്ക് നയിച്ചതിന് ഭരണ നേതൃത്വത്തെ മാത്രമല്ല ഫിനാൻസ് ഡിപ്പാർട്ടുമെന്റിനേയും ടാക്സസ് ഡിപ്പാർട്ടുമെന്റിനേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. റവന്യു കമ്മി തളയ്ക്കാൻ, അതിൽനിന്ന് മോചനം നേടാൻ നമ്മൾ ഒരു ടാർജറ്റ് മാർച്ച് 2007 എന്ന് വച്ചിരുന്നു. പക്ഷെ ആ ടാർജറ്റ് നമ്മൾ അച്ചീവ് ചെയ്യാൻ പോകുന്നില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി തുറന്നു സമ്മതിച്ചിരിക്കുന്നു. അദ്ദേഹം രണ്ട് വർഷം കൂടി കാലാവധി നീട്ടി 2009 മാർച്ചാണ് ലക്ഷ്യം നേടാനുള്ള സമയമായി പ്രഖ്യാപിച്ചിരിക്കുന്നത്. മാറി മാറി ഭരണകൂടങ്ങൾ വരുന്ന ഒരു സംസ്ഥാനത്ത് ലക്ഷ്യബോധത്തോടെ തുടർച്ചയായിട്ടുള്ള നടപടികളിലൂടെ മുന്നോട്ടുപോകാൻ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി കഴിയാതെ വരുമ്പോൾ 2009 മാർച്ചിലും നികുതി കമ്മിയില്ലാത്ത, റവന്യു കമ്മിയില്ലാത്ത ഒരു സംസ്ഥാനത്തെ സൃഷ്ടിക്കാൻ കഴിയുമോയെന്ന് ഞാൻ സംശയിക്കുകയാണ്. ആ സംശയം അവശേഷിക്കുമ്പോൾ തന്നെ ഞാൻ ഒരു കാര്യം പറയട്ടെ മൂന്നേമുക്കാൽ വർഷക്കാലത്തെ ശ്രീ. എ. കെ. ആന്റണിയുടേയും ശ്രീ. ഉമ്മൻ ചാണ്ടിയുടേയും ഭരണ കാലഘട്ടത്തിൽ ശ്രീ. കെ. ശങ്കരനാരായണന്റേയും ശ്രീ. വക്കം പുരുഷോത്തമന്റേയും ഭരണ കാലഘട്ടത്തിൽ നമുക്ക് റവന്യു കമ്മിയുടെ ഊരാക്കുടുക്കിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ, ആ രംഗത്ത് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ ഇവിടെ കണക്കുകളൊന്നും അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും ഏറ്റവും ഒടുവിൽ 2002-03-ൽ നമ്മുടെ റവന്യു റസീപ്റ്റ്, അക്കൗണ്ടന്റ് ജനറൽ നടത്തിയ ആഡിറ്റിലെ actuals അനുസരിച്ച് 10,637 കോടി രൂപയായിരുന്നെങ്കിൽ അത് ലാസ്റ്റ് ഇയറിൽ 2003-04-ൽ 11,815 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷവും മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 1178 കോടി രൂപ അധികമായി റവന്യു റസീപ്റ്റ്സ് സമാഹരിക്കാൻ കഴിഞ്ഞുവെന്ന കാര്യം ഗവൺമെന്റിന്റെ ഒരു നേട്ടമായിത്തന്നെ എടുത്തു പറയട്ടെ. റവന്യു കമ്മിയെക്കുറിച്ചാണ് ബഡ്ജറ്റ് അവതരണ വേളയിൽ ധനകാര്യ വകുപ്പധികൃതരും വിദഗ്ദ്ധരും ഭാവിയെക്കുറിച്ച് ഉറ്റുനോക്കുന്നവരും പരാമർശിക്കാറുള്ളത്. എ. ജി.-യുടെ ആഡിറ്റിനുശേഷമുള്ള actuals അനുസരിച്ചുതന്നെ പറയട്ടെ 2003-04-ൽ നമുക്ക് അത് കുറച്ചുകൊണ്ടുവരാൻ, ഡെഫിസിറ്റിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. 4,512 കോടി രൂപയിൽ നിന്നും 3680 കോടി രൂപ ആയി റവന്യു കമ്മി ലാസ്റ്റ് ഇയറിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. അത് നിസ്സാരമായിട്ടുള്ള ഒരു നേട്ടമല്ല. നോൺ പ്ലാൻ എക്സ്പെന്റിച്ചർ പരിമിതപ്പെടുത്തിക്കൊണ്ടും കളക്ഷൻ കൂട്ടിക്കൊണ്ടും തന്നെയാണ് ഈ നേട്ടം നമ്മുടെ സംസ്ഥാനത്ത് യു. ഡി. എഫ്. ഗവൺമെന്റ് കൈവരിക്കുന്നത്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മൂന്നാമത്തെ കാര്യം റവന്യു കമ്മിയുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ റവന്യു എക്സ്പെന്റിച്ചറിന്റെ കാര്യമാണ്. 2002-03-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള രണ്ടാമത്തെ വർഷം റവന്യു എക്സ്പെന്റിച്ചർ 14,756 കോടി രൂപയാണ്. എ. ജി.-യുടെ ആഡിറ്റിനുശേഷമുള്ള actuals ആണ് ഞാൻ പറയുന്നത്. 2003-04 ലാസ്റ്റ് ഫൈനാൻഷ്യൽ ഇയറിൽ 15,495 ആയിട്ട് പരിമിതപ്പെടുത്താൻ കഴിഞ്ഞു. 739 കോടി രൂപയുടെ വർദ്ധനവ് മാത്രമേ റവന്യു എക്സ്പെന്റിച്ചറിൽ വന്നിട്ടുള്ളു. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിനെക്കുറിച്ച് നേരത്തേ സംസാരിച്ച എന്റെ സുഹൃത്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഏത് ഇക്കോണമിയെ സംബന്ധിച്ചിടത്തോളവും അഭികാമ്യമായ ഒരു കാര്യം ഇത് തന്നെയാണ്. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ 2002-03-ൽ പതിനായിരത്തി അറുപത്തിയാറ് കോടി രൂപയായിരുന്നു. അത് 2003-04 ലാസ്റ്റ് ഇയറിൽ 12,253 കോടി രൂപയായിട്ട് മാറി. ഇത് നിശ്ചയമായും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നേട്ടമാണ്. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ രംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞ പ്രവർത്തനത്തെ നിസ്സാരമായി കാണാൻ കഴിയില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ വരുമാനത്തിന്റെ 93 ശതമാനവും ശമ്പളത്തിനും പെൻഷനും കടമെടുത്ത തുകയുടെ പലിശയ്ക്കും വേണ്ടി വിനിയോഗിക്കുന്ന ഒരു സംസ്ഥാനത്ത് വികസന പാതയിലൂടെ നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ ഏത് ഗവൺമെന്റ് വിചാരിച്ചാലും പ്രയാസങ്ങളുണ്ട്, പരിമിതികളുണ്ട്. പക്ഷെ ആ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും കൂടുതൽ പ്രൊപ്പോസൽസ് അടങ്ങിയ, സമസ്ത മേഖലയേയും പരാമർശിക്കുന്ന പ്രൊപ്പോസൽസ് അടങ്ങിയ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒന്നും ചെയ്തിട്ടില്ലെന്ന് ഇവിടെ ചിലർ പ്രസംഗിച്ചു. ഒരു തൊഴിൽദായകനെന്നുള്ള നിലയിൽ നാളെകളിൽ ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും, എൽ. ഡി. എഫ്. ആകട്ടെ യു. ഡി. എഫ്. ആകട്ടെ തൊഴിൽ നൽകുന്ന ഒരു ഏജൻസിയായിട്ട് ഇനി ഭാവിയിൽ മുന്നോട്ടുപോകാൻ കഴിയില്ല എന്നുള്ളത് അംഗീകരിക്കപ്പെട്ട ഒരു പരമാർത്ഥമാണ്. അത് കണ്ടുകൊണ്ടുതന്നെയാകണം ഏതാണ്ട് നാലര ലക്ഷത്തോളം എംപ്ലോയ്മെന്റ് ജനറേഷൻ ഡയറക്ടായിട്ടോ ഇൻഡയറക്ടായിട്ടോ സാദ്ധ്യമാകുന്ന പ്രൊപ്പോസൽസ് ഈ ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. സിക്ക് യൂണിറ്റുകളുടെ പുനരുദ്ധാരണം, അതിന് 40,000 തൊഴിൽ അവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. ആട്ടോമൊബൈൽ രംഗത്ത് വർക്ക് സെന്ററുകളും ട്രെയിനിംഗ് സെന്ററുകളും സ്ഥാപിച്ച് ആയിരക്കണക്കിന് തൊഴിൽ അവസരങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് എന്നാലും കുറച്ചു പേർക്കെങ്കിലും തൊഴിൽ കൊടുക്കാൻ കഴിയും. കുടുംബശ്രീയിലൂടെ 40,000 പേർക്ക് തൊഴിൽ പ്രതീക്ഷിക്കുന്നു. മൈക്രോ ഫൈനാൻസ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളിലൂടെ 50,000 തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു. നമ്മുടെ നഗരസഭകളിൽ വനിതാ തൊഴിലാളി ഗ്രൂപ്പുകൾ—അത് പുതിയ സംരംഭമാണ്—രൂപീകരിച്ചുകൊണ്ട് ശുചീകരണ രംഗത്ത് കുറെ തൊഴിലവസരങ്ങളുണ്ടാക്കാൻ ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. മാംസ വ്യാപാരവുമായി ബന്ധപ്പെട്ട് ആടിനെ വളർത്തുന്നതിന് ആ രംഗത്ത് 20,000 തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു. പരമ്പരാഗത വ്യവസായമായ കയർ രംഗം പുനരുദ്ധരിപ്പിച്ചുകൊണ്ട് ഒരു ലക്ഷം തൊഴിലവസരങ്ങളുണ്ടാക്കാൻ ധനകാര്യ വകുപ്പുമന്ത്രി വിഭാവന ചെയ്യുന്നു. കാർഷിക രംഗത്ത് ഒരു ലക്ഷം തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു. അങ്ങനെ വിവിധ മേഖലകളിൽ നാലര ലക്ഷം തൊഴിലവസരങ്ങൾ ലക്ഷ്യമിടുമ്പോൾ അതിൽ കുറെയെങ്കിലും തൊഴിലവസരങ്ങൾ നമ്മുടെ രാജ്യത്ത് ജനറേറ്റ് ചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിന് പ്രതിപക്ഷ യുവജന പ്രസ്ഥാനങ്ങളുടെ സഹകരണമാണ് വേണ്ടതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ബഡ്ജറ്റിൽ കേരളത്തിലെ സമസ്ത മേഖലകളേയും ദൂരക്കാഴ്ചയോടെ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങളുണ്ട്. ഈ ബഡ്ജറ്റിൽ നികുതി നിർദ്ദേശങ്ങൾ പലതുമുണ്ട്. ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന ആഢംബര നികുതിയെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായി പിൻതുണയ്ക്കുകയാണ്. ധൂർത്തും ദുർവിനിയോഗവും നടമാടുന്ന സംസ്ഥാനത്ത് വിവാഹ വിരുന്നുകൾക്കും വൻകിട ഹോട്ടലുകൾക്കും കെട്ടിടങ്ങൾക്കുമെല്ലാം അതുപോലെ സ്വർണ്ണത്തിന്റെ ഉപയോഗത്തിനും ഉപഭോഗത്തിനുമെല്ലാം ഏർപ്പെടുത്തിയിരിക്കുന്ന ആഢംബര നികുതിയെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുകയാണ്. ആ രംഗത്തുനിന്ന് പരമാവധി വരുമാനമുണ്ടാക്കാൻ, ആ രംഗത്ത് നിയമത്തിന്റെ വലവിരിക്കുവാൻ അങ്ങ് മുന്നോട്ടുവന്നതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. വസ്തുകൈമാറ്റത്തിന്റെ കാര്യത്തിൽ യുക്തിസഹമായ രീതിയിൽ വേണം പഴയ നിലയിലേക്ക് പോകാൻ. 2003-ലേക്ക് മടങ്ങിപ്പോകുമ്പോൾ പ്രതീക്ഷിച്ച വരുമാനം ഈ രംഗത്ത് സ്വീകരിച്ച നടപടികൊണ്ട് കഴിഞ്ഞിട്ടില്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യത്തിലും പഴയ നിലയിലേക്ക് മടങ്ങിപ്പോകുമ്പോൾ ഡ്യൂട്ടി ഇവേഷൻ വരാതിരിക്കാൻ നോക്കണ മെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അല്ലെങ്കിൽ അപകടകരമായ സാഹചര്യ മുണ്ടാക്കും. വസ്തുവിന്റെ വില കുറച്ചു വയ്ക്കും. വസ്തുവിന്റെ വില നിർണ്ണയിക്കാൻ ഗവൺമെന്റിന് കഴിയില്ലല്ലോ. അങ്ങനെവരുമ്പോൾ യുക്തിസഹമായ ഒരു തീരുമാനം വസ്തു കൈമാറ്റത്തിന്റെ കാര്യത്തിൽ, ആസ്ഥികളുടെ വിൽപ്പനയുടെ കാര്യത്തിൽ സ്റ്റാമ് ഡ്യൂട്ടിയുടെ കാര്യത്തിൽ സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്തിക്കാനുള്ളത്. അതുപോലെതന്നെ സ്വർണ്ണ വിൽപ്പനയുടെ കാര്യത്തിലും ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണം. ഏറ്റവും കൂടുതൽ നികുതി കിട്ടേണ്ട ആ രംഗത്ത് ഗവൺമെന്റിനെ കബളിപ്പിക്കുകയാണ്. ആ രംഗത്തേക്ക് ശക്തമായ ഇടപെടൽ ഉണ്ടാകണം. സർ, 'വാറ്റ്' യാഥാർത്ഥ്യമായി. ഏപ്രിൽ 1-ാം തീയതിമുതൽ ഇൻഡ്യ മുഴുവൻ അത് നടപ്പിലാകുകയാണ്. അന്തർദേശീയ തലത്തിൽ പല രാജ്യങ്ങളിലും ഇത് നടപ്പിലാക്കിയിട്ട് വിജയകരമായി. ആ കോൺസപ്റ്റ് ഞാൻ അംഗീകരിക്കുന്നു. ഈ കാര്യത്തിൽ കേരളത്തിൽ വ്യത്യസ്തമായ റിയാക്ഷൻ ഉണ്ടാകുമെന്ന് ഞാൻ ഭയപ്പെടുന്നു. ഇവിടെ ഇത് വില വർദ്ധനവിന് ഇടയാക്കും എന്ന് തന്നെയാണ് എന്റെ വിലയിരുത്തൽ. ഞാൻ ഭരണകക്ഷി ബഞ്ചിൽ ഇരുന്നുകൊണ്ടുതന്നെ പറയുകയാണ്. വ്യാപാരി വ്യവസായികളോ ഏകോപന സമിതികളോ എതിർത്തു എന്നുള്ളതുകൊണ്ടല്ല. നമ്മുടെ പൊതുവിൽപ്പനനികുതി നിയമം മാറ്റേണ്ടിവരും. ഇപ്പോൾ അങ്ങ് പറഞ്ഞിരിക്കുന്നത് ഇത് നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കും എന്നാണ്. ഇതിനകത്ത് അത്യാവശ്യം വേണ്ട ഭേദഗതികൾ ഇല്ലാതാകാൻ പോവുകയാണ്. യഥാർത്ഥത്തിൽ അതിന്റെ ഓപ്പറേഷന് യാതൊരു പ്രസക്തിയും ഇല്ലാതാകാൻ പോകുന്നു. വാറ്റ് സാധാരണ ജനങ്ങളുടേയും പാവപ്പെട്ടവരുടേയും നിത്യജീവിതത്തിന് ബാദ്ധ്യതയായി മാറാതേയും വില വർദ്ധനവിന് കാരണം ആകാതേയും നോക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ആറ് ഐറ്റംസിനെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ നിന്നും ഒഴിവാക്കുകയുണ്ടായി. ഇന്നലെ ഇവിടെ ഡോ. തോമസ് ഐസക് പറഞ്ഞതു തന്നെയാണ് ഞാൻ ആവർത്തിക്കുന്നത്. ഈ ആറ് ഐറ്റംസിന് മാത്രമല്ല, കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതഭാരം വർദ്ധിപ്പിക്കാതെ പരമാവധി നിത്യോപയോഗ സാധനങ്ങൾക്ക് നാമമാത്രമായ നികുതി മാത്രം നൽകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അത്തരം ഐറ്റംസിനെ ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള വിവേചനാധികാരം സംസ്ഥാനത്തിനുണ്ട്. ആ വിവേചനാധികാരം ഗവൺമെന്റ് വിനിയോഗിക്കണം എന്നുള്ള നിർദ്ദേശം കൂടി ഞാൻ മുന്നോട്ടുവയ്ക്കുന്നു. കാർഷികാദായ നികുതിയുടെ രംഗത്ത് 10 കോടി രൂപ മാത്രമാണ് ഈ ബഡ്ജറ്റിൽ കിട്ടാൻ പോകുന്നത്. സർ, കാർഷിക മേഖല തളരുമ്പോൾ, കാർഷിക മേഖല കിതയ്ക്കുമ്പോൾ ഈ 10 കോടി രൂപ ലക്ഷ്യം വച്ചുകൊണ്ട് എന്തിനാണ് അഗ്രിക്കൾച്ചർ ഇൻകം ടാക്സ് എന്ന് പറയുന്ന ഒരു വലിയ എസ്റ്റാബ്ലിഷ്മെന്റുമായിട്ട് നാം മുന്നോട്ടു പോകുന്നത്? ഈ 10 കോടി രൂപ കളക്ട് ചെയ്യാൻ ഏതാണ്ട് അത്രയും കോടി രൂപ ചെലവഴിക്കേണ്ടിവരും. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 1 ശതമാനം പോലും വരുന്നില്ല. അതുകൊണ്ട് കേരളത്തിലെ കാർഷിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് കാർഷികാദായനികുതി വേണ്ട എന്ന് വയ്ക്കാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിന് എത്രത്തോളം ധൈര്യം പ്രകടിപ്പിക്കാൻ പറ്റും എന്ന് എനിക്ക് അറിയില്ല. പക്ഷേ അങ്ങ് ആ ധൈര്യം പ്രകടിപ്പിച്ചില്ലെങ്കിൽ ഞാൻ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കാം: ഏറ്റവും കുറഞ്ഞത് 10 ഹെക്ടർ വരെയെങ്കിലും ഭൂമിയെ കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കി കൊണ്ടുള്ള പ്രഖ്യാപനം നാളെ വൈകിട്ട് ഈ ചർച്ച സമാപിക്കുമ്പോൾ ഉണ്ടാകണം എന്നാണ് പറയാനുള്ളത്. അത് ഉപേക്ഷിക്കണം. അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് ഒന്നും കിട്ടുന്നില്ല. നമ്മുടെ കാർഷിക മേഖലയ്ക്ക് കൊടുക്കുന്ന സബ്സിഡികൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത് ഉപേക്ഷിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞു. നികുതിയേതര വരുമാനം കേരളം പോലുള്ള സംസ്ഥാനത്ത് അപ്രധാനമാണ് എന്നാണ് അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരിക്കുന്നത്. നമ്മുടെ ഇപ്പോഴത്തെ സിസ്റ്റത്തിൽ അത് അപ്രധാനമായിരിക്കാം. പക്ഷേ നികുതിയേതര വരുമാനത്തിൽ നമ്മൾ കോൺസൻട്രേറ്റ് ചെയ്യണം എന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതേപോലെതന്നെ കേരളത്തിൽ പൊട്ടൻഷ്യലായിട്ട് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മേഖലകളാണ് വിദ്യാഭ്യാസ രംഗവും ആരോഗ്യ രംഗവും. ഈ രണ്ട് സേവന രംഗങ്ങളിൽ കാശ് ഉള്ളവരിൽ നിന്നും കാശ് വാങ്ങുവാൻ നമ്മുടെ സംസ്ഥാനം മുന്നോട്ടുവരണം. ഞാൻ രണ്ട് രംഗം ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. നികുതിയേതര വരുമാനം വെട്ടിപ്പിടിക്കാൻ കഴിയുന്ന ഏതെല്ലാം മേഖലകളുണ്ടോ ആ മേഖലകളെ കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനയോ ഒരു കമ്മിറ്റിയെയോ വച്ചുകൊണ്ട് നികുതി വരുമാനത്തോടൊപ്പം നികുതിയേതര വരുമാനവും സമാന്തരമായി സമാഹരിക്കാനുള്ള, അത് ഒരു വരുമാന സ്രോതസ്സായി കണ്ടെത്താനുള്ള ശ്രമത്തിന് അങ്ങയുടെ കാലത്ത് തുടക്കം കുറിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ വേൾഡ് ബാങ്കിന്റെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ പി.ഡബ്ലിയു.ഡി. റോഡുകൾ 1200 കി.മീ. കെ.എസ്.ടി.പി. ചെയ്യുന്നു. കേരളത്തിന്റെ റോഡുകളുടെ മുഖച്ഛായ മാറിക്കൊണ്ടിരിക്കുകയാണ്. മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ കരാർ വരിക്കാർ ഈ രംഗത്തുണ്ട്. കോൺട്രാക്ടിംഗ് സിസ്റ്റമാണ് ഇവിടെയുള്ളത്. പക്ഷേ റോഡുകളുടെ നിർമ്മാണം നടക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞത് പത്ത്

LIBRARY ARCHIVES Kerala Legislative Assembly

വർഷക്കാലത്തെ സംരക്ഷണം കൂടി കോൺട്രാക്ട് എഗ്രിമെന്റ് വയ്ക്കുമ്പോൾ അവരെ ഏൽപ്പിക്കേണ്ടതുണ്ട്. അത് ഒരു ബാദ്ധ്യതയായിട്ട് ഈ കരാറുകാരെ ഏൽപ്പിക്കണം എന്നുള്ള ഒരു നിർദ്ദേശം കൂടി വയ്ക്കുകയാണ്. അമേരിക്കൻ ഐക്യനാടുകൾ ഉൾപ്പെടെയുള്ള രാജ്യങ്ങൾ സ്വീകരിച്ചിരിക്കുന്ന ആ സമീപനം കേരളവും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ശ്രീ. ഷിബു ബേബിജോൺ പറഞ്ഞ ഒരു കാര്യം ഞാൻ ചൂണ്ടിക്കാട്ടുകയാണ്. ഐ.ടി. രംഗത്ത് ലോകത്തെമ്പാടുമുള്ള തൊഴിലവസരങ്ങൾ, അത് അമേരിക്കയിലാകട്ടെ, കാനഡയിലാകട്ടെ മറ്റ് യൂറോപ്യൻ രാജ്യങ്ങളിലാകട്ടെ, ആ തൊഴിലവസരങ്ങൾ കേരളത്തിലെ ബുദ്ധിശക്തിയുള്ള ചെറുപ്പക്കാർക്ക് കിട്ടേണ്ടതാണ്. പക്ഷേ അവിടെയുള്ള തൊഴിലവസരങ്ങൾ തേടിപ്പിടിക്കാൻ കഴിയുന്ന കോഴ്സുകൾ വിവര സാങ്കേതിക വിദ്യാരംഗത്ത് ഏർപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. കേരളത്തിൽ ചെറുതും വലുതുമായ ഇത്രയും ഐ.ടി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവിടത്തെ ആവശ്യം അനുസരിച്ചുള്ള കോഴ്സുകൾ ഇവിടെ കൊടുക്കാൻ കഴിയുന്നില്ല. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. ലോകത്തെമ്പാടുമുള്ള തൊഴിലവസരങ്ങളെക്കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും നമുക്ക് കഴിയണം. കേരളത്തിലെ സാങ്കേതിക-വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഐ.ടി. രംഗത്തെ തൊഴിലവസരങ്ങൾക്ക് ഉതകുന്ന കോഴ്സുകൾ ആരംഭിക്കാനുള്ള ഒരു ശ്രമത്തിന് തുടക്കം കുറിക്കണം എന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വാശ്രയ കോളേജുകൾ വാരിക്കോരി കൊടുത്തു, കൂടുതലായിരിക്കുന്നു എന്നൊക്കെ ആക്ഷേപം വന്നു. എന്നാൽ കേരളത്തിൽ നിന്നും കർണ്ണാടകയിലേക്കും തമിഴ്നാടിലേക്കും മഹാരാഷ്ട്രയിലേക്കുമുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് അവസാനിപ്പിച്ചുകൊണ്ട് കേരളത്തിന്റെ നാല് അതിരുകൾക്കകത്ത് ആരംഭിച്ച ആ സ്ഥാപനങ്ങളിലെ ആദ്യ ബാച്ചുകൾ പുറത്തുവരാൻ പോവുകയാണ്. നാല് വർഷം കഴിഞ്ഞു. എട്ട് സെമസ്റ്ററുകൾ കഴിഞ്ഞു. അവർക്ക് ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാകാൻ പോകുന്നില്ല. അവർക്ക് സംസ്ഥാനം വിട്ടുപോയാൽ മാത്രമേ തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളൂ. ബി.ടെക്. കൊണ്ടോ ബി.ഇ. കൊണ്ടോ അവർക്ക് ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാകാൻ പോകുന്നില്ല. അവർക്ക് അനുബന്ധമായി കൊടുക്കേണ്ട കോഴ്സുകളെക്കുറിച്ചും ട്രെയിനിംഗുകളെക്കുറിച്ചും നമുക്ക് ഒരു കാഴ്ചപ്പാട് ഉണ്ടാകണം. അത് ഒരു ഫോളോഅപ് ആക്ഷനായിട്ട് നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വകുപ്പുകളോ മുൻകൈ എടുത്തുകൊണ്ട് മനസ്സിലാക്കാനും പഠിക്കാനും അവർക്ക് ഒരു എംപ്ലോയ്മെന്റ് ഗൈഡൻസ് കൊടുക്കാനും നമ്മുടെ സംസ്ഥാനത്ത് ഒരു സംവിധാനം ഉണ്ടാകണം എന്ന് കൂടി അഭ്യർത്ഥിക്കട്ടെ. ശ്രീ. ഷിബു ബേബിജോൺ പറഞ്ഞ ഒരു കാര്യം കൂടി പറയാം. ഇന്റർനാഷണൽ മാർക്കറ്റ് നമുക്ക് പിടിച്ചെടുക്കാൻ കഴിയും. നമ്മൾ അഭിമാനം കൊള്ളുന്ന നമ്മുടെ കുടുംബശ്രീ ഉൾപ്പെടെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളെ മുഴുവൻ സജീവമാക്കിക്കൊണ്ട് ഇന്റർനാഷണൽ മാർക്കറ്റ് ഓരോ രംഗത്തും നമുക്ക് പിടിച്ചെടുക്കാൻ കഴിയും.

കാൻസറിനുപോലും ദിവ്യ ചികിൽസ നൽകുന്ന ട്രൈബൽ മെഡിസിൻ ഉൾപ്പെടെയുള്ളവവഴി ഇന്റർനാഷണൽ മാർക്കറ്റ് വെട്ടിപ്പിടിക്കാനും കീഴടക്കാനും നമുക്ക് കഴിയും. അതുകൊണ്ട് ഇന്റർനാഷണൽ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയുള്ള ശ്രമം

LIBRARY ARCHIVES Kerala Legislative Assembly

കേരളം ആരംഭിക്കണമെന്നുകൂടി ഞാൻ പറയട്ടെ: 2004-2005-ൽ നമ്മുടെ ഏറ്റവും വലിയ വരുമാന സ്രോതസ്സായ സെയിൽസ് ടാക്സിൽ നിന്നുള്ള വരുമാനം 7001 കോടി രൂപയാണ് നമ്മൾ ലക്ഷ്യം വച്ചിരുന്നത്. ആ 7001 കോടി രൂപയിൽ 4399 കോടി രൂപ മാത്രമേ ഒൻപതു മാസംകൊണ്ട് കളക്ട് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. ബാലൻസ് വരുന്ന 2600 കോടി രൂപ ഈ അവശേഷിക്കുന്ന ദിവസങ്ങൾകൊണ്ട് കളക്ട് ചെയ്യണമെങ്കിൽ അങ്ങയുടെ ഊർജ്ജസ്വലമായ നേതൃത്വവും ജാഗ്രതയും വേണ്ടിവരും. അതുകൂടി ഈ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് ഈ നിയമസഭയുടെ ചരിത്രത്തിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിൽ ഏറ്റവും കൂടുതൽ പ്രൊപ്പോസൽസുള്ള ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഈ ജനദ്രോഹ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെപ്പറ്റി ഭരണകക്ഷിയിൽപ്പെട്ട പല അംഗങ്ങളും വലിയ വിശേഷണങ്ങളൊക്കെ നടത്തി. ഞാൻ ആ വിശേഷണങ്ങളെയൊന്നും എതിർക്കുന്നില്ല. അദ്ദേഹം സ്പീക്കറായിരുന്നു, ഗവർണ്ണറായിരുന്നു, പല വകുപ്പിന്റെയും മന്ത്രിയായിരുന്നു, വേണമെങ്കിൽ അദ്ദേഹത്തിന്റെ കളി വിജയിച്ചാൽ ഒന്നാം കസേരയിലേക്ക് പോകാൻ കഴിയുന്നവനാണ്, എല്ലാ യോഗ്യതയും ഉള്ള ആളാണ്. എനിക്ക് ഒരു അഭിപ്രായമുണ്ട്, നിയമസഭയിൽ അദ്ദേഹം അവതരിപ്പിച്ച ഈ ബഡ്ജറ്റ് കേരളത്തിലെ പൊതുജന സമൂഹം എങ്ങനെ സ്വീകരിച്ചു എന്നതിനെപ്പറ്റി അദ്ദേഹം ഒന്നു ചിന്തിക്കുന്നത് നന്നായിരിക്കും എന്നതാണത്. ബഡ്ജറ്റ് പ്രഖ്യാപനം കഴിഞ്ഞാൽ സാധാരണ കേരളത്തിലെ ജനങ്ങൾ അതിനെപ്പറ്റി അഭിപ്രായം പറയാറുണ്ട്. ഇവിടത്തെ പത്രങ്ങളിൽ എഡിറ്റോറിയൽ എഴുതാറുണ്ട്. ഇവിടത്തെ സാമ്പത്തിക വിദഗ്ദ്ധൻമാർ അഭിപ്രായം പറയാറുണ്ട്. ആരെങ്കിലും ഈ ബഡ്ജറ്റ് കേരളീയ സമൂഹത്തിന് ഗുണകരമായ ഒരു ബഡ്ജറ്റാണെന്ന് പറഞ്ഞിട്ടുണ്ടോ? ഇല്ല എന്നതാണ് ഏറ്റവും ഖേദകരമായ സംഭവം. അദ്ദേഹത്തിന്റെ കഴിവിനെ ഞാൻ കുറച്ചു കാണുന്നില്ല. പക്ഷെ അദ്ദേഹത്തിന് ഒരു ഗൂഢ ഉദ്ദേശം ഉണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. അദ്ദേഹത്തിന് ഇപ്പോൾ ഇരിക്കുന്ന സ്ഥാനം കഴിഞ്ഞാൽ ഞാൻ ആദ്യമേ സൂചിപ്പിച്ചപോലെ ഒന്നാമത്തെ കസേരയിലേക്ക് പോകാൻ ഒരു വർഷം മാത്രം ഉള്ളതുകൊണ്ട് കഴിയുന്നില്ല എങ്കിൽ ഇനിയും അദ്ദേഹം ഈ സ്ഥാനങ്ങളിലൊക്കെ വന്നതുപോലെ വേണമെങ്കിൽ അടുത്ത ഗവർണ്ണറാകാനും അദ്ദേഹത്തിന് കഴിയും. അങ്ങനെ അദ്ദേഹം സ്ഥാനം നിലനിർത്തിയാലും അദ്ദേഹത്തിന് പിൻതുണ കൊടുത്തുകൊണ്ടിരിക്കുന്ന ഒറ്റ കോൺഗ്രസ്സ് എം.എൽ.എ. പോലും അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഈ സഭയിൽ വരരുത് എന്ന് അദ്ദേഹത്തിന് വളരെ നിർബന്ധമുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ഇതുപോലൊരു ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്നാണ് എന്റെ അഭിപ്രായം. എനിക്ക് ആദരണീയനായ വക്കം. ബി. പുരുഷോത്തമനോട് പറയാനുള്ളത് അങ്ങ് സ്പീക്കറായിരുന്ന ആളായതുകൊണ്ടാണ് പറയുന്നത് ഈ സഭയോട് ഞങ്ങളേക്കാൾ കൂടുതൽ ഉത്തരവാദിത്വം അങ്ങ് പ്രകടിപ്പിക്കണം എന്നതാണ് അത്. അങ്ങേയ്ക്ക് സത്യം പറയാൻ ബാദ്ധ്യതയില്ലേ? ഇവിടെ ഇന്നലെ സംസാരിച്ച ശ്രീ ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു; കാർഷികാദായ നികുതി നിയമം ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ഭാഗം ശരിയല്ല, അത് തിരുത്തണം എന്ന്. ഉദ്യോഗസ്ഥരുടെ കയ്യുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു എന്ന്. അപ്പോൾ ഒരു മടിയും കൂടാതെ വക്കം ബി. പുരുഷോത്തമൻ സഭയിൽ എഴുന്നേറ്റ് പറഞ്ഞു, ഉദ്യോഗസ്ഥൻമാരെ കുറ്റപ്പെടുത്തണ്ട, എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഞാൻ പറഞ്ഞിട്ട് എഴുതിയതാണെന്ന്. അപ്പോൾ ഞാൻ ചോദിക്കട്ടെ 2005-2006-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി എന്റെ കൈയിൽ ഉണ്ട്. 2005-2006-ലെ ബഡ്ജറ്റിൽ 36-ാം പേജിൽ വക്കം ബി. പുരുഷോത്തമൻ പറയുന്നത് ആദായ നികുതിക്ക് ബാധകമല്ലാത്ത വരുമാനം മാത്രമേ കാർഷികാദായ നികുതിക്ക് ബാധകമാകൂ എന്ന വ്യവസ്ഥ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നാണ്. ഇതിൽനിന്നും 2 കോടി രൂപയുടെ വരുമാന നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകും. അതുതന്നെ കഴിഞ്ഞ വർഷത്തെ ശ്രീ. ശങ്കരനാരായണന്റെ ബഡ്ജറ്റ് പ്രസംഗത്തിലും 44-ാം പേജിൽ പറയുന്നുണ്ട്. ഇതിന് അനുസൃതമായ മാറ്റങ്ങൾ കാർഷികാദായ നികുതി നിയമത്തിലെ 39-ാം വകുപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. രണ്ടു കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു എന്നു പറയുന്നുണ്ട്. അപ്പോൾ കഴിഞ്ഞ ബഡ്ജറ്റിലും അങ്ങ് നിർദ്ദേശിച്ചിട്ടാണോ ഇതുപോലെ എഴുതിവച്ചത്? പറയണം. ഞാൻ ചോദിക്കുന്നത് ശ്രീ. ശങ്കരനാരായണൻ വിത്ഡ്രാ ചെയ്യാൻ തയ്യാറായാൽ, ഈ നിയമം എന്തുകൊണ്ട് സർവ്വകലാവല്ലഭൻ എന്ന് അഭിമാനിക്കുന്ന അങ്ങ് കൊണ്ടുവന്ന ബഡ്ജറ്റിൽ വന്നു? ഉത്തരം പറയണ്ടേ, ഉദ്യോഗസ്ഥർ കൊണ്ടുവന്നതാണെന്ന് ശ്രീ. ജോണി നെല്ലൂർ പറഞ്ഞപ്പോൾ അങ്ങ് സ്വയം കൊണ്ടുവന്നതാണെന്ന് പറഞ്ഞല്ലോ. അങ്ങനെയാണെങ്കിൽ ശ്രീ. ശങ്കരനാരായണന്റെ ബഡ്ജറ്റിലും അങ്ങ് തന്നെയാണോ കൊണ്ടുവന്നത്? പറയണം. ഒരു സംശയവുമില്ല ഈ സംസ്ഥാനത്തെ ജനങ്ങളോട് ഉത്തരവാദിത്വം ഇല്ലാത്ത ഇവിടത്തെ ബ്യൂറോക്രാറ്റ്സ്, അവരിൽ ഒരു വിഭാഗം ഇവിടത്തെ സാമ്രാജ്യത്വ വാദികളുടെ ചട്ടുകമായി പ്രവർത്തിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്നവരാണ് എന്ന ആരോപണമാണ് എനിക്ക് പറയാനുള്ളത്. ഒരു മടിയും ഇല്ല എനിക്കതു പറയാൻ. ഇവിടത്തെ നാലോ അഞ്ചോ ഐ.എ.എസുകാർ അവർ നിയമസഭയിൽ ഉത്തരം പറയാൻ പറ്റാത്തവരായതുകൊണ്ട് വിമർശിക്കയാണെന്ന് അങ്ങ് പറയും, ഞാൻ പറയുന്നു പുറത്തുവച്ചും വിമർശിക്കാൻ ഞാൻ തയ്യാറാണ്. ഒരു അഞ്ചോ, ആറോ ഉദ്യോഗസ്ഥൻമാർ, നാലോ അഞ്ചോ അല്ല, [*** *** *** ***] സംശയിക്കേണ്ടതായിട്ടുണ്ട്. ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുന്നവർ. ഞാൻ ആ അഭിപ്രായക്കാരനാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): അതെല്ലാം രേഖയിൽ നിന്ന് മാറ്റണം, എന്തായിത്, എന്തുമാകാമെന്നാണോ? അത് രേഖയിൽ നിന്നും മാറ്റണം. [*** *** *** ***]അത് രേഖയിൽ നിന്ന് മാറ്റണം.

മി. ചെയർമാൻ: ഈ മാതിരി പരാമർശനങ്ങൾ രേഖയിൽ കാണുന്നതല്ല.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ചെയറിന് അറിയാൻവേണ്ടി പറയുകയാണ് 1958-ൽ ഇവിടെ വിമോചന സമരം നടന്നു. മൊയ്നിഹാൻ; അന്നത്തെ അമേരിക്കൻ സ്ഥാനപതി വർഷങ്ങൾ കഴിഞ്ഞ് പെൻഷൻ പറ്റി അമേരിക്കയിൽ

*** ഫയൽ നമ്പർ: 128/EB/2005/Leg-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചെത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹം ലേഖനമെഴുതി, ഇവിടത്തെ വിമോചന സമരത്തിന് 10 ലക്ഷം ഡോളർ അമേരിക്കയും, സി.ഐ.എ.യും ചെലവുചെയ്തു എന്ന്. നിഷേധിക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഉണ്ടായിരുന്നല്ലോ, അതിപ്പോൾ പറഞ്ഞാൽ രേഖയിൽ നിന്ന് നീക്കം ചെയ്യുമോ?

(ബഹളം . . . . . ബഹളം . . . . .)

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. I am on a point of order.

വിമോചന സമരം നടത്തിയത് സത്യംപറഞ്ഞാൽ അന്ന് ശ്രീ. ജോർജ്ജ് ഉൾക്കൊള്ളുന്ന പാർട്ടിയടക്കം ഉള്ളവരാണ്. എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ എത്ര കിട്ടിയിട്ടുണ്ട് എന്നുള്ളത് ശ്രീ. ജോർജ്ജിനറിയാം. അത് ഞങ്ങൾക്കാർക്കും അറിയില്ലാത്ത ഒരു കേസാണ്. അതുകൊണ്ട് എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ ശ്രീ. ജോർജ്ജ് ആ വിവരം പറഞ്ഞങ്ങു തീർക്കുക എന്നുള്ളതല്ലാതെ ബാക്കിയുള്ള ആളുകളെ അതിനകത്ത് വരുത്തണ്ട. ദയവായിട്ട് ഇതുപോലുള്ള കാര്യങ്ങൾ രേഖയിൽ ഉണ്ടാകരുത്.

ശ്രീ. പി. സി. ജോർജ്: ഞാൻ പറഞ്ഞത് വളരെ വ്യക്തമാണ്. 1958-ൽ നടന്ന കാര്യമാണ്, അന്ന് എനിക്ക് എത്ര വയസ്സുണ്ട്, 58-ൽ എന്റെ പ്രായം എത്രയാണ്? ഞാൻ പറഞ്ഞത് മറ്റൊന്നുമല്ല. മൊയ്നിഹാൻ വർഷങ്ങൾ കഴിഞ്ഞ് എഴുതിയ ആ കാര്യം, ഈ സഭയിൽ പറഞ്ഞപ്പോൾ സി.ഐ.എ. എന്ന വാക്ക് ഉപയോഗിച്ചതുകൊണ്ട് സഭയുടെ രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് അങ്ങയെപ്പോലെ ഒരാൾ പറയുന്നു. [*** *** *** ***]

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഗുരുതരമായിട്ടുള്ള ഒരു ആരോപണമാണ് ഉന്നയിച്ചത്. അത് രേഖയിൽ കാണുന്നതല്ല.

ശ്രീ. പി. സി. ജോർജ്: അതെ. ഇപ്പോഴും പറയുന്നു ഞാൻ അതിനോട് ഉറച്ചു നിൽക്കുന്നവനാണ്, ഒരു സംശയവും വേണ്ട. ഉദ്യോഗസ്ഥൻമാരുടെ കാര്യമാണ്. ഞാൻ ചോദിക്കട്ടെ, ഇവിടെ 2004-2005-ലെയും, 2005-2006-ലെയും ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഒരേ രീതിയിൽ തന്നെ പറഞ്ഞിരിക്കുന്നത് നിഷേധിക്കാൻ പറ്റുമോ? എന്നിട്ട് അന്ന് ശ്രീ. ശങ്കരനാരായണൻ പിൻവലിക്കാൻ തയ്യാറായി. ഇപ്പോൾ അദ്ദേഹം അതിന് അഭിപ്രായം പറയണ്ട, ഇതിന് മാറ്റം വരുത്താത്തതെന്താ? ഞാൻ ഒരു രേഖകൂടി അങ്ങയുടെ മുമ്പിൽ ഹാജരാക്കാം. ഇത് ബഡ്ജറ്റ് ഇൻ ബ്രീഫ് 2005-2006-ൽ ഉള്ളതാണ്. അങ്ങയുടേതു തന്നെയാണ്. അതിനകത്ത് പേജ് 14, അതിൽ, Tax on agricultural income എന്ന് പറയുന്നുണ്ട്. അങ്ങ് മനസ്സിലാക്കേണ്ടത്, 1997-98-ൽ

*** ഫയൽ നമ്പർ: 128/EB/2005/Leg-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

2138 ലക്ഷം, 1998-99-ൽ 2702 ലക്ഷം, 1999-2000-ൽ 1419 ലക്ഷം, 2000-2001-ൽ 383 ലക്ഷം, അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്താണ്. അതുകഴിഞ്ഞ് കൂടുകയാണ്. ബഹുമാനപ്പെട്ട യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് വന്ന് കൃഷിക്കാരനെ രക്ഷിക്കുന്ന ഭാഗമാണ് 2001-2002-ൽ 187 ലക്ഷം ആയിരുന്നത് 2002-2003-ൽ 640 ലക്ഷം, 2003-2004-ൽ 874 ലക്ഷം, 2004-2005-ൽ 971 ലക്ഷം. ഇപ്പോൾ എത്രയാണെന്നറിയണോ അദ്ദേഹം തന്നെ കൊണ്ടുവന്നിരിക്കുന്നത് 1090 ലക്ഷം. എവിടെനിന്നാ ഈ വർദ്ധനവ്? പാവപ്പെട്ട കൃഷിക്കാരൻ, അഞ്ചു ഹെക്ടർ വരെയുള്ള കൃഷിക്കാരനെ കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുമ്പോൾ ഈ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് 1090 ആകുന്നത് എവിടെനിന്നാണ്? 119 കോടി രൂപ ആര് കൂടുതൽ ഉണ്ടാക്കാൻ പോകുകയാണ്? ആർക്കുവേണ്ടി ഉണ്ടാക്കുന്നു? ഇത് പാവപ്പെട്ട ഒന്നും രണ്ടും ഏക്കറുള്ള കാപ്പിക്കുരു ഉൾപ്പെടെ, റബ്ബർ ഉൾപ്പെടെ കൃഷിക്കാരനെ കൊന്ന് ഉണ്ടാക്കാൻ പോകുന്നതല്ലേ? എന്നിട്ടിതൊക്കെ ശരിയാണെന്നു പറഞ്ഞ് ഞെളിഞ്ഞിരിക്കുകയാണ്. അഭിമാനിക്കുകയാണ്. ഇതിനോട് യോജിക്കാൻ എനിക്ക് പറ്റുന്നില്ല. ഞാൻ ചോദിക്കട്ടെ, പൊതുവിതരണ രംഗത്തെ ശക്തിപ്പെടുത്താതെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയുമോ? പാളയം മാർക്കറ്റിൽ പോയി നോക്കണം അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേദിവസം അരിക്ക് രണ്ടു രൂപ വില കൂടി. അങ്ങ്. ഇത് അറിയുന്നില്ല. പൊതുവിതരണം ശക്തിപ്പെടുത്താൻ വെറും ഏഴരക്കോടി രൂപയാണ് വച്ചിരിക്കുന്നത്. കഴിഞ്ഞ കൊല്ലം 111 കോടി രൂപയല്ലേ വച്ചിരുന്നത്? ഇടതുപക്ഷത്തിന്റെ കാലത്ത് 1000 കോടി വച്ചില്ലേ? എന്തുകൊണ്ട് സാധാരണക്കാരനോട്, പാവപ്പെട്ടവനോട് ഉത്തരവാദിത്വമുള്ള ഗവൺമെന്റ് ഇങ്ങനെ ചെയ്യുന്നു? ഇത് അംഗീകരിക്കാൻ കഴിയുമോ? ഇതുപോലെ ഭൂമി കയ്യേറ്റം, ഇടുക്കി ജില്ലയിലാണ് ഏറ്റവുമധികം ഭൂമി കയ്യേറ്റം, ഒരു ഉദാഹരണം കൂടി പറയുകയാണ്. വാഗമണിൽ എത്ര ഏക്കർ ഭൂമി കയ്യേറിപ്പോയി? ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുകയല്ല, തെറ്റിദ്ധരിക്കരുത്. ഇന്നലെ മൂന്നാർ ടൗണിൽ 15 സെന്റ് സ്ഥലത്തോളം കയ്യേറി അവിടെ നല്ല ഒരു ടെന്റും കെട്ടി പാർട്ടി ഓഫീസ് എന്ന് ബോർഡും വച്ചിരിക്കുകയാണ്. ആരാ കയ്യേറിയത്? എക്സ് എം.എൽ.എ. ഗണപതിയാണ് കയ്യേറിയത്. പേര് വച്ച് ഞാൻ പറയുന്നു. ഗണപതി, എക്സ് എം.എൽ.എ. കയ്യേറി വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ അനുവാദത്തോടെയാണെന്ന് ഞാൻ പറയുകയല്ല. പക്ഷേ ഗണപതി, എക്സ് എം.എൽ.എ. നേതൃത്വം കൊടുത്തുകൊണ്ട് പാർട്ടി ഓഫീസ് എന്ന് പേരും എഴുതി ഇന്നലെ ഭൂമി കയ്യേറിയിരിക്കുകയാണ്. ഈ നിലയിലേക്ക് ഭൂമി കയ്യേറ്റം നടക്കുമ്പോൾ ഞാൻ ചോദിക്കട്ടെ, മൂന്നാർ ടൗണിൽ ഉള്ള അനധികൃത കയ്യേറ്റം മാത്രം ഒഴിവാക്കിയാൽ രണ്ട് ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള പണം അങ്ങേയ്ക്ക് കിട്ടുമല്ലോ? എന്തുകൊണ്ട് ഈ ഗവൺമെന്റിന് അത് ചെയ്യാൻ കഴിയുന്നില്ല? പറയണ്ടേ? അതുകൊണ്ട് ഒരുവിധത്തിലും അംഗീകരിക്കാൻ കഴിയാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് അങ്ങയുടേത്. സാധാരണക്കാരനെ നോക്കിക്കൊണ്ടുള്ള ബഡ്ജറ്റല്ല ഇത്, ഇടനില കൃഷിക്കാരനെ നോക്കിക്കൊണ്ടുള്ള ബഡ്ജറ്റല്ല. പിടിച്ചുപറിക്കാൻ കഴിയുന്നവരെ മുഴുവൻ പിടിച്ചുപറിക്കുന്ന നയവുമായി പോകുന്ന ഈ ഗവൺമെന്റിനെ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ മുഴുവൻ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായിട്ട് എതിർക്കുന്നു. പുതിയ ധനകാര്യമന്ത്രിയായി ശ്രീ. വക്കം പുരുഷോത്തമൻ അധികാരം ഏറ്റെടുത്തപ്പോൾ എന്തെങ്കിലും ഇന്ദ്രജാലം കാട്ടി കേരളത്തെ ഒരു ചെറിയ ജന്നത്തുൽ ഫിർദൗസാക്കി തീർക്കാൻ സാധിക്കുമെന്നാണ് എന്നെപ്പോലുള്ളവർ കരുതിയത്. പക്ഷേ ഈ ബഡ്ജറ്റിൽ വക്കം ടച്ച് ഒന്നും തന്നെയില്ല. ഇതൊരു വാകം ബഡ്ജറ്റാണ്. ആവർത്തനവിരസമായ കുറേ കാര്യങ്ങൾ എഴുതിച്ചേർത്തിരിക്കുന്നു. പുതുമയുള്ള വികസനപദ്ധതികൾ ഉണ്ടാകുമെന്ന് സ്വപ്നം കണ്ടിരുന്നവർ തികച്ചും നിരാശരായി. ധനമന്ത്രിക്ക് ഇഷ്ടമുള്ള ചില മന്ത്രിമാരുടെ മണ്ഡലങ്ങളിൽ മാത്രമാണ് നാമമാത്രമായ വികസനപദ്ധതികളുള്ളത്. ലോട്ടറി പുനഃസ്ഥാപിക്കുമെന്ന് പറയുന്ന മന്ത്രി അതേ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ ലോട്ടറി നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ഇരുപത് കോടി രൂപയുടെ പുനരധിവാസ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ലോട്ടറി പുനഃസ്ഥാപിക്കലും നിരോധിക്കലും ഒരേ നാവുകൊണ്ട് ഒരേ സമയത്ത് പറയുന്നതിൽ ഒരു ലോജിക്കും ഇല്ല. ഇരുപത് കോടി രൂപ കൊണ്ട് ലോട്ടറി നിരോധനംമൂലം ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ഒരു ഊന്നുവടിയും പിച്ചച്ചട്ടിയും വാങ്ങിക്കൊടുക്കാൻ മാത്രമേ കഴിയൂ. കേരളത്തിൽ ഏറ്റവും കൂടുതൽ ഭിക്ഷക്കാരെ സൃഷ്ടിച്ചു എന്നപേര് ധനമന്ത്രിക്ക് സ്വന്തമാകും. പണ്ട് ഞാൻ ഗൾഫിൽ ജോലി ചെയ്തിരുന്ന കാലം തൊട്ടേ മാണി സാറിന്റേയും അതുപോലെ ഉമ്മൻചാണ്ടിയുടേയും ബഡ്ജറ്റിൽ സ്ഥിരമായി കേൾക്കുന്ന ഒരു പല്ലവിയുണ്ട്. രാമക്കൽമേട്ടിൽ കാറ്റിൽ നിന്ന് വൈദ്യുതിയുണ്ടാക്കാൻ പദ്ധതി, അത് ഈ ബഡ്ജറ്റിലും ആവർത്തിച്ചിരിക്കുന്നു. ഇതുപോലുള്ള കാറ്റാണ് ഈ ബഡ്ജറ്റിലുടനീളം കാണാൻ കഴിയുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ 300 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിക്കുമെന്നായിരുന്നു വാഗ്ദാനം ചെയ്തിരുന്നത്. പക്ഷേ ഉൽപ്പാദിപ്പിച്ചത് വെറും 10 മെഗാവാട്ട് മാത്രമാണ്. ഈ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ഉൽപ്പാദനത്തിനല്ല, വിതരണത്തിനാണ്. താമസിയാതെ കേരളത്തിൽ ലോഡ് ഷെഡിംഗും അതുപോലെ പവർക്കട്ടും ഉണ്ടാകുമെന്നതിന്റെ സൂചനയാണിത്. വൈദ്യുതി ആവശ്യത്തിനില്ലാതെ ആരെങ്കിലും ഈ കേരളത്തിൽ വന്ന് മുതൽമുടക്കാൻ തയ്യാറാകുമോ? സാമ്പത്തികാവലോകനത്തിൽ കൃഷി, വ്യവസായം തുടങ്ങിയ ഉൽപ്പാദന മേഖലകളുടെ തകർച്ചയുടെ കണക്കുകൾ വളരെ വിശദമായിട്ട് വിവരിക്കുകയാണ്. ഈ മേഖലയിലെ സർക്കാരിന്റെ മൂലധന നിക്ഷേപം കുറഞ്ഞതാണ് കാരണം. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പിൻവലിച്ചപ്പോൾ കാർഷിക മേഖലയ്ക്കും പരമ്പരാഗത വ്യവസായങ്ങൾക്കും പാക്കേജ് കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പാക്കേജ് ഒരു പറ്റിക്കൽ ആയിരുന്നതുകൊണ്ടാണ് കാർഷിക-വ്യാവസായിക മേഖലകൾ ഇത്രയും തകർന്നത്. പുതിയ നികുതിയില്ല, ഒരു ഹാംലെസ് ബഡ്ജറ്റ് എന്ന് പല ഭരണകക്ഷി അംഗങ്ങളും ബഡ്ജറ്റിനെപ്പറ്റി വിശേഷിപ്പിച്ചിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ മുന്നൂറ് കോടി, ആഢംബര നികുതിയിനത്തിൽ പത്തു കോടി തുടങ്ങിയ പുതിയ നികുതികളുണ്ടെങ്കിലും ബഡ്ജറ്റിൽ വരുമാനം കൂടിയതായി കാണിക്കുന്നില്ല. സർക്കാരിന് നികുതി കൂട്ടാൻ ഒരു നിവൃത്തിയും ഇല്ലാതായിരിക്കുന്നു. മൂന്നു വർഷത്തിനിടയിൽ ബസ്ചാർജും വൈദ്യുതി ചാർജും എത്ര പ്രാവശ്യമാണ് കൂട്ടിയത്! വിദ്യാഭ്യാസ, ആരോഗ്യ ഫീസുകളും വർദ്ധിപ്പിച്ചു. എന്നിട്ടും റവന്യൂ കമ്മി ഭീമമായി തുടരുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

കമ്മി കൂടാനുള്ള കാരണമെന്താണ്? ചെലവ് കൂടിയതുകൊണ്ട് മാത്രമല്ല കിട്ടാനുള്ള പല നികുതികളും പിരിച്ചെടുക്കുന്നതിനുള്ള ഗൗരവമായ വീഴ്ചകൊണ്ടാണ് ഉണ്ടാകുന്നത്. നമ്മുടെ വരുമാനത്തിൽ ഏകദേശം 75 ശതമാനം വിൽപ്പന നികുതിയിൽ നിന്നാണ് വരുന്നത്. കേരളം ഇൻഡ്യയിലെ ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റാണ്. പക്ഷേ വിൽപ്പനനികുതിയിൽ കിട്ടേണ്ടിയിരുന്നതിന്റെ മൂന്നിലൊന്നുപോലും നമുക്ക് കിട്ടുന്നില്ല. നികുതി വെട്ടിപ്പ് വ്യാപകമാണ്. സ്പീക്കറെന്ന നിലയിൽ പല പ്രാവശ്യം ഈ സഭയിൽ ഉറുമി വീശിയിട്ടുള്ള നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നികുതി വെട്ടിപ്പുക്കാർക്കെതിരായിട്ടാണ് അങ്ങയുടെ ഉറുമി വിശേണ്ടത്. വിൽപ്പന നികുതി കുടിശ്ശികയും പാട്ടക്കുടിശ്ശികയും നമ്മൾ പിരിച്ചെടുത്തിരുന്നുവെങ്കിൽ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നമുക്ക് കരകയറാൻ കഴിയുമായിരുന്നു. വാറ്റ് നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ നഷ്ടം നികത്താൻ കേന്ദ്രത്തിൽ നിന്ന് നമുക്ക് സഹായം ലഭിക്കുമായിരിക്കാം. പക്ഷെ ഇതിനെതിരായി ഇപ്പോൾത്തന്നെ വ്യാപാരി-വ്യവസായികൾ സമരത്തിന് ഇറങ്ങാൻ ഒരുങ്ങിയിട്ടുണ്ട്. വാറ്റ് നമ്മുടെ സാമ്പത്തിക വികസനത്തെ എങ്ങനെ ബാധിക്കുമെന്നതിനെപ്പറ്റി കേരള സർക്കാർ ഒരു റിസർച്ചും ഇതുവരെ നടത്തിയിട്ടില്ല. ആദ്യവർഷം തന്നെ ഈ പരീക്ഷണം പരാജയപ്പെട്ടാൽ ഇപ്പോൾത്തന്നെ ദുർബ്ബലമായിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമ്പത്തികഘടന അടുത്തുതന്നെ സവാരിഗിരിഗിരി ആകുന്നതാണ്. ഇപ്പോഴും കേരളത്തെ പട്ടിണിക്ക് ഇടാതെ നോക്കുന്നത് പ്രവാസികളാണ്. ബഡ്ജറ്റിലും ഗവർണ്ണറുടെ പ്രസംഗത്തിലും നോർക്ക റൂട്ട്സ് എന്നൊക്കെ പറഞ്ഞ് നമ്മുടെ പ്രവാസികളെ കഴിഞ്ഞപ്രാവശ്യം ശ്രീ. എം. എം. ഹസ്സൻ കളിപ്പിച്ചതുപോലെ കളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നാല് കോടി രൂപ കൊണ്ട് ഒരു ഓഫീസ് ഉണ്ടാക്കാം. പക്ഷെ ഈ ബഡ്ജറ്റിൽ പറഞ്ഞ ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പ്രീമിയം എവിടെനിന്നാണ് കൊടുക്കുക എന്നോ, അതിന് ഒരു ഫണ്ടോ ഇതുവരെ വകയിരുത്തിയിട്ടില്ല. ഈ വകുപ്പിന് ഒരു ഹെഡ് ഓഫ് അക്കൗണ്ട്പോലും നേടിയെടുക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ വകുപ്പിന് ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളം അതിവേഗം മുന്നോട്ടാണെന്ന് തെളിഞ്ഞിരിക്കുന്നു. ഇൻഡ്യ ടു ഡേയുടെ സർവേയിൽ ഇൻഡ്യയിലെ ഏറ്റവും മോശപ്പെട്ട മുഖ്യമന്ത്രിയെന്ന മഹനീയ പദവി ഇത്രയും കുറഞ്ഞ കാലയളവിൽ നേടിയെടുക്കാൻ കഴിഞ്ഞ മുഖ്യമന്ത്രിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. എ. ചന്ദ്രൻ:</u> കേരളത്തിലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ സർവാത്മനാ പിൻതാങ്ങുന്നു. ഞാൻ സഭയിൽ വന്നതിനുശേഷം ഒരു പൂർണ്ണ ബഡ്ജറ്റ് കേൾക്കാനേ കഴിഞ്ഞിട്ടില്ല. തൊട്ടുമുൻപും അതുണ്ടായതായി അറിവില്ല. ഏതാണ്ട് മുപ്പതു വർഷങ്ങൾക്കുമുൻപാണ് ഇത്തരമൊരു പൂർണ ബജഡ്ജറ്റ് നമ്മുടെ മുൻഗാമികൾ സഭയിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. അതിനുശേഷം വക്കംജി ഇവിടെ ഒരു പൂർണ ബഡ്ജറ്റ് അവതരിപ്പിച്ചു എങ്കിൽ അതിന് സഹായകമായ ഘടകങ്ങൾ എന്തൊക്കെയാണ് എന്ന്. നാം പിരശോധിക്കണം. നമ്മുടെ മുൻഗാമികൾക്ക് ആഗ്രഹം ഇല്ലാഞ്ഞിട്ടല്ലല്ലോ പൂർണ്ണ ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കാതിരുന്നത്. അതിനുള്ള സാഹചര്യവും ആത്മധൈര്യവും ഇല്ലാഞ്ഞിട്ട് തന്നെ. അപ്പോൾ അതൊന്നുകൊണ്ടുതന്നെ ഈ ഗവൺമെന്റ് ഒരു ടീം സ്പിരിറ്റോടുകൂടി നാടിനും നാട്ടാർക്കുംവേണ്ടി ചിന്തിച്ച് പ്രതിബദ്ധതയോടുകൂടി മുന്നോട്ടുപോകുന്നു എന്നുവേണം കാണാൻ. അതിനെ നമുക്ക് അഭിനന്ദിക്കാതിരിക്കാൻ കഴിയുമോ? അതിലെ നല്ല കാര്യങ്ങളെ നമുക്ക് ആശംസിക്കാതിരിക്കാൻ പറ്റുമോ? അതിൽ പങ്കാളികളാകാതിരിക്കാൻ പറ്റുമോ? അവിടെനിന്ന് എന്റെ മാന്യ സുഹൃത്തുക്കൾ പലരും ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരാൾക്കെങ്കിലും തൊഴിൽ കൊടുത്തുവോ എന്ന് ചോദിക്കുന്നതുകേട്ടു. എന്നേക്കാളേറെ ആ കാര്യത്തിൽ വിവരവും പക്വതയും ഉള്ളവരാണെങ്കിലും അവരെ കെട്ടിച്ചുവിട്ട ആളുകളുണ്ടല്ലോ അവർ സത്യം പറയാതെ അസത്യം ആവർത്തിച്ചുപറഞ്ഞ് ബോദ്ധ്യപ്പെടുത്തണമെന്ന വേഷത്തിലാണ് അവരെ അയച്ചിരിക്കുന്നത്. അതുകൊണ്ടല്ലേ അവർ ആവർത്തിച്ചാവർത്തിച്ച് ഇങ്ങനെ പറയാൻ ഇടയായത്. സർ, പഴയത് വേണമെങ്കിൽ മറിച്ചുനോക്കേണ്ടിവരും. പുതുതെങ്കിലും ഓർമ്മ വേണ്ടേ, ആ ഓർമ്മയിൽ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നൂറ് ദിവസത്തെ പ്രോഗ്രാം വച്ച് മുന്നോട്ടുപോയപ്പോൾ അതിന്റെ ഫലമായിമാത്രം അദ്ദേഹം കണ്ട ശരി നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി ഗവൺമെന്റ് തസ്തികയിൽ 14,793 പേർക്ക് തൊഴിൽ കൊടുക്കാനുള്ള ശുപാർശ പി.എസ്.സി. കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ 5183.

ഈ കണക്കുകൾ എനിക്കുമുമ്പ് പ്രതിപക്ഷാംഗങ്ങൾക്ക് കിട്ടിയിട്ടുണ്ട്, 2.00 p.m.] അവർക്കറിയാം. ഇതാണ് സത്യമെന്നിരിക്കേ, ഈ ഗവണ്മെന്റ് വന്നതിനുശേഷം 17-5-2001 മുതൽ 31-1-2004 വരെ പി.എസ്.സി.-ക്ക് ശുപാർശ ചെയ്തത് 48,382 പേർക്ക്. അങ്ങനെ ഔദ്യോഗികമായി സർക്കാരിലും ഏതാനും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി 68,359 പേർക്ക് ജോലിക്ക് ശുപാർശ കൊടുത്ത സത്യത്തെപ്പോലും മറച്ചുവച്ച്, ആടിനെ പട്ടിയാക്കുന്ന നിലയിൽ ഒരാൾക്ക് തൊഴിൽ കൊടുത്തോ? ഒരാൾക്ക് തൊഴിൽ കൊടുത്തോ? എന്നാക്രോശിക്കുമ്പോൾ, നിങ്ങൾ ഈ സത്യം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് നമുക്കും നമ്മുടെ നാട്ടിനും പ്രയോജനകരമാണോ എന്ന് ദയവായി ചിന്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സാമ്പത്തികസ്ഥിതി ഈ ഗവണ്മെന്റ് വന്നപ്പോൾ എങ്ങനെയായിരുന്നു? തുറന്ന പുസ്തകംപോലെ എവിടേയും ആർക്കും അറിയാവുന്ന സത്യമായിരുന്നില്ലേ അത്? സാമ്പത്തിക അച്ചടക്കമില്ലാതെ വികസനകാര്യങ്ങളൊക്കെ മുരടിച്ച ലക്കുംലഗാനുമില്ലാതെ എന്തു ചെയ്യേണ്ടു എന്നറിയാതെ പോയിക്കൊണ്ടിരുന്ന ഒരു അവസ്ഥയിലല്ലേ ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായി കേരളം ഭരിക്കാൻ വന്നത്? ഉറ്റവരേയും ഉടയവരേയും പാടേ മറന്ന് നാടിനേയും നാട്ടുകാരേയും മാത്രം ചിന്തിച്ച് ലക്കില്ലാതെ പോകുന്ന കുത്തിയൊഴുക്കിനെതിരെ നിന്നു പൊരുതി ആത്മധൈര്യം കാണിച്ച ധീരനാം സേനാനിയായിരുന്നില്ലേ ശ്രീ. എ. കെ. ആന്റണി? വേണ്ടപ്പെട്ടവർ പോലും അദ്ദേഹത്തെ സംശയിച്ചു. പ്രതിപക്ഷത്തിന് ശ്രീ. എ. കെ. ആന്റണിയുടെ പോക്ക്, ഗവണ്മെന്റിന്റെ ചെയ്തികൾ ആരെക്കാളേറെ ബോദ്ധ്യംവന്നു. അതുകൊണ്ടുതന്നെ ശ്രീ. എ. കെ. ആന്റണിയെ തറപറ്റിക്കേണ്ടത് ഇടതുപക്ഷത്തിന്റെ നിലനിൽപിന് അത്യാവശ്യമാണെന്ന് കരുതുകയും അവർ ആ കർമ്മം നിർവഹിക്കാൻ ഒരുമെടുകയും ചെയ്തു. നിർഭാഗ്യവശാൽ ഞങ്ങളിൽ ചിലർ പാത്തും പതുങ്ങിയുമൊക്കെ അവരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുകയും ചെയ്തു. .....(ബഹളം)..... ഇവിടെ ഞാൻ ഒരു മടിയും കാണിക്കുന്നില്ല. എന്തിന് ഭയപ്പെട്ട് മുമ്പോട്ടു പോകണം? അതിന്റെ കാര്യമില്ലല്ലോ? അതുകൊണ്ടുതന്നെ എറിഞ്ഞെറിഞ്ഞ് ആ മനുഷ്യനെ നമ്മൾ വീഴ്ത്തി. പക്ഷേ, വീണത് പെരുവഴിയിലല്ല. അദ്ദേഹം മാണിക്യംപോലെ വിളങ്ങി. ഇന്നും ഈ സഭയിൽ താങ്ങുംതണലുമായി ഉമ്മൻചാണ്ടി ഗവണ്മെന്റിന് കൂട്ടായി ഉണ്ട്. ഇത് വസ്തുതയല്ലേ? ശ്രീ. ഉമ്മൻ ചാണ്ടിയാണെങ്കിൽ നാട്ടാരെ കാണാതെ ജനത്തിരക്ക് കൂടാതെ നിൽക്കാത്ത മാനസികാവസ്ഥയുടെ ഉടമ. അദ്ദേഹം ഓടിനടന്നും ഇരുന്നുമൊക്കെ പ്രശ്നങ്ങൾ അറിഞ്ഞ് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഒരു അവസ്ഥയിലാണ്. അതുകൊണ്ട് 100 ദിവസത്തെ പ്രോഗാം എടുത്തു. നാടുനീളെ നടന്ന് നിവേദനങ്ങൾ വാങ്ങി കഴിയാവുന്നതൊക്കെ ചെയ്ത്, റിവ്യൂ മീറ്റിംഗുകൾ ചടപാടാന്ന് എല്ലാറ്റിനും വച്ചു. അതിന്റെ റിസൾട്ട് കണ്ടുതുടങ്ങിയപ്പോൾ, ആ മുഖ്യൻ കസേരയിൽ ഇരിക്കുന്നില്ല എന്നുള്ളതായി അപവാദം. ഒരു മുഖ്യൻ കേരള സംസ്ഥാനത്തിന്റെ അഭിമാനം അല്ലേ, കസേരയിൽ ഇരിക്കുന്നുണ്ടോ? നിൽക്കുകയല്ലേ ചെയ്യുന്നത്. ഈ നിലയിലാണ് നിങ്ങളുടെ ആരോപണം. അതിന്റെ പൊരുൾ നിങ്ങൾക്കറിയാവുന്നത്ര അറിയില്ലെങ്കിലും ഏറെക്കുറെ മനസ്സിലാക്കാൻ തീർച്ചയായും കഴിയും. ശ്രീ. വക്കം പുരുഷോത്തമൻ നമ്മൾ അറിഞ്ഞിടത്തോളം ഒന്നാംതരം അഡ്മിനിസ്ട്രേറ്ററാണ്. അദ്ദേഹം ശരിയെന്ന് തോന്നുന്നത് ധീരമായി നേരിട്ട് പ്രവൃത്തിപഥത്തിൽ കൊണ്ടുവരും എന്ന കാര്യത്തിൽ മുൻകാല അനുഭവംവച്ച് എനിക്ക് തർക്കമില്ല. ചിലപ്പോൾ ബസ് സ്റ്റാൻഡിലൊക്കെവച്ച് ആളുകൾ പറയും. വക്കത്തിനെ വിളിക്കൂ സഭയെ രക്ഷിക്കൂ എന്ന്. അത് എന്തിനാ? സമയക്ലിപ്തത. ബഹുമാനപ്പെട്ട സ്പീക്കറെന്ന നിലയിൽ അനാദരവ് കൊണ്ടല്ല. ഇതാണ് ശ്രീ. വക്കം പുരുഷോത്തമന്റെ ചരിത്രം. സാമ്പത്തികസ്ഥിതി ഏറ്റവും വഷളായി നിന്നിരുന്ന ഒരു സ്ഥിതിയിൽനിന്ന് ശ്രീ. എ. കെ. ആന്റണിയുടെ ശ്രമഫലമായി, കൂട്ടായി പ്രവർത്തിച്ചതുകൊണ്ട് അതേ ട്രാക്കിൽ കയറി. നമ്മുടെയൊക്കെ മാനസികാവസ്ഥ എന്താണ്? ഒരു പൈസപോലും നികുതി നമ്മളോട് ചോദിക്കരുത്, ചോദിച്ചാൽ അത് കൊടുക്കില്ല എന്നാണ് പറഞ്ഞത്. വികസനകാര്യങ്ങൾ വേണ്ടുവോളം എല്ലാ അർത്ഥത്തിലും വേണം. അത് കഴിയുംവേഗം വേണമെന്ന മാനസികാവസ്ഥയിലാണ് നമ്മൾ. അതിൽ തെറ്റില്ല. കാരണം കൊടുക്കാനുള്ള മനസ്സില്ല; എടുക്കാൻ ധാരാളം വേണംതാനും. ഇതൊരു നല്ല മനസ്സിന് യോജിച്ചതല്ല. നമ്മുടെയൊക്കെ കാരണവന്മാർ പഠിപ്പിച്ചതെന്താണ്? എടുത്തതിലും കൂടുതൽ കൊടുക്കാൻ കഴിയണമേ എന്നാണ്. ആ മനസ്സിന്റെ ഉടമ ആക്കണമേ എന്നല്ലേ? ഈ ബഡ്ജറ്റിൽ അധിക നികുതി എന്തെങ്കിലുമുണ്ടോ? ശ്രീ. വക്കം പുരുഷോത്തമന് പാലക്കാട്ടെ കൃഷിക്കാരോട് പ്രത്യേക താൽപര്യമുണ്ട്. അത് തുടരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാർഷികാദായ നികുതി, അത് വേണ്ട. അത് വേണ്ട എന്ന് പറയാൻ രണ്ട് കാരണങ്ങളാണുള്ളത്. കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കി. നെൽക്കൃഷി കൈവശം വയ്ക്കുന്നതിന് പരിധിയുണ്ട്. അപ്പോൾ ചെറുകിടക്കാരല്ലാതെ വൻകിടക്കാർ ഉണ്ടാകില്ലല്ലോ? പിന്നെ എന്തിനാണ് തരംതിരിവ്? ആവശ്യമില്ല. അതിനുപരി വേറെ ഒന്നുണ്ട്. നമ്മുടെ കാർഷിക മേഖലയിൽ സത്യം പറഞ്ഞവരെയൊക്കെ ശിക്ഷിക്കുകയും അസത്യം പറഞ്ഞ പലരും രക്ഷപ്പെടുകയും ചെയ്ത ചരിത്രമാണ് ഇവിടെയുള്ളത്. സീലിംഗ് വന്നപ്പോൾ കൃത്രിമം കാണിച്ച ആളുകൾക്ക് കൂടുതൽ കിട്ടി. കണക്ക് ബോദ്ധ്യപ്പെടുത്തേണ്ട ഘട്ടം

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ ശരിയായ കണക്ക് കൊടുത്തവർക്കൊക്കെ ടാക്സ് കൊടുക്കേണ്ടിവന്നു. കള്ള ക്കണക്കുകൾ എഴുതുകയും കൃത്രിമം കാണിക്കുകയും ചെയ്തവർ രക്ഷപ്പെടുകയും ചെയ്തു. കേരളത്തിൽ എമ്പാടുംകൂടി കാർഷികാദായ നികുതി പിരിച്ചാൽ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതുതന്നെ 10 കോടി രൂപയാണ്. അതിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്തായാലും അതിനൊപ്പമെത്തും. ഒപ്പം കള്ളക്കണക്കെഴുതുകയും ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ പോയി ഓച്ഛാനിച്ചു നിൽക്കാനും, അടിമകളാക്കുകയും ചെയ്യുന്ന ഒരു മാനസികാവസ്ഥയിലേയ്ക്ക് കൃഷിക്കാരെ കൊണ്ടുവരരുതേ എന്നാണ്. മാത്രമല്ല മുൻ വർഷത്തിൽ നമ്മൾ അതിനുവേണ്ടി വച്ചതുമാണ്; എങ്ങനെ കടന്നുകൂടി എന്ന് എനിക്കറിയില്ല. അത് ഏതായാലും കടന്നുകൂടിയത് പോകട്ടേ. അത് അങ്ങയുടെ മറുപടി പ്രസംഗത്തിൽ നിന്നും മാറ്റുകതന്നെ വേണം. കാർഷിക മേഖല ഇന്ന് വല്ലാതെ മോശമായി പൊയ്ക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ നിന്ന് ചെറിയ ഒരു പച്ചപിടിക്കൽ ഉണ്ടായിട്ടുണ്ട്. അതിനെ സംബന്ധിച്ചും ഇവിടെ പറഞ്ഞു കേട്ടു. കൃഷിക്ക് എന്ത് കൊടുത്തു? ഡോക്ടർ കെ. സി. ജോസഫ് പോലും ഇവിടെ പണമില്ല, അതുകൊണ്ട് എന്ത് നടക്കും എന്ന് സംശയദൃഷ്ട്യാ പറഞ്ഞു. അത് അക്ഷരാർത്ഥത്തിൽ സാങ്കേതികമായി ശരിയാണെങ്കിലും ഇവിടെ അനുഭവമെന്താണ്? ഈ ഗവൺമെന്റ് പുത്തനല്ലല്ലോ? ഇത് പഴയതിന്റെ തുടർച്ചയല്ലേ? മുൻ ഗവൺമെന്റ് കാർഷിക മേഖലയ്ക്ക് എന്ത് കാര്യങ്ങൾ ചെയ്തു? പ്രഖ്യാപനം ഒത്തിരി നടത്തി. പക്ഷേ കൊടുത്തത് ഒന്നുമില്ല അല്ലെങ്കിൽ നിസ്സാരം എന്നതല്ലേ സത്യം. ഈ ഗവൺമെന്റ് വന്നപ്പോൾ ശ്രീമതി ഗൗരിയമ്മ കർഷകർക്ക് മാത്രം നെല്ല് procurement-ന് 10 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അത് എങ്ങനെ കൊടുത്തു എന്നത് ബഡ്ജറ്റ് പരിശോധിച്ചാൽ നമുക്കറിയാം. വകയിരുത്തിയത് 3.80 കോടി രൂപ, പിന്നീട് വാങ്ങി കൊടുത്തത് 8 കോടി രൂപ അങ്ങനെ വരുമ്പോൾ എന്റെ അറിവ് ശരിയാണെങ്കിൽ 11.80 കോടി രൂപ ഇതിനകം കൊടുത്തു. അപ്പോൾ ബഡ്ജറ്റിൽ തുക കുറവാണെങ്കിലും അത്യാവശ്യമാണെങ്കിൽ കണ്ടെറിഞ്ഞ് കൊടുക്കുന്ന ഗവൺമെന്റാണ് എന്നതുകൊണ്ട് 3.80 കോടി രൂപ വകയിരുത്തിയപ്പോൾ 11.80 കോടി രൂപ കൊടുത്തു. ഇനിയും കൊടുക്കാൻ ബാക്കിയുണ്ട്; അതും കൊടുക്കും. യാതൊരു സംശയവുമില്ല. കാർഷിക മേഖലയിലെ ഒരു വൻ തകർച്ചയ്ക്കു കാരണം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനചെലവ് അയൽ സംസ്ഥാനങ്ങളിലേതിനെക്കാൾ വല്ലാതെ കൂടുന്നു എന്നതാണ്. ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയാൽ അത് വിൽക്കാൻ കഴിയാത്ത അവസ്ഥ വരുന്നു. ഞാൻ കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ നിന്നാണ് വരുന്നത്. നമ്മളെല്ലാവരും പറഞ്ഞല്ലോ പച്ചക്കറി ഉൽപ്പാദിപ്പിക്കണമെന്ന്. ഇതുകേട്ട് ഞങ്ങളുടെ നാട്ടിലെ പാവപ്പെട്ട കൃഷിക്കാർ ഒരു പരിധിവരെ അതിലേക്ക് പോയിട്ടുണ്ട്. എന്നിട്ട് ഇന്നലെ പാവയ്ക്ക ഒരു കിലോ വിറ്റത് ഒരു രൂപയ്ക്ക്. ആളുകൾ വിലയ്ക്ക് വാങ്ങുന്നത് 10 രൂപയ്ക്ക്. അപ്പോൾ ഉൽപ്പാദകന് ഒരു രൂപ, വാങ്ങുന്നവന് 10 രൂപ. ഇടയ്ക്ക് 9 രൂപ. ഈ ദുഃസ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയാത്തിടത്തോളം കാലം നമുക്ക് കർഷകരോട് പറഞ്ഞ് കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിച്ച് വരുമാനമുണ്ടാക്കി ജീവിക്കാൻ കഴിയില്ല. ചിറ്റൂരിൽ ധാരാളം തക്കാളി വിളഞ്ഞിട്ടുണ്ട്. ആ തക്കാളി കിലോയ്ക്ക് 2 രൂപയ്ക്കാണ് കൊടുക്കേണ്ടിവരുന്നത്. അതിന്റെ വേറൊരു ദുഃസ്ഥിതി അറിയാമല്ലോ? അങ്ങേയ്ക്ക് നല്ലപോലെ അറിയാം. തക്കാളി പറിച്ച് കൊട്ടയിലാക്കി മാർക്കറ്റിൽ കൊണ്ടുവന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഉച്ചവരെ വിലപേശും, ഉച്ചയ്ക്ക് ശേഷം ആരെങ്കിലും വരുന്നുണ്ടോ എന്ന് നോക്കും, ഏതാണ്ട് 4 മണിയാകുമ്പോൾ വിളിച്ച് കൊടുക്കും. അല്ലാതെ തിരിച്ചുകൊണ്ടുപോകാൻ പറ്റുമോ ? എവിടെ തിരിച്ചുകൊണ്ടുപോകാൻ പറ്റും? അത് ചീയുന്നതല്ലേ? അപ്പോൾ വില കുത്തനെ ഇടിയുകയാണ്. തൃശ്ശൂർ മാർക്കറ്റിൽ കൊണ്ടുപോയാലാണ് അൽപ്പം വിലവർദ്ധന ചിലപ്പോഴെങ്കിലും കിട്ടുന്നത്. മാർക്കറ്റ് സ്റ്റെഡിയാക്കി മാന്യമായ വില ലഭിക്കാൻ കഴിയാത്ത സ്ഥിതി ഉള്ളിടത്തോളം കാലം കാർഷിക മേഖലയിൽ പൂവ് ആയാലും പച്ചക്കറിയായാലും പഴങ്ങളായാലും നമുക്ക് ഉൽപ്പാദിപ്പിച്ച് വിൽക്കാൻ കഴിയില്ല. ഇന്ന് നെൽക്കൃഷിക്കാരെ സംബന്ധിച്ചുള്ള വേറൊരു വിഷയമാണ് കെ.എൽ.യു. ആക്റ്റ് അതൊരു കാലഘട്ടത്തിൽ ആവശ്യമായിരുന്നു. ഭൂപരിഷ്ക്കരണ നിയമം വന്നതിനുശേഷം ഭൂമി തുണ്ടുതുണ്ടായല്ലോ? കഷ്ടപ്പാടും നഷ്ടവും വന്നപ്പോൾ വിറ്റു. അതല്ല ഉള്ളതിൽ തൃപ്തികണ്ട് ജീവിച്ച ആളുകൾക്ക് മക്കൾക്കും മക്കളുടെ മക്കൾക്കും വീതിച്ചുകൊടുക്കേണ്ടേ? അങ്ങനെ വീതിച്ച് കൊടുത്താൽ ഇന്നലെ 12 ഏക്കറുണ്ടായിരുന്നവന്, മാക്സിമം കയ്യിൽ വയ്ക്കാൻ അത്രയല്ലേ സാധിക്കൂ? മൂന്ന് മക്കളുണ്ടെങ്കിൽ, ഭാര്യയും ഭർത്താവും ജീവിച്ചിരിക്കുന്നുവെങ്കിൽ എത്രയാകും? ആ ഭൂമിയിൽ കൃഷി ചെയ്ത് വരുമാനമുണ്ടാക്കി ജീവിക്കാൻ കഴിയുമോ? ഇല്ല. ഒപ്പം കെ.എൽ.യു. ആക്റ്റ് കൂടി ഇൻസിസ്റ്റ് ചെയ്താലോ? നെൽക്കൃഷി ചെയ്യുന്ന സ്ഥലത്ത് നെല്ല് തന്നെ കൃഷി ചെയ്യണം. എന്നിട്ട് ആര് വാങ്ങിക്കും? പാലക്കാട് സ്ഥിതി അതല്ലേ? ഉൽപ്പാദിപ്പിച്ച നെല്ല് procure ചെയ്യാൻ ആളില്ല. മാന്യമായ വില കിട്ടാനില്ല. ഈ സ്ഥിതിയിൽ അനുസരിക്കുമെന്നതുകൊണ്ട് നീ അതുതന്നെ ചെയ്യണമെന്ന് അടിച്ചേൽപ്പിക്കുന്നത് പാപമാണ്. അത് ചെയ്യരുത്. അതുകൊണ്ട് ന്യായമായ വില കിട്ടുന്ന ഏത് കാർഷിക ഉൽപന്നവും കൃഷിചെയ്യാൻ ആരുടെയും ഔദാര്യമില്ലാതെ സ്വാതന്ത്ര്യം കിട്ടണം. ഇന്ന് പാലക്കാട് നെല്ലുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിൽ 11.30 കോടി രൂപ ഹാന്റ്ലിംഗ് ചാർജ് കൊടുത്തു എങ്കിലും ഇനിയും ബാക്കി കൊടുക്കാനുണ്ട്. ഇതിനിടയ്ക്കാണ് 'Paddy Co.' നെല്ല് procure ചെയ്ത് പ്രോസ്സസ് ചെയ്യാൻ പൊതുമേഖലയിൽ ഒരു സ്ഥാപനം കൊണ്ടുവന്നത്. അതിന്റെ ജന്മം തന്നെ ശുദ്ധമായിരുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പിറ്റൂർ തത്തമംഗലത്ത് ഉണ്ടാകുമെന്ന് പറഞ്ഞു. പിന്നെ അതുണ്ടായത് അന്നത്തെ എം.എൽ.എ.യും മന്ത്രിയുമായിരുന്ന ശ്രീ. ശിവദാസമേനോന്റെ വരൾച്ച മേഖലയിൽ. എന്നിട്ടോ അതിന് കോടിക്കണക്കിന് രൂപ കൊടുക്കുകയും അത് പൊതുമേഖലയിൽ ആയപ്പോൾ ഏതാണ്ട് കുത്തക മുതലാളിമാരെപ്പോലെ പെരുമാറി സാധാരണക്കാരുടെ നെല്ല് എടുക്കാത്ത ഒരു അവസ്ഥ ഉണ്ടാവുകയും ചെയ്തു. സമരം വന്നപ്പോൾ പെറിയ മെച്ചമുണ്ടായിട്ടുണ്ട്. അതുകൊണ്ട് 'Paddy Co.' പോലെ സർക്കാർ മുതലിറക്കി ഉണ്ടാക്കിയ സ്ഥാപനങ്ങൾ കൃഷിക്കാർക്കായി നൽകണം. ബഹുമാനപ്പെട്ട വക്കംജി ഹറിബറിയായി അവതരിപ്പിച്ചതുകൊണ്ടോ, സുനാമി ദുരന്തമുണ്ടായപ്പോൾ മനസ്സുള്ളവർ സഹകരിക്കാൻ പുറപ്പെട്ടപ്പോൾ അതിന്റെ വ്യഗ്രതയിൽ ആയിരുന്നുവോ എന്തോ അത്യാവശ്യം ചില കാര്യങ്ങൾക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ കൊടുത്തിട്ടില്ല. അതിലൊന്നാണ് പലകപ്പാണ്ടി പദ്ധതി. കൊടുംവരൾച്ച കാലത്ത് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വന്ന് കണ്ടതും അദ്ദേഹം പ്രഖ്യാപിച്ചതും തുടർനടപടി ഇപ്പോഴത്തെ ഗവൺമെന്റ് സ്വീകരിച്ചതുമാണ്. അതിന് വെറും 10 കോടി രൂപയേ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടു. കഴിഞ്ഞ ഗവൺമെന്റ് 1.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന് പണം വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ദേഹം അത് ചെയ്യുമെന്ന് ഉറപ്പുണ്ട്. എം.ജി.പി.ക്ക് നമ്മുടെ ബഡ്ജറ്റിൽ 285 കോടി രൂപ വകകൊള്ളിച്ചിരിക്കുന്നു, നല്ലതാണ്. ലക്ഷ്യബോധത്തോടുകൂടി പ്രായോഗിക പരിജ്ഞാനം ലഭിക്കുന്ന നിലയിൽ പ്രവർത്തിക്കുന്നെങ്കിൽ, ആ നിലയിൽ അതിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ഒരു പെർഫോമൻസ് ആഡിറ്റ് നടത്തി ഈ ഇല്ലായ്മയിലും നല്ല കാര്യങ്ങൾക്ക് പണം വകയിരുത്തുന്നത് വികസനം ഫലപ്രദമാക്കുന്നതിന് സഹായകമാകും. അതുപോലെ നമ്മുടെ അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് വേണ്ടി ആൾ ഇൻഡ്യാ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ 20 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ഇത് നല്ലതാണ്. പക്ഷേ അതിന്റെ ബൈലായും മറ്റുമൊക്കെ അറിയാൻ ഇടയായപ്പോൾ ഇതൊരു ക്ലബ്ബായി മാറുമോ എന്നൊരു സംശയമുണ്ട്. എന്റെ കുഴപ്പം കൊണ്ടല്ല, മറ്റ് പലതിന്റെയും നടത്തിപ്പുകൊണ്ട് തോന്നിപ്പോയിട്ടുണ്ട്. പൊതുമുതൽ മുടക്കി ഉന്നത ഉദ്യോഗസ്ഥൻമാർക്ക് സമയാസമയം പഠിക്കാനും സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്ക് അനുസൃതമായ നിലയിൽ അഖിലേന്ത്യാ നിലവാരത്തിലോ അന്തർദ്ദേശീയ നിലവാരത്തിലോ പണവും മറ്റ് സൗകര്യങ്ങളും കൊടുത്ത് അവരുടെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ടാണെങ്കിൽ ഒറ്റത്തവണ 20 ലക്ഷമല്ല, 20 കോടി കൊടുക്കുന്നതിൽ വിരോധമില്ല. അതേസമയം ഇതൊരു ക്ലബ്ബായി മാറുകയാണെങ്കിൽ ഇക്കാര്യം ആലോചിക്കണം. അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്ന ഒന്നുണ്ട്, ക്യാൻസർ രോഗം ഇന്ന് വ്യാപകായി വരുന്നു. അവരെ ശുശ്രൂഷിക്കാനും മറ്റുമായി തുക ബഡ്ജറ്റിൽ വകക്കൊള്ളിക്കണം. ഇങ്ങനെ നല്ല കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കണം; പ്രതിബദ്ധതയോടെ നാടിനെയും നാട്ടുകാരെയും അറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യണം. ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. പാചകക്കാരന്റെ കരവിരുത് ഉണ്ണുമ്പോൾ അറിയാം എന്നുപറഞ്ഞതുപോലെ വക്കം പുരുഷോത്തമൻ അവർകളുടെ ബഡ്ജറ്റ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളുടേയും യാഥാർത്ഥ്യബോധത്തിന്റേയും ആകെത്തുകയാണ്. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് വാചക കസർത്തോ ജനപ്രിയ പ്രഖ്യാപനങ്ങളോ നടത്താൻ ഈ ബഡ്ജറ്റിൽ അദ്ദേഹം മുന്നോട്ട് വന്നിട്ടില്ല. ഭാഗ്യക്കുറി നിരോധിച്ചതിനെക്കുറിച്ച് എല്ലാവരും വിലപിക്കുകയാണ്. പക്ഷേ ഭാഗ്യക്കുറി നിർഭാഗ്യക്കുറിയാണെന്ന സത്യം പറയാൻ പല അംഗങ്ങളും മടിക്കുന്നു എന്നുള്ളത് സത്യമാണ്. ഓൺലൈൻ ലോട്ടറിയുടെ പേരിൽ നാട്ടിൽ തകർന്ന് തരിപ്പണമായ പതിനായിരക്കണക്കിന് കുടുംബങ്ങൾ നമ്മുടെ പ്രദേശങ്ങളിലെ യാഥാർത്ഥ്യങ്ങളാണ്. അതുകൊണ്ടുതന്നെ ഒരിക്കലും ഒരു തരത്തിലുമുള്ള ചൂഷണവും നാട്ടിൽ തിരിച്ചുവരാത്ത രീതിയിലുള്ള നടപടികൾ ആലോചിക്കാൻ ഗവണ്മെന്റ് തന്റേടം കാണിച്ചാൽ ഒരു പക്ഷേ അത് ഒരു വലിയ കാര്യമായിരിക്കും. ഏതായാലും ഭാഗ്യക്കുറിപോലെ തന്നെയാണ് ബ്ലേഡ് മാഫിയായും. അത് കേരളത്തെ സംബന്ധിച്ചിടത്തോളം നിരോധിക്കപ്പെട്ടു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബ്ലേഡുകാരന്റെ കടം തീർക്കാൻ വേണ്ടി കിഡ്നി വരെ വിറ്റ ചരിത്രങ്ങൾ ചില പത്രങ്ങളിൽ വന്നിട്ടുണ്ട്. ഇത് യാഥാർത്ഥ്യമാണെങ്കിൽ ബ്ലേഡ് മാഫിയയ്ക്കെതിരായ ശക്തമായ പോരാട്ടം ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇൻഡ്യയിലെ രാഷ്ട്രീയ മാറ്റത്തെക്കുറിച്ചാണ് ബഡ്ജറ്റിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുള്ളത്. ബഹുമാന്യയായ സോണിയാ ഗാന്ധി ഇൻഡ്യൻ രാഷ്ട്രീയത്തിലെ അഭിവന്ദ്യയായ നേതാവാണ്. പൊൻതളികയിൽ വച്ച പ്രധാനമന്ത്രി സ്ഥാനം പിച്ചളപ്പിന്നുപോലെ വലിച്ചെറിയാൻ ആർജ്ജവം കാണിച്ച ദേശീയ രാഷ്ട്രീയ നേതൃത്വത്തിന് മാതൃകയാണവർ. രാജീവും ഇന്ദിരയുമൊക്കെ രാജ്യത്തിന്റെ ഐക്യത്തിന് വേണ്ടിയാണ് ജീവത്യാഗം ചെയ്തതെങ്കിൽ ഈ യുദ്ധരണാങ്കണത്തിൽ കാപ്പി കച്ചവടം ചെയ്യാൻ വന്ന വർഗ്ഗീയ ശക്തികൾക്കെതിരായി സ്വന്തം അധികാരങ്ങൾ പുല്ലുപോലെ വലിച്ചെറിഞ്ഞ് രാജ്യത്തെ ഒരു വിവാദത്തിന്റെ ചുഴിയിലേക്ക് നയിക്കാതെ ഇൻഡ്യയിലെ യു.പി.എ.യുടെ ചെയർമാനായി ഈ രാജ്യത്തെ നയിക്കാൻ നേതൃത്വം കാണിച്ച ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വം ഇൻഡ്യയ്ക്കും ലോകത്തിനും എല്ലാ രാഷ്ട്രീയക്കാരനും ഒരുപോലെ മാതൃകയാണ്. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാന്യനായ മങ്കട മെമ്പർ ഒരു കാര്യം സൂചിപ്പിച്ചു. ഇൻഡ്യ ടുഡേയിൽ വന്ന വാർത്തയാണ് അദ്ദേഹം സൂചിപ്പിച്ചത്. ഞാൻ ഒരു കാര്യം മങ്കട മെമ്പറോടും ബന്ധപ്പെട്ടവരോടും പറയാൻ ആഗ്രഹിക്കുന്നു. പല മാദ്ധ്യമങ്ങളിലും വരുന്ന വാർത്തകൾ കേട്ട് വലിയ വലിയ ആൾക്കാർ ആയിപ്പോയാൽ പലപ്പോഴും അപകടം പിണയും എന്നതിന്റെ അവസാനത്തെ ഉദാഹരണമാണിത്. കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ ഇൻഡ്യ തിളങ്ങുന്നു എന്നുപറഞ്ഞുകൊണ്ട് ബി.ജെ.പി. ഇൻഡ്യയിൽ പല മാദ്ധ്യമങ്ങളേയും കൈയിലാക്കി വമ്പിച്ച പ്രസിദ്ധീകരണങ്ങൾ നടത്തുകയും അവസാനം ബി.ജെ.പി. ഉപ്പുവച്ച കലം പോലെ പൊട്ടിപ്പൊളിയുകയും ഈ നാട്ടിൽ കോൺഗ്രസ്സ് അധികാരത്തിൽ തിരിച്ചുവരികയും ചെയ്ത വസ്തുത ഏവർക്കും അറിയാവുന്നതാണ്. ഇവിടെ മാദ്ധ്യമങ്ങളെ ഉയർത്തിക്കാണിച്ചുകൊണ്ട് ഉമ്മൻചാണ്ടി ഗവണ്മെന്റിനെതിരായി പ്രചരണം നടത്തുന്ന എന്റെ സുഹൃത്തുകൾ ഇത് മനസ്സിലാക്കണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. മുസ്ലീംലീഗ് പാർട്ടിക്കെതിരായി മലബാറിൽ വന്നിച്ച രീതിയിൽ ആരോപണ-പ്രത്യാരോപണ ശരം കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടു വന്നു. ഞങ്ങൾ അവർക്ക് നന്ദി രേഖപ്പെടുത്തുകയാണ്. എണ്ണയിട്ട് ചലിക്കുന്ന യന്ത്രം പോലെ ഞങ്ങളുടെ പാർട്ടിയുടെ മീറ്റിംഗുകളിൽ മലബാർ മേഖലയിൽ പതിനായിരക്കണക്കിന് ആളുകൾ തടിച്ചുകൂടുന്നു എന്നവിവരം ഒരു പക്ഷേ ഇവിടത്തെ മെമ്പർമാർക്ക് കിട്ടില്ല എങ്കിലും ബഹുമാന്യനായ വി.എസ്. അച്ചുതാനന്ദന് അത് കിട്ടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം മുസ്ലീംലീഗിനെ സജീവമാക്കിയതിൽ മുഖ്യ പങ്കുവഹിച്ചത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അതുപോലെ യു.ഡി.എഫ്.-ലെ മറ്റ് ഘടകകക്ഷികളെ കൂടി നിങ്ങൾ ഒന്ന് സജീവമാക്കി തന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ നാൽപതിൽ താഴെ സീറ്റു മാത്രമേ നിങ്ങൾക്ക് ലഭിക്കൂ എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അശേഷം സംശയമില്ല. ഞങ്ങൾ രണ്ടര വർഷക്കാലം പിന്നിട്ടപ്പോൾ തിരിച്ചുവരില്ല എന്ന പ്രതീക്ഷ നിങ്ങൾക്ക് ഉണ്ടായിരുന്നു. പക്ഷേ ഇന്ന് ഞങ്ങൾ തിരിച്ചുവരുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. ഈ ബഡ്ജറ്റിലെ കുറെ വാചകങ്ങൾ നിങ്ങൾക്കു കൂടി മാതൃകയാണ്. മുപ്പത് നാൽപ്പത് കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ ഇൻഡ്യ ഒരു സാമ്പത്തിക ശക്തിയാവും എന്ന വക്കംജിയുടെ പരാമർശം ശ്രദ്ധേയമാണ്. ഞാൻ ഒരു കാര്യം പറയട്ടെ, മലയാളികൾക്ക് ഏറ്റവും മുൻതൂക്കമുള്ള വിദേശ രാഷ്ട്രങ്ങളായ ഗൾഫ് നാടുകൾ; മെക്ക, മദീന, ജിദ്ദ എന്നിവിടങ്ങളിലൊക്കെ വിൽക്കുന്ന സാധനങ്ങൾ ഇൻഡ്യൻ നിർമ്മിതമല്ല. ബാങ്ക് വിളിയുടെ ശബ്ദം കേൾക്കുന്ന ക്ലോക്കുകൾ ചൈനയിലാണ് നിർമ്മിക്കുന്നത്. തസ്ബീഹ് മാലകൾ ചൈനയുടെ ഉൽപ്പന്നമാണ്. അതുപോലെതന്നെ തസ്ബീഹിന്റെ ദൈവത്തെ സ്മരിക്കുന്ന യന്ത്രങ്ങൾവരെ ചൈനയിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ ആയി ഇസ്ലാമിക രാഷ്ട്രങ്ങളിൽ വിറ്റഴിക്കുമ്പോൾ അവിടെ ഇൻഡ്യൻ സാധനങ്ങളൊന്നും വില്ക്കപ്പെടുന്നില്ല. ചൈനയുടെ നേട്ടങ്ങൾ പറഞ്ഞിരുന്നാൽ നമ്മുടെ മക്കൾക്ക് ജോലി കിട്ടുകയില്ല. ഇൻഡ്യയുടെ നേട്ടങ്ങൾ പറയണം. ഇൻഡ്യൻ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കണം. എന്തെങ്കിലും പരിപാടി കൊണ്ടുവന്നാൽ നിങ്ങൾ അതിനെയൊക്കെ തുലയ്ക്കുകയാണ്. എല്ലാവരും ഓടുകയാണ്. ജിം പ്രതീക്ഷയോടെ വന്നു. പരിമിതമായെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. സ്മാർട്ട് സിറ്റിയും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളും വരുമ്പോൾ, വല്ലാർപാടം കണ്ടെയിനറും എക്സ്പ്രസ് ഹൈവേയും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളും വരുമ്പോൾ, ഈ സംസ്ഥാനത്തിന്റെ ദൂരവ്യാപകമായ വികസനത്തിനു വേണ്ടി ചലനങ്ങൾ നടത്തുമ്പോൾ അവിടേയും നിങ്ങൾ എതിർപ്പു കൊണ്ട് മുന്നോട്ടു വരികയാണ്. മാത്രമല്ല, ഞങ്ങൾ അധികാരം ഏറ്റെടുത്തപ്പോൾ ഒരു വിമാന ടിക്കറ്റിന് കാശ് കൊടുക്കാൻ ഇവിടെ ഫണ്ട് ഉണ്ടായിരുന്നോ? ഞങ്ങൾ ഈ സ്റ്റേറ്റിനെ 6.5 ശതമാനം സാമ്പത്തിക വളർച്ചയിലേക്ക് എത്തിച്ചു. 25 കോടി രൂപ മുതൽമുടക്കോടു കൂടി ആരംഭിച്ച മലബാർ സിമന്റ്സ് ലിമിറ്റഡ് ഈ വർഷം സംസ്ഥാന ഗവണ്മെന്റിന് അതിന്റെ ബോണസ് ഇനത്തിൽ നൽകിയത് 40 കോടി രൂപയാണ്. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമൊക്കെ ഏറ്റവും വലിയ നേതൃപാടവമുള്ളവരാണെന്ന് മനസ്സിലാക്കണം. ആത്മാർത്ഥതയോടുകൂടി ഈ സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടി ശ്രമിച്ചവരാണ് അവർ; അതിന്റെ പേരിൽ ഓരോരോ കൂരമ്പുകൾ ഏറ്റുവാങ്ങേണ്ടി വന്നവരാണ്. പ്രകൃതി ദുരന്തങ്ങൾ വരുന്നു, സുനാമി വരുന്നു. അതുപോലെ മലയോര മേഖലകളിൽ കാറ്റും മഴയുമാണ് വരുന്നത്. മൃഗശല്യമുണ്ട്. ഇതൊക്കെ പരിഹരിച്ചുകൊണ്ട്, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ വേണ്ടി ഒരു വകുപ്പ് രൂപീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭിപ്രായപ്പെടാനുള്ളത്. അതുപോലെതന്നെ 750 കോടി രൂപ ഊർജ്ജ മേഖലയിൽ നിക്ഷേപിക്കുമെന്ന് പറഞ്ഞ ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. ശ്രീ. ആന്റണി ഗവണ്മെന്റിന്റെ കാലത്തും ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തും രണ്ട് തമസ്സിന്റെ ശത്രുക്കൾ ഇവിടെ ഉണ്ടായിരുന്നു. അത് ഞങ്ങളുടെ മുന്നണിയിലെ ബഹുമാന്യനായ ശ്രീ. കടവൂർ ശിവദാസനും അതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദ് അവർകളുമാണ്. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നേതൃത്വത്തിലുള്ള ഊർജ്ജവകുപ്പ് രണ്ട് ലക്ഷത്തിൽപരം കണക്ഷനുകളാണ് നൽകിയത്. കഴിഞ്ഞ കാലത്ത് മുൻ ഊർജ്ജവകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസൻ എന്റെ നിയോജകമണ്ഡലത്തിൽ നാലായിരം ബി.പി.എൽ. കണക്ഷനുകൾ നൽകി. വൈദ്യുതി വെളിച്ചം കിട്ടിയപ്പോൾ ആ പാവപ്പെട്ടവരൊക്കെ ഈ ഗവണ്മെന്റിനു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രാർത്തിക്കുകയാണ്. പുതിയ ചില വൈദ്യുത പദ്ധതികൾ തുടങ്ങാൻ ശ്രമിക്കണം. ഏറ്റവും വലിയ പദ്ധതിയായ, മലബാറിലെ വിദ്യുച്ഛക്തി കമ്മി നികത്താൻ പോന്ന പാത്രക്കടവ് പോലുള്ള പദ്ധതികൾ തുടങ്ങാനാവശ്യമായ ഇനീഷ്യൽ സ്റ്റെപ്പ് ഗവണ്മെന്റ് ഈ വർഷം തന്നെ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2217 കോടി രൂപ കുറഞ്ഞ പലിശയിലേക്ക് മാറ്റി എന്ന് പ്രഖ്യാപിക്കുന്നു. പലിശരഹിത ഗ്യാരന്റി നിക്ഷേപങ്ങൾ വിദേശ മലയാളികളുടെ സഹായത്തോടെ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ അവരുടെ പങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനം തുടങ്ങാൻ പറ്റുമോ എന്ന് ആലോചിക്കണം. നമ്മുടെ നാട്ടിൽ തെങ്ങിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഇറിഗേഷൻ ഫെസിലിറ്റീസ് വർദ്ധിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. എങ്കിൽ മാത്രമേ കേരളത്തിന്റെ കാർഷിക വികസനം സാദ്ധ്യമാകൂ. അതിനുവേണ്ടി പലിശ രഹിത വായ്പകൾ കൃഷിക്കാരന് കൊടുക്കണം. പശുഗ്രാമം, എരുമ ഗ്രാമം, ആടു വളർത്തൽ ഗ്രാമങ്ങൾ എന്നിവ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയാണ്. വനവൽക്കരണത്തിനുവേണ്ടി ഒരുപാട് പ്രോജക്ടുകൾ ആരംഭിക്കുമ്പോൾ അതിന് ഏറ്റവും വലിയ തടസ്സമായി വരുന്നത് മൃഗങ്ങളുടെ തീറ്റയാണ്. അതുകൊണ്ടു തന്നെ പതിനായിരം ഗ്രാസ്സിംഗ് ഫീൽഡുകൾ ഇവിടെ ആരംഭിക്കാൻ പൊതുമേഖലയിൽ സംരംഭം ഉണ്ടായാൽ മാത്രമേ സാധിക്കുകയുള്ളൂ. പുരാരേഖാ വകുപ്പിനെക്കുറിച്ച് ഒരു പരാമർശമുണ്ടായി. വളരെ സ്വാഗതാർഹമായ കാര്യമാണ്. ഫോക്‌ലോർ അക്കാഡമി പോലെ ഫോക്‌ലോർ മ്യൂസിയം തിരുവനന്തപുരത്ത് ആരംഭിക്കണം. നമ്മുടെ പ്രാകൃത ഗോത്രവർഗ്ഗങ്ങളുടേയും ചിരപുരാതന സംസ്കാരങ്ങളുടേയും ഭാഗമായി ഫോക്‌ലോർ മ്യൂസിയം ആരംഭിക്കണം. 1938 വരെയുള്ള ചരിത്രമാണ് നമ്മുടെ കയ്യിലുള്ളത് എന്നു സൂചിപ്പിച്ചു. രക്ത പങ്കിലമായ പോരാട്ടങ്ങളിലൂടെ അങ്ങ് അകലെയുള്ള ചൗരിചൗരായെ അനുസ്മരിക്കുന്ന, വാഗൺ ട്രാജഡിയിലൂടെ രക്തപങ്കിലമായ സമര പോരാട്ടം നടത്തിയ മലബാറിലെ ചരിത്ര നായകന്മാരായ എൻ. പി. നാരായണ മേനോൻ, ആലുമുസലിയാർ, വാരിയം കുന്നത്ത് കുഞ്ഞ് അഹമ്മദ് ഹാജി, ലവക്കുട്ടി തുടങ്ങിയ ധീരരായ സ്വാതന്ത്ര്യസമര സേനാനികളുടെ ചരിത്രം പുതിയ തലമുറയ്ക്ക് അറിയാൻവേണ്ടി പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. മലബാറിന്റെ സ്വാതന്ത്ര്യ സമരചരിത്രത്തിന് പ്രധാനമായ സ്ഥാനം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മലയോര വികസന അതോറിറ്റിയുടെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഈ വർഷം തന്നെ അതിന്റെ പ്രവർത്തനം തുടങ്ങുമെന്നാണ് പറയുന്നത്. അതുപോലെ നമ്മുടെ സമൂഹത്തിൽ റേഷൻ കാർഡ് ഉണ്ട്. എന്നിട്ടും അരി വാങ്ങാൻ കഴിയാത്ത 70 ശതമാനം പാവപ്പെട്ട ആളുകളുണ്ട്. വിശക്കാത്ത കേരളം 140 അംഗങ്ങളുടേയും ഒരു സ്വപ്നമാണ്. അത് സാക്ഷാത്കരിക്കാൻ കൂടുതൽ സംഖ്യ ഉണ്ടാകണം. പിന്നോക്ക മേഖലകളിൽ ഇരുപതും പതിനെട്ടും കിലോമീറ്റർ നടന്നുപോയി സ്കൂൾ വിദ്യാഭ്യാസം നേടേണ്ട സാഹചര്യം ഇന്നും കേരളത്തിലുണ്ട്. എയ്ഡഡ് മേഖലയിലും ഗവണ്മെന്റ് മേഖലയിലും സന്നദ്ധ സംഘടനകൾ, സ്വാശ്രയ സ്ഥാപനങ്ങൾ, എന്നിവ തുടങ്ങാൻ ആഗ്രഹിച്ചാൽ തീർച്ചയായും അത് പരിഗണിക്കണം. 7693 ഏക്കർ ഭൂമി നൽകി ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കാനുള്ള നടപടി നായനാർ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, മുസ്ലീം ലീഗിന്റെ വളരെ ആത്മാർത്ഥതയുള്ള ഒരു പ്രവർത്തകനാണ് താങ്കളെന്ന് അറിയാം. മീനങ്ങാടി ബിഷപ്പ് ഇപ്പോൾ വിജിലൻസ് കോടതിയിൽ കൊടുത്ത മൊഴി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കളത്തിൽ അബ്ദുള്ള : ഞാൻ പറയാൻ ആഗ്രഹിക്കുന്നത് 7693 ഏക്കർ കൃഷിഭൂമി ഈ നാട്ടിലെ പാവങ്ങളായ ആദിവാസികൾക്കു കൊടുക്കാൻ വേണ്ടി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രക്രിയ ഇന്നും പൂർത്തിയാക്കിയിട്ടില്ല. ബഡ്ജറ്റിലെ വാഗ്ദാനം പെട്ടെന്ന് പൂർത്തീകരിക്കാൻ ആറുമാസം കൊണ്ടെങ്കിലും കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി കൊടുക്കാനുള്ള നടപടി ഉണ്ടാകണം. ഗിരിവർഗ്ഗ ആരോഗ്യ മേഖലയിൽ 100 ബെഡ്ഡുള്ള ആശുപത്രി എന്റെ നിയോജകമണ്ഡലമായ അഗളിയിലെ കോട്ടത്തറയിൽ സ്ഥാപിച്ചു. അവിടേക്ക് സ്റ്റാഫിനെ കൊടുത്ത് അടിയന്തിരമായി അത് ഉത്ഘാടനം ചെയ്യണം. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ വേണമെന്ന ആവശ്യം വർഷങ്ങളായി ഉന്നയിക്കുന്നതാണ്. അതിന് നടപടിയുണ്ടാകണം. കുടുംബശ്രീയിലൂടെ 277279 ആളുകൾക്ക് മൈക്രോ സംരംഭങ്ങളിലൂടെ ജോലി കൊടുത്തു. അതുപോലെ നഗര പ്രദേശങ്ങളിൽ 27477 ആളുകൾക്ക് ജോലി കൊടുത്തു. അതും മൈക്രോ സംരംഭങ്ങളിലൂടെ. ഈ സാഹചര്യത്തിൽ ഇവർ ഉൽപാദിപ്പിക്കുന്ന പ്രോഡക്ടുകൾ വിൽക്കാൻ വേണ്ടി താലൂക്ക് അടിസ്ഥാനത്തിലും മാർക്കറ്റ് തുടങ്ങണം. അതുപോലെതന്നെ കുടുംബശ്രീയുടെ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നിയോജകമണ്ഡല അടിസ്ഥാനത്തിൽ അല്ലെങ്കിൽ താലൂക്കടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയിലെ എം.എൽ.എ. മാർ ചെയർമാൻമാരായ കമ്മിറ്റി രൂപീകരിച്ച് ഇടയ്ക്ക് പോയി പരിശോധിക്കണമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. കാർഷിക മേഖലയിൽ ചില പരാതികളുണ്ടായി. ആ പരാതികൾ പരിഹരിക്കാൻ എല്ലാ മെമ്പർമാരും ഉന്നയിച്ച കാര്യങ്ങളും പരിശോധിക്കണം. നെൽക്കൃഷിയെ രക്ഷിക്കാൻ ഒരേക്കറിന് ആയിരം രൂപ ഉൽപാദന ബോണസ് നൽകിയാൽ മാത്രമേ ആ മേഖല രക്ഷപ്പെടുകയുള്ളൂ എന്നുള്ള യാഥാർത്ഥ്യം കണ്ടുകൊണ്ട് ഉൽപാദന ബോണസിന്റെ സംഖ്യ ഉയർത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഭാവനാപൂർണ്ണമായ ബഡ്ജറ്റാണ് ; ദുർബല ജനവിഭാഗങ്ങളോട് നീതി കാണിക്കുന്ന ബഡ്ജറ്റാണ് ഇത്. ഇന്നത്തെ സാഹചര്യത്തിൽ അവതരിപ്പിക്കാവുന്ന ഏറ്റവും നല്ല ബഡ്ജറ്റ് അവതരിപ്പിച്ചു എന്നുള്ള ഖ്യാതി ശ്രീ. വക്കം പുരുഷോത്തമന് ഉണ്ട്. നായനാർ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയാകെ പാളം തെറ്റി താറുമാറായിരുന്നു. പാളം തെറ്റിയ, താറുമാറായ, ആ സമ്പദ് വ്യവസ്ഥയെ യു.ഡി.എഫ്. സർക്കാർ നേരായ പാളത്തിൽ എത്തിച്ചു. മുൻകാലത്തുണ്ടായ സാമ്പത്തിക ക്ലേശങ്ങൾ ഇപ്പോൾ അനുഭവിക്കുന്നില്ല. അതിന്റെ അർത്ഥം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെല്ലാം പരമ ഭദ്രമായി എന്നല്ല. എൽ.ഡി.എഫ്. സർക്കാരിനേക്കാൾ ഭേദപ്പെട്ട നിലവാരത്തിലേക്ക് കേരളത്തിന്റെ

സമ്പദ്‌വ്യവസ്ഥ എത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അവസാനമായി കൊണ്ടുവന്ന ബഡ്ജറ്റാണ് ഇപ്പോഴത്തെ ബഡ്ജറ്റ്. ഭേദപ്പെട്ട സാമ്പത്തിക നിലവാരത്തിൽ എത്തിയെങ്കിൽപ്പോലും നമ്മുടെ മുൻപിൽ കാണുന്ന പ്രധാനപ്പെട്ട കാര്യം നമ്മുടെ റവന്യൂ കമ്മി ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ഫ്ളക്ച്ചുവേഷൻസ് ഉണ്ടാകാം. നമ്മുടെ പൊതു കടം കൂടിക്കൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റേയോ യു.ഡി.എഫ്. സർക്കാരിന്റേയോ കാലത്ത് മാത്രം കാണുന്ന പ്രവണതയല്ല ഇത്. പൊതുവായി കാണുന്ന പ്രവണതയാണിത് കഴിഞ്ഞ ഒട്ടേറെ വർഷങ്ങളായി നമ്മുടെ പൊതുകടം കൂടിക്കൊണ്ടിരിക്കുന്നു; നമ്മുടെ ഫിസ്ക്കൽ ഡെഫിസിറ്റ് കൂടിക്കൊണ്ടിരിക്കുന്നു; റവന്യൂ കമ്മി കൂടിവരുന്നു. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ഏതാണ്ട് 16,624 കോടി രൂപയുടെ വരവുള്ളപ്പോൾ 20,696.24 കോടി രൂപയുടെ ചെലവാണ്. ഏതാണ്ട് 4,072 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് കാണിച്ചിരിക്കുന്നു. നായനാർ ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ കേരളത്തിന്റെ പൊതുകടം ഏതാണ്ട് 27,000 കോടി രൂപയായിരുന്നെങ്കിൽ 2003 ഏപ്രിലിൽ പൊതുകടം 31,600.26 കോടി രൂപയായി മാറി. 2004 ഏപ്രിലിൽ ഇത് 37,458.22 കോടി രൂപയായി മാറി. 2005 ഏപ്രിലിൽ 42,766.36 കോടി രൂപയും 2006 ഏപ്രിൽ ആകുമ്പോൾ 48,345.47 കോടി രൂപയും വർദ്ധിക്കുമെന്നാണ് പ്രൊജക്ഷൻ കാണിച്ചിരിക്കുന്നത്. അതിന്റെയർത്ഥം പൊതുകടം ഓരോ വർഷവും കഴിയുന്തോറും ക്രമാതീതമായി കൂടാനുള്ള സാഹചര്യം ഉണ്ടാകുന്നു എന്നുള്ളതാണ്. അത് നമ്മുടെയൊക്കെ ഭാവി ഇരുളടഞ്ഞതായി മാറ്റും. അതുപോലെ തന്നെ 2001 ഏപ്രിലിൽ നമ്മുടെ റവന്യൂ കമ്മി 3,147 കോടി രൂപയായിരുന്നെങ്കിൽ 2002-ൽ 2,606 കോടി രൂപയായി കുറഞ്ഞു. 2003 ൽ 4,119 കോടിയായി കമ്മി കൂടി. 2004 ആയപ്പോൾ 3,680 കോടിയായി കുറയുകയും ചെയ്തു. നമ്മുടെ ധന കമ്മിയും, റവന്യൂ കമ്മിയും പൊതുകടവും ഓരോ വർഷവും കഴിയുമ്പോഴും, അത് എൽ.ഡി.എഫ്. സർക്കാർ ആകട്ടെ, യു.ഡി.എഫ്. സർക്കാർ ആകട്ടെ അത് കൂടുന്നുയെന്നുള്ള വസ്തുത വിസ്മരിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി തന്റെ പ്രസംഗത്തിൽ പറയുന്നത് 2009 മാർച്ച് മാസം ആകുമ്പോൾ ഈ റവന്യൂ കമ്മി ഇല്ലാതെയായിത്തീരും എന്ന പ്രതീക്ഷ വച്ചു പുലർത്തുന്നു എന്നാണ്. നല്ല കാര്യം ഇതിനു പുറമേ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പുറത്തു വന്നിട്ടില്ലെങ്കിൽപോലും പത്രത്തിലൂടെ അറിയാൻ കഴിഞ്ഞിരിക്കുന്നത് കേന്ദ്രത്തിൽനിന്നുള്ള സംസ്ഥാന നികുതി വിഹിതം 2.60% മാത്രമാണ് എന്നാണ്. പതിനൊന്നാം കമ്മീഷന്റേതാകട്ടെ 3.03% മാത്രമായിരുന്നു, പത്താം ധനകാര്യ കമ്മീഷന്റേത് 3.86% ആയിരുന്നു. ഓരോ ധനകാര്യ കമ്മീഷൻ കഴിയുമ്പോഴും സെൻട്രലിൽനിന്നു ലഭിക്കാനുള്ള നികുതിയുടെ സംസ്ഥാന വിഹിതം കുറഞ്ഞു വരുന്നുവെന്നുള്ള പ്രവണതയും കാണുന്നു. ഇതിനൊക്കെ പുറമെ നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിവർഷം ഭീമമായ നഷ്ടം വരുത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ അവലോകന റിപ്പോർട്ട് നമ്മുടെ മുൻപിലുണ്ട്. 2003-04-ൽ 56 പൊതുമേഖലാ സ്ഥാപനങ്ങൾ 465.42 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന് പറയുന്നു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏകദേശം ഒന്നര ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരാണ് ഉള്ളത്. ഈ ഒന്നര ലക്ഷം ജീവനക്കാർ വരുത്തി വയ്ക്കുന്ന കട ബാധ്യത മുഴുവൻ കേരളത്തിലെ 32 മില്യൺ വരുന്ന ജനങ്ങൾ അനുഭവിക്കേണ്ട ദുർവിധി ആണുള്ളത് കടഭാരത്തിന്റെ മുഴുവൻ shock absorber ആയി മൂന്നേകാൽ കോടിയോളം വരുന്ന ജനത അനുഭവിക്കേണ്ടി വരുന്ന ദുർഗതിയുണ്ട്. ഈ ട്രെന്റ് നല്ല ട്രെന്റായി എനിക്ക് തോന്നുന്നില്ല. കേന്ദ്രത്തിന്റെ നികുതി വിഹിതം കുറയുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം വരുത്തി വയ്ക്കുന്നു. അതുപോലെ കമ്മിയൊക്കെ കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ചില വർഷങ്ങളിൽ ഫ്ളക്ച്ചുവേഷൻസ് ഉണ്ട്. പക്ഷെ പൊതുവായ ട്രെന്റ് നല്ല ട്രെന്റല്ല. എങ്കിലും ധനകാര്യ മന്ത്രി പറയുന്നു, 2009 ആകുമ്പോഴേക്ക് ഒരു നല്ല സാമ്പത്തിക സ്ഥിതി ഉണ്ടാകും, കമ്മി ഉണ്ടാകില്ല എന്ന്. അത് പറയുമ്പോൾ ഞങ്ങൾ ചൈനയേയും ബംഗാളിനേയും ചൂണ്ടിക്കാണിക്കും. ചൈന ഭരിക്കുന്നത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. ബംഗാൾ ഭരിക്കുന്നത് സി.പി.എം. നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. അതുകൊണ്ട് സ്വാഭാവികമായും ഞങ്ങൾ ബംഗാളിനേയും ചൈനയേയും ഉദാഹരിക്കാറുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ച ആ ദിവസം തന്നെ പ്രതിപക്ഷകക്ഷി അംഗങ്ങൾ പറഞ്ഞ വാക്കുകൾ എന്റെ മുൻപാകെയുണ്ട്. സ്വകാര്യവൽക്കരണത്തെ തുണയ്ക്കുന്ന ബഡ്ജറ്റെന്നാണ് പ്രതിപക്ഷം പറയുന്നത്. ഈ ബഡ്ജറ്റ് വഴി സ്വകാര്യവൽക്കരണത്തെ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നു എന്ന് ആക്ഷേപം ഉന്നയിക്കുന്നു. എന്റെ കൈവശം ഒരു മാതൃഭൂമി പത്രമുണ്ട്. ഇതിൽ പറയുന്നത് ബംഗാൾ ഗവൺമെന്റാണ് ഇൻഡ്യയിൽ ആദ്യമായി സ്വകാര്യ മേഖലയിൽ തുറമുഖം ആരംഭിച്ചിരിക്കുന്നത് എന്നാണ്. ഇൻഡ്യയിലെ ആദ്യ സ്വകാര്യ തുറമുഖവും ബംഗാളിലാണ്. ബംഗാളിൽ ആദ്യമായി സ്വകാര്യ മേഖലയിൽ തുറമുഖം നിർമ്മിക്കാൻ ആസ്ട്രേലിയൻ കമ്പനിയുമായി ബംഗാൾ സർക്കാർ ധാരണാപത്രം ഒപ്പുവച്ചു. P &. O Ports എന്ന ആസ്ട്രേലിയൻ കമ്പനിയാണ് 24-ാം പർഗാനാ ജില്ലയിൽ ഹൂഗ്ലി നദിയിൽ തുറമുഖം നിർമ്മിക്കുന്നത്. അൻപത് വർഷത്തേക്കാണ് സർക്കാരും കമ്പനിയും തമ്മിൽ കരാർ ഒപ്പ് വച്ചിരിക്കുന്നത്. P & O Ports കൊച്ചിയിൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പണിയാൻ വന്നപ്പോൾ സി.ഐ.ടി.യു. അടക്കമുള്ളവർ അവരെ ഓടിച്ചതാണ്. ബഹുരാഷ്ട്ര കമ്പനിയാണത്. കേരളത്തിൽ നിന്ന് ബഹുരാഷ്ട്ര കമ്പനിയെ ഓടിച്ചപ്പോൾ അവർ അതാ ബംഗാളിൽ പോയി സ്വകാര്യ പോർട്ട് പണിയുന്നു. 2003 ഫെബ്രുവരി മാസത്തിൽ ബംഗാൾ മുഖ്യമന്ത്രിയുടെ പത്രസമ്മേളനം പത്രത്തിൽ വായിക്കുകയുണ്ടായി. അതിൽ അദ്ദേഹം ബംഗാളിൽ പരിഷ്കാരം വേണമെന്ന് പറയുന്നു. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ പരിഷ്കാരമുണ്ടായി, ഭൂപരിഷ്കരണം ഉണ്ടായി, കാർഷിക പരിഷ്കരണം ഉണ്ടായി, ഭരണ പരിഷ്കാരമുണ്ടായി. ഇപ്പോൾ ശമ്പള പരിഷ്കാരം വേണമെന്ന് പറയുന്നു. പക്ഷെ നിങ്ങൾ പറയുന്നു സാമ്പത്തിക പരിഷ്കാരം മാത്രം പാടില്ലെന്ന്. ബാക്കിയുള്ള പരിഷ്കാരം ആകാം എന്നാണ്. ദൗർഭാഗ്യവശാൽ സാമ്പത്തിക പരിഷ്കാരം മാത്രം പാടില്ലെന്നാണ് സി.പി.എം. അടക്കമുള്ള പ്രതിപക്ഷ മെമ്പർമാർ പറയുന്നത് എന്നിട്ട് ബംഗാളിൽ നിങ്ങൾ പരിഷ്കാരം നടപ്പാക്കിക്കൊണ്ടിരിക്കുന്നു, ചൈനയിൽ നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ നടപ്പാക്കാൻ പാടില്ലെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അവിടെ ഇരുമ്പുരുക്ക്, പ്ലാസ്റ്റിക്, കെമിക്കൽസ്, അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രീസ് എന്നീ രംഗങ്ങളിൽ ബഹുരാഷ്ട്ര കുത്തകകൾ സ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചു കഴിഞ്ഞിരിക്കുന്നു. ഫ്രാൻസിൽനിന്ന് ബഹുരാഷ്ട്ര കമ്പനിയായ 'ലാ ഫാർജ്' ബാങ്കുരാ ജില്ലയിലെ മെജിയ എന്ന സ്ഥലത്ത് സിമന്റ് ഫാക്ടറി ആരംഭിച്ചിരിക്കുന്നു. വെസ്റ്റ് ബംഗാളിൽ കൽക്കത്ത, ഹാൽസിയ, എന്നിവിടങ്ങളിൽ ജപ്പാനിലെ ബഹുരാഷ്ട്ര കമ്പനിയായ മിറ്റ്സുബിഷിയും, മെറുബാനിയും, ഹിറ്റാച്ചിയുമൊക്ക വലിയ റോഡുകൾ നിർമ്മിക്കുന്നു. മെട്രോ റെയിലുകൾ നിർമ്മിക്കുന്നു. ഇതു കൂടാതെ ജപ്പാനിലെ ബഹുരാഷ്ട്ര കമ്പനിയായ മിറ്റ്സുബിഷി ബംഗാൾ ഉൾക്കടലിലെ മിൻ ദീപിൽ ടൗൺഷിപ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഗോൾഫ് കളിക്കാനുള്ള സംവിധാനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

സർ, ബംഗാളിൽ ബഹുരാഷ്ട്ര കുത്തകയ്ക്ക് സ്ഥാനം പിടിക്കാം, അവർക്കവിടെ എന്തും ചെയ്യാം. അവിടത്തെ മുഖ്യമന്ത്രി പറയുന്നു, "The word Kherao may have found a place in the Oxford Dictionary for us, but we cannot support this any more" എന്നാണ്. ബംഗാളിൽ പണ്ട് ഘെരാവോ ഉണ്ടായിരുന്നു. പക്ഷേ ബംഗാളിൽ ഞങ്ങൾ ഇത് അനുവദിക്കുകയില്ലെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയുന്നു, "Before resorting to a strike or a bandh it is better if one tries to solve the problem across the table" എന്നാണ്. സമരം ചെയ്യുന്നതിനു മുമ്പ്, ബന്ദ് നടത്തുന്നതിനു മുമ്പ് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുമെന്നാണ് ബംഗാൾ മുഖ്യമന്ത്രി പറയുന്നത്. ചൈനയിലാകട്ടെ, എല്ലാ വർഷവും ഷാങ്ഹായിൽ ട്രേഡ് ഫെസ്റ്റിവൽ നടത്തുന്നു. കേരളത്തിൽ നിന്ന് പലരും പോകും. എറണാകുളത്തു നിന്നുപോലും ഷാങ്ഹായിൽ പോയി ആ രാജ്യത്തെ ഇലക്ട്രിക് ഉൽപ്പന്നങ്ങൾ വാങ്ങിക്കൊണ്ടു വരുകയാണ്. ചൈനയിലാകട്ടെ ബഹുരാഷ്ട്ര കുത്തകകൾ നിക്ഷേപം നടത്തുന്നു. ലോകത്തുള്ള എല്ലാ MNC's-നും ചൈനയിൽ സ്ഥാനമുണ്ട്. അവരെല്ലാം ഉൽഘാടനം നടത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത നാളിൽ, ഗൾഫിൽ ദുബായിയിൽ ഒരു ട്രേഡ് ഫെസ്റ്റിവൽ നടത്തിയിരുന്നു. നൂറോളം രാഷ്ട്രങ്ങളിലെ പവലിയൻ ദുബായ് ട്രേഡ് ഫെസ്റ്റിവലിൽ ഉണ്ടായിരുന്നു. അതിൽ ചൈനയുടേയും ഉണ്ടായിരുന്നു. നൂറോളം രാഷ്ട്രങ്ങളുടെ പവലിയനിൽ ഏറ്റവും നല്ല പവലിയൻ ചൈനയുടേതായിരുന്നു. ചൈനയുടെ മിനിയേച്ചറായിരുന്നു ദുബായ് ഫെസ്റ്റിവലിലെ പവലിയൻ. ഞാൻ പോയി കണ്ടതുകൊണ്ടാണ് പറയുന്നത്. ആ രാജ്യത്തിന്റെ വളർച്ചയുടെ മിനിയേച്ചർ കാണാൻ സാധിച്ചു. ചൈനയിലായാലും കൊള്ളാം, ബംഗാളിലായാലും കൊള്ളാം ബഹുരാഷ്ട്ര കുത്തകകൾ കൊണ്ടുവരുന്ന നിക്ഷേപം അനുവദിക്കുന്നു. നിങ്ങൾ പറയുന്നു നിക്ഷേപം നടത്താൻ പാടില്ലായെന്ന്. ഇവിടെ വരുന്ന ആളുകളെ ഓടിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് യു.ഡി.എഫ്.-കാർ ബംഗാളിനേയും ചൈനയേയും ആവർത്തിച്ചാവർത്തിച്ച് ഉദാഹരിക്കുന്നത്. എങ്കിൽ മാത്രമേ നിങ്ങൾക്ക് മനസ്സിലാകൂ ചൈനയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, ബംഗാളിലെ മുഖ്യമന്ത്രി ചെയ്യുന്ന കാര്യങ്ങൾ സ്വസ്ഥമായി ചെയ്യാൻ, സ്ഥിരമായി ചെയ്യാൻ എന്നെ അനുവദിക്കണമെന്ന് മുഖ്യമന്ത്രിക്ക് പ്രസ്താവന ഇറക്കേണ്ടിവന്നു. അദ്ദേഹത്തെക്കൊണ്ട് അതു പറയാൻ പ്രേരിപ്പിച്ചത് നിങ്ങളുടെ നിലപാടാണ്. ബംഗാളിൽ ചെയ്യുന്ന കാര്യമെങ്കിലും ചെയ്യാൻ നിങ്ങൾ സമ്മതിക്കുന്നില്ല. P & O Ports എന്ന കമ്പനി ഇവിടെ വന്നപ്പോൾ നിങ്ങൾ ഓടിച്ചു. നിങ്ങൾ അവരെ

LIBRARY ARCHIVES Kerala Legislative Assembly

ബംഗാളിൽ കുടിയിരുത്തിയിരിക്കുകയാണ്. ഇതാണ് ഏർപ്പാട്. അതുകൊണ്ട് സാമ്പത്തിക പരിഷ്കാരം അനിവാര്യമാണ്, അതിനു നിക്ഷേപം കൂട്ടുക തന്നെ വേണം. നിക്ഷേപം കൂട്ടാതെ വേറെ ഒരു വഴിയില്ല. നമുക്ക് പ്രൊഡക്ടിവിറ്റി കൂട്ടണം. നമുക്ക് Gross State Domestic Product കൂട്ടണം. മൊത്തം ആഭ്യന്തര ഉൽപ്പാദനം കൂട്ടിയേ മതിയാകൂ. നമ്മൾ ഉദ്ദേശിച്ച രീതിയിൽ സംസ്ഥാനത്ത് നിക്ഷേപം ഉണ്ടാകണം. അതുകൊണ്ട് സ്വകാര്യവൽക്കരണം പറഞ്ഞ് എതിർക്കുന്നതിൽ അർത്ഥമില്ല. നിക്ഷേപം കൂടാൻ പോകുകയാണ്. കേരളത്തിന്റെ വളർച്ചയുടെ നാഴികക്കല്ലിന് എറണാകുളത്ത് അടുത്ത 16-ന് പ്രധാനമന്ത്രി തറക്കല്ലിടാൻ പോകുകയാണ്. വല്ലാർപാടത്തും പുതുവൈപ്പിനിലുമായി ഏതാണ്ട് ആറ് മേജർ പ്രോജക്ടുകൾ വരാൻ പോകുന്നു. പതിനായിരം കോടി രൂപയുടെ നിക്ഷേപം വരാൻ പോകുകയാണ്. അതിൽ 5 പദ്ധതികളും വരുന്നത് എന്റെ മണ്ഡലത്തിലാണ്. വല്ലാർപാടമാകട്ടെ, എന്റെ മണ്ഡലത്തിന്റെ അടുത്ത പ്രദേശമാണ്. വല്ലാർപാടത്തും പുതുവൈപ്പിനിലുമടക്കം 10,000 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ വരാൻ പോകുന്നത്. നമ്മുടെ കൊച്ചു കേരളത്തിൽ ഇതാ ഒരു സൂര്യോദയമുണ്ടാകാൻ പോകുന്നു. അറബിക്കടലിന്റെ റാണിയായ കൊച്ചിയിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപം ആരംഭിക്കുകയാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടായി വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനുവേണ്ടി നാം മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന് അനുവാദം നേടിയെടുത്തത് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു. പ്രതിപക്ഷസഹായം ഉണ്ടായിട്ടുണ്ട്. നിരന്തരമായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഡൽഹിയിൽ പോയി കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ചു. തമിഴ്നാടിന്റെ എതിർപ്പുണ്ടായിട്ടുകൂടി അംഗീകാരം നേടിയെടുക്കുകയുണ്ടായി. ഇന്ന് രാജ്യത്തിന്റെ വ്യാപാരം നടക്കുന്നത് കണ്ടെയ്നർവഴിയാണ്. ട്രാൻസ്ഷിപ്മെന്റ് വഴിയാണ്. ഇൻഡ്യയിൽ 12 മേജർ തുറമുഖങ്ങൾ ഉണ്ട്. ചിറ്റഗോംഗ്, കറാച്ചി അടക്കമുള്ള സ്ഥലങ്ങളിൽ കണ്ടെയ്നർ പോകുന്നത് കൊളംബോയിൽ നിന്നാണ്. സലാലയോ ദുബായിയോ വിട്ടുകഴിഞ്ഞാൽ പിന്നെ പോകുന്നത് കൊളംബോയിലേയ്ക്കാണ്. അതുകഴിഞ്ഞ് നേരെ സിംഗപ്പൂരിലേയ്ക്കാണ് പോകുന്നത്. ഇൻഡ്യൻ സബ് കോണ്ടിനെന്റിൽ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ ഇല്ല. ശ്രീലങ്കയിലാകട്ടെ insurgency ഉണ്ടെങ്കിൽപ്പോലും ആ രാജ്യം രക്ഷപ്പെടുന്നത് ട്രാൻസ്ഷിപ്മെന്റ് ടെർമിനൽമൂലമാണ്. അതുകൊണ്ട് ഞാൻ പറയുന്നു, രാജ്യാന്തര കപ്പൽപ്പാതയ്ക്കടുത്തായി വരുന്ന കൊച്ചിയിലേയ്ക്ക് ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ വരാൻ പോകുകയാണ്. ഇപ്പോൾ വരുന്നതെല്ലാം feeder vessels ആണ്. നാളെ വരാൻ പോകുന്നത് mother vessel ആണ്. ഇൻഡ്യയിലെ ബാക്കി 11 തുറമുഖങ്ങളിലേയും കറാച്ചിയിലേയും ചിറ്റഗോംഗിലേയും കണ്ടെയ്നർ കൊച്ചിയിൽ വരും. കൊച്ചി transshipment hub ആയി മാറാൻ പോകുകയാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടാൻ പോകുകയാണ്. കേരളത്തിന്റെ ഖജനാവ് നിറഞ്ഞുകവിഞ്ഞില്ലെങ്കിൽപ്പോലും കടത്തിന്റെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകാൻ പോകുകയാണ്. അതിന് മുൻകൈ എടുത്തത് ശ്രീ. എ. കെ. ആന്റണി നയിച്ച ഗവൺമെന്റും ഇപ്പോൾ അതു ഫോളോ അപ് ചെയ്യുന്നത് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റുമാണ്. ബാക്കി വരുന്ന 6 പ്രോജക്ടുകൾ എന്റെ മണ്ഡലത്തിൽപ്പെട്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിലൊന്നാണ് കൊച്ചിൻ റിഫൈനറി. ഇന്ന് കൊച്ചിൻ റിഫൈനറിയിൽ എന്തുമാത്രം അസംസ്കൃത എണ്ണയാണോ റിഫൈൻ ചെയ്യുന്നത് അതിന്റെ ഇരട്ടി എണ്ണ റിഫൈൻ ചെയ്യാൻ വേണ്ടിയുള്ള ഒരു സംവിധാനം വരുത്താൻ പോകുന്നത് എന്റെ മണ്ഡലത്തിലാണ്. SBM എന്ന സംവിധാനമാണ് ഇപ്പോൾ വരുന്നത്. ഇപ്പോൾ ചെറിയ കപ്പലാണ് കൊച്ചിയിൽ വരുന്നത്. ഇനി വൻ കപ്പൽ വരണം. ആ കപ്പലിന്റെ പേരാണ് (VLCC) Very Large Crude Carrier അതു വരാൻ മാർഗ്ഗമില്ല. അതുകൊണ്ട് വല്ലാർപാടത്തു നിന്ന് പുതുവൈപ്പിനിൽ നിന്ന് പത്തൊമ്പതര കിലോമീറ്റർ പുറംകടലിൽ SBM സംവിധാനം ഉണ്ടാക്കുകയാണ്. കപ്പൽ നങ്കൂരമിടാൻ വേണ്ടിയാണ് SBM സ്ഥാപിക്കുന്നത്. അവിടെ നിന്ന് കടലിനടിയിലൂടെ പൈപ്പിട്ട് നേരെ പുതുവൈപ്പിനിൽ എത്തിക്കുകയാണ്. പുതുവൈപ്പിനിൽ മനുഷ്യനിർമ്മിതമായ ഒരു എണ്ണപ്പാടം ഉണ്ടാകാൻ പോകുകയാണ്. ഗൾഫിലൊക്കെ പ്രകൃതിയുണ്ടാക്കിയ എണ്ണപ്പാടമാണെങ്കിൽ എന്റെ മണ്ഡലമായ പുതുവൈപ്പിനിൽ മനുഷ്യ നിർമ്മിതമായ എണ്ണപ്പാടം ഉണ്ടാകാൻ പോകുകയാണ്. പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെ ഡ്രെഡ്ജിംഗ് ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇവിടെ ഒരു ടാങ്ക് സംഭരണിക്ക് 60000 ക്യൂബിക് മീറ്റർ ശേഷിയുണ്ട്. 360,000 ക്യൂബിക് മീറ്റർ ശേഷിയുള്ള ഭീമാകാരമായ ആറു സംഭരണികൾ വരുകയാണ്. എന്നു പറഞ്ഞാൽ മനുഷ്യനിർമ്മിതമായ ഒരു എണ്ണപ്പാടം അവിടെയുണ്ടാകുന്നു. അതിന്റെ പേരാണ് STF (Short Tank Farm) ഇതു വരുമ്പോൾ ഒരു തീപ്പൊരി വീണാൽ, ഒന്നും സംഭവിക്കാതിരിക്കട്ടേ, വൈപ്പിൻകരയ്ക്ക് എന്താണ് സംഭവിക്കാൻ പോകുന്നതെന്നു പറയാൻ കഴിയില്ല, ഞങ്ങൾ റിസ്ക്കിലാണ്. കേരളത്തിന്റെ വളർച്ചയെ കണ്ടുകൊണ്ട് ഞങ്ങൾ ഇതിനെ സ്വാഗതം ചെയ്യുന്നു. SBM-നുവേണ്ടി കേരളാ പൊല്യൂഷൻ കൺട്രോൾ ബോർഡ് അംഗീകാരം കൊടുക്കുകയുണ്ടായി. അംഗീകാരം കൊടുത്തപ്പോൾ ചില നിബന്ധനകൾ വയ്ക്കുകയുണ്ടായി. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റിപ്പോർട്ടാണിത്. ഈ നിബന്ധന എന്നു പറയുന്നത്, ടോട്ടൽ ഇൻവെസ്റ്റ്മെന്റ് കോസ്റ്റിന്റെ 3% പ്രാദേശിക ആവശ്യത്തിനുവേണ്ടിയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കണം. മൊത്തം ഇൻവെസ്റ്റ്മെന്റ് SBM-ന് 719 കോടി രൂപയാണ്. അതിന്റെ 3% എന്നു പറയുമ്പോൾ 21 കോടി രൂപ വരും. അപ്പോൾ 21 കോടി രൂപ പ്രാദേശിക ആവശ്യത്തിനുവേണ്ടി ചെലവഴിക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇതാണ് അവസ്ഥ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജല വിഭവ വകുപ്പിന് ആവശ്യമായിട്ടുള്ള പണം നീക്കിവച്ചതായി തോന്നുന്നില്ല. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ കുടിവെള്ളക്ഷാമം കൊണ്ട് പൊറുതി മുട്ടുന്നത് എന്റെ മണ്ഡലമാണ്. ചുറ്റും വെള്ളമുണ്ട്. വെള്ളം വെള്ളം സർവ്വത്ര. കുടിക്കാനുള്ളത് ഉപ്പുവെള്ളം മാത്രമാണ്. വേറെ വഴിയില്ല. കടൽ വെള്ളം മാത്രമേ ഞങ്ങൾക്കുള്ളൂ; ഉപ്പുവെള്ളം മാത്രമേയുള്ളൂ. കഴിഞ്ഞ 15 വർഷക്കാലമായി വൈപ്പിൻകരയിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ട്. പത്തു വർഷം മുമ്പ്, 1995-ലാണ് ഹഡ്കോ ഒരു കുടിവെള്ള പദ്ധതി ആരംഭിച്ചത്. അതെന്നു പൂർത്തിയാകുമെന്ന് എനിക്ക് പറയാനാകുകയില്ല. പണി നീണ്ടു പോകുകയാണ്. ഈ കാര്യത്തിൽ യു.ഡി.എഫ് സർക്കാരിനും എൽ.ഡി.എഫ്. സർക്കാരിനും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. പദ്ധതി പൂർത്തിയായിട്ടില്ല. ഒരുപക്ഷേ വൈപ്പിൻ പദ്ധതി പൂർത്തിയായാൽപ്പോലും വെള്ളം കിട്ടാൻ സാധ്യതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടെന്നാൽ ആലുവാ പുഴയിൽ നിന്ന് എറണാകുളത്ത് വെള്ളമെത്താനുള്ള പൈപ്പ് ഇട്ടിട്ടില്ല. ഞങ്ങളുടെ മണ്ഡലം വാലറ്റത്താണ്. ആലുവാ പുഴയിലെ വെള്ളം അവിടെ എത്തുകയില്ല. വെള്ളമെത്തുമ്പോൾ ആളുകൾ ടാപ്പ് ചെയ്യുകയാണ്. അതുകൊണ്ട് കേരളാ ഗവൺമെന്റ് ഒരു പുതിയ നയം കുടിവെള്ളത്തിന്റെ കാര്യത്തിൽ എടുക്കാൻ തയ്യാറാകണം. ഇത്രയേറെ പണം അവിടെ മുടക്കുന്ന സാഹചര്യത്തിൽ 21 കോടി രൂപയിൽ നിന്നും പത്തുപതിനഞ്ചു കോടി രൂപ മുടക്കി അവിടെ കടൽ വെള്ളത്തിൽ നിന്ന് കുടിവെള്ളമുണ്ടാക്കണം. ഞങ്ങൾക്ക് അവിടെ ഒരു Desalination plant ആവശ്യമാണ്. ഞാൻ ചെറിയ രണ്ടു പ്ളാന്റ് കൊണ്ടുവന്നിരുന്നു. 20000 ലിറ്റർ പ്രതിദിന ശേഷിയുള്ള രണ്ടു പ്ളാന്റ് കൊണ്ടുവന്നിരുന്നു. ഒന്ന് ചെറായിയിലും ഒന്ന് ചെല്ലാനത്തുമാണ്. അത് വളരെ ചെറിയ പ്ളാന്റാണ്. അതുകൊണ്ട് ഗവൺമെന്റ് മുൻകൈയെടുത്ത് കൊച്ചിൻ റിഫൈനറിയുമായി ആലോചിച്ചുകൊണ്ട് ഒരു Desalination plant തുടങ്ങണം. കൽപ്പാക്കത്താണെങ്കിൽ പ്രധാനമന്ത്രി വന്നാണ് Desalination plant-ന് തറക്കല്ലിട്ടിരിക്കുന്നത്. അതുപോലെ നമുക്കുമാകണം. വൈപ്പിൻ നിവാസികളാണെങ്കിൽ റിസ്ക്കുണ്ടെങ്കിലും അതിനെ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. മത്തായി ചാക്കോ: സർ, അങ്ങ് വളരെ ആവേശത്തോടുകൂടി ഒരു പദ്ധതിയെക്കുറിച്ചു പറഞ്ഞു. കുടിവെള്ളത്തെക്കുറിച്ചാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. മൂന്നരവർഷക്കാലം മുൻ ഗവൺമെന്റിന്റെ ഭാഗമായി മന്ത്രിയായിരുന്ന അങ്ങേയ്ക്ക് അന്നത് നടത്താൻ സാധിച്ചില്ല. ഈ ബഡ്ജറ്റിലും പണമില്ല. ഇനി ഇതിനെക്കുറിച്ച് എന്തെങ്കിലും പ്രതീക്ഷയുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: ഞാൻ അതുതന്നെയാണ് പറഞ്ഞുവരുന്നത്. 1995-ൽ ആരംഭിച്ചതാണ്. എൽ.ഡി.എഫ്.ന്റെ കാലത്തായാലും യു.ഡി.എഫ്.ന്റെ കാലത്തായാലും എന്ന് ഈ പദ്ധതി പൂർത്തിയാകുമെന്നുള്ളത് സംശയമാണ്. ഹഡ്കോ പദ്ധതി പൂർത്തിയായി. പക്ഷേ വെള്ളം കിട്ടാൻ പോകുന്നില്ല. കാരണം പൈപ്പ് വെള്ളം അവിടെയെത്തില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതിനുള്ള ഒരേയൊരു പരിഹാരമാർഗ്ഗം Desalination plant ആണെന്ന്. മറ്റൊന്ന് വരാൻ പോകുന്നു. 2000 കോടി രൂപയ്ക്കുള്ള ഒരു പ്രോജക്ടാണത്. ഖത്തറിൽ നിന്നും പരമാവധി വാതകം കൊണ്ടുവരികയാണ്. ഇപ്പോൾ വാതകം ട്രാൻസ്പോർട്ട് ചെയ്യാൻ വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ദ്രാവകമാക്കും. കൊച്ചിയിൽ വരുമ്പോൾ അത് Regasify ചെയ്യും. അവിടെ ദ്രാവകം ഗ്യാസ് ആക്കി മാറ്റുകയാണ്. അതുകൊണ്ടാണ് LNG regasify എന്നുപറയുന്നത്. ഈ വാതകം toxic അല്ല, ഇത് വിഷവാതകമല്ല. പക്ഷേ ഈ വാതകം liquify ചെയ്യുമ്പോൾ ഇതിന്റെ temperature minus 160 ആയി മാറും. തന്നേയുമല്ല ഇതിന്റെ volume 600-ൽ ഒന്നായി ചുരുങ്ങുകയാണ്. അങ്ങനെയുള്ള കാർഗോയാണ് വൈപ്പിനിൽ വരുന്നത്. Minus 160°C -ൽ അത് 1/600 volume ആയി ചുരുങ്ങിയിരിക്കുന്നു. അവിടെയുണ്ടാകുന്ന risk സൂക്ഷിക്കണമെന്നേയുള്ളൂ. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി വൈപ്പിൻ നിവാസികളെല്ലാം ഈ risk ഏൽക്കാൻ തയ്യാറാണ്. പക്ഷേ ആ risk ഏൽക്കുമ്പോൾ ന്യായമായ അവകാശം സാധിച്ചുതരുവാൻ, ഈ കമ്പനിയുമായൊക്കെ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. ഗവൺമെന്റിനെക്കൊണ്ട് ആവശ്യമായ ഫണ്ട് വകയിരുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കില്ല. അതുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കുന്നത്. ഇവിടെ ഫണ്ട് വരുന്നുണ്ട്. അതുപോലെതന്നെ International Bunkering Terminal-ന്റെ കാര്യം. വല്ലപ്പോഴും ചരക്കുകപ്പൽ മാത്രമേ അവിടെ വരുന്നുള്ളൂ. International Bunkering Terminal വന്നാൽ ആ കപ്പലിന് ഇന്ന് ആവശ്യമായ വെള്ളം, Oil, Garbage Collection, Crew Change ഇവയൊക്കെ കൊടുക്കാൻ സൗകര്യമുണ്ടാകും. അവിടെ storage facilities കൊടുക്കാൻ സൗകര്യമുണ്ടാകും. International Ship Repair Facility-യും യാത്രാ കപ്പൽ റിപ്പെയർ ചെയ്യാനുള്ള സൗകര്യവുമുണ്ടാക്കാൻ പോവുകയാണ്. International Cruise Terminal-ൽ ആഡംബര കപ്പൽ അപൂർവ്വമായി വരാറുണ്ട്. ആ International Cruise Terminal-ൽ കപ്പൽ സ്ഥിരമായി അടുക്കാനുള്ള സംവിധാനമുണ്ടാക്കുമ്പോൾ അവിടെ ടൂറിസം വളരാൻ പോവുകയാണ്. സർവ്വോപരി വല്ലാർപാടത്തേയും പുതുവൈപ്പിനേയും യോജിപ്പിച്ചു ഒരു Port Based Special Economic Area കേന്ദ്രഗവൺമെന്റ് പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരള ഗവൺമെന്റ് ചെയ്യേണ്ടത് അടിയന്തിരമായി ഒരു ബിൽ പാസ്സാക്കണം. ഒരു Special Economic Area ആയി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതിനെ The State Government shall enact a Cess Act എന്ന് പറഞ്ഞിരിക്കുകയാണ്. Special Economic Zone Act പാസ്സാക്കുമെന്ന് പറഞ്ഞിരിക്കുന്നു. ആ ബിൽ ഇപ്പോൾ റെഡിയാണ്. ആ ബിൽ അടിയന്തിരമായി പാസ്സാക്കിയാൽ ഈ പറയുന്ന പ്രോജക്ട് മുഴുവൻ കൊച്ചിയിൽ വരും. കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടും. അതിന് നിങ്ങളുടെ എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ഡോ. എം. എ. കുട്ടപ്പൻ സംസാരിച്ചതുപോലെ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെടുത്തി ഈ ബഡ്ജറ്റിൽ ഊന്നി സംസാരിക്കണമെന്ന് ഞാൻ ആലോചിച്ചു. ഒരു രാഷ്ട്രീയവും കാര്യമായി വേണ്ടായെന്ന് വിചാരിച്ചതാണ്. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് അനുവദിക്കണ്ടേ? പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിക്കാറുണ്ട്. നമ്മുടെ നിയമസഭയിൽ തന്നെ എത്രയോ ധനകാര്യ വകുപ്പുമന്ത്രിമാർ തുടർച്ചയായി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ബഡ്ജറ്റിന്റെ ഒന്നാമത്തെ പേജിൽ തന്നെ, ഒന്നാമത്തെ ഖണ്ഡികയിൽ തന്നെ പ്രതിപക്ഷത്തിനെ പിടിച്ചുകുടയുന്ന ഒരു ബഡ്ജറ്റ് എവിടെയെങ്കിലുമുണ്ടോ? ....(ബഹളം)... അഭിനന്ദനം അവസാനം ഒരു ചെറിയ മേമ്പൊടിക്ക് ഇട്ടിട്ടുണ്ട്, അതിന്റെ കാര്യം ഞാൻ പറഞ്ഞുതരാം. എവിടേയും എങ്ങനേയും ഒരു വകതിരിവില്ലാത്ത സമരം മാത്രം നടത്തിക്കൊണ്ടിരിക്കുന്ന പ്രതിപക്ഷമെന്നാണ് ഇതിൽ പറയുന്നത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഞാൻ ആലോചിച്ചു, എന്തായാലും ഒരു വകതിരിവുമില്ലാത്ത, ഉത്തരവാദിത്വമില്ലാത്ത, എല്ലാ സമയത്തും എവിടേയും എന്നും സമരം ചെയ്യുന്ന ഞങ്ങൾ, ... അങ്ങനെയൊക്കെ സമരം ചെയ്തതുകൊണ്ട് ഗവൺമെന്റിന്റെ തെറ്റായ നയത്തിനെതിരായി പോരാടിയതുകൊണ്ട് ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട 19 പേർ പാർലമെന്റിലേയ്ക്ക് പോയാൽ മതിയെന്ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ തീരുമാനിച്ചു. അതല്ലേ സത്യാവസ്ഥ? ഏറ്റവും പ്രധാനപ്പെട്ട ഈ ബഡ്ജറ്റ് രേഖയിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പരിണതപ്രജ്ഞനായ ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെ എഴുതിവച്ചാൽ അത് മീറ്റ് ചെയ്യാതെ ഞങ്ങൾ എങ്ങനെ മുമ്പോട്ടുപോകും? അതുകൊണ്ട് ഞാൻ അതേപ്പറ്റി പറയുകയാണ്. ഇനിയിപ്പോൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കേന്ദ്രത്തിൽ എന്തെങ്കിലും പ്രശ്നമുണ്ട്, കേരളത്തിലെ എം.പി.മാർ അതൊന്ന് take up ചെയ്യണമെന്നു പറഞ്ഞാൽ..... അദ്ദേഹം ആരെകൂട്ടാനാണ്? ഞങ്ങളെയല്ലാതെ ആരെ കൂട്ടാനാണ്? ശ്രീ. വർക്കല രാധാകൃഷ്ണനെ വിളിക്കേണ്ടിവരും, അല്ലെങ്കിൽ ശ്രീ. പി. കെ. വാസുദേവൻനായരെ വിളിക്കേണ്ടിവരും. കേരളത്തെ പ്രതിനിധീകരിക്കാൻ കോൺഗ്രസ്സിന്റെ പൊടിയുണ്ടോ ഇന്ത്യൻ പാർലമെന്റിൽ? ഞങ്ങളുടെ നിരന്തര സമരംകൊണ്ടും, വകതിരിവില്ലാത്ത സമരംകൊണ്ടുമാണോ നിങ്ങൾക്കിതു വന്നത്? മറിച്ച് ഞങ്ങൾ നടത്തിയിട്ടുള്ള നിങ്ങളുടെ തെറ്റായ നയത്തിനെതിരായ സമരത്തിന്റെ ഭാഗമായി ജനങ്ങൾ ഞങ്ങളെ appreciate ചെയ്ത് ഞങ്ങളിൽ 19 ആളുകളെ പാർലമെന്റിലേക്ക് അയച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമരത്തിന്റെ ഫലമായി നിങ്ങൾ 19 പേർ അവിടെയെത്തി, സമ്മതിച്ചു. അങ്ങനെ ജയിക്കുന്ന ആളുകളെ അംഗീകരിക്കുന്നതാണല്ലോ ജനാധിപത്യം. ആ 19 ആളുകളും അവിടെയെത്തി ഞങ്ങളുടെ ആളുകളെ സഹായിക്കുന്നു. അപ്പോൾ നിങ്ങളുടെ സമരം ഒരർത്ഥത്തിൽ ഞങ്ങൾക്കവിടെ ഗുണം ചെയ്യുന്നുണ്ട്. അത് നിഷേധാത്മകമായി എടുക്കാതെ പോസിറ്റീവായി അവിടെ ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുകയല്ലേ?

ശ്രീ. ടി. കെ. ബാലൻ: ഇവിടെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പറഞ്ഞ കാര്യങ്ങൾ ഞങ്ങളാരും മറന്നുപോയിട്ടില്ല. നിങ്ങൾ എന്താണ് പറഞ്ഞത്? അവിടെ എത്തിയാൽ നിങ്ങളുടെ ആളുകൾ ഞങ്ങളെ സപ്പോർട്ട് ചെയ്യുകയാണെങ്കിൽ നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി മൽസരിക്കുന്നത്, ഞങ്ങളെ അയച്ചാൽ പോരേ എന്നാണ് ചോദിച്ചത്. അവിടെ പോയാൽ നിങ്ങളുടെ കോൺഗ്രസ് ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുമെന്നുള്ള ഉറപ്പൊന്നും ഞങ്ങൾക്കില്ല, ജനങ്ങൾക്കുമില്ല. അതുകൊണ്ടാണ് ജനങ്ങൾ ഞങ്ങൾക്ക് വോട്ടു ചെയ്തത്. അതുകൊണ്ടാണ് 19 ആളുകളെ അയച്ചത്.

മി. സ്പീക്കർ: നാടിന്റെ കാര്യത്തിൽ നിങ്ങളും ഞങ്ങളും വേണ്ട, നമ്മൾ ആകുക.

ശ്രീ. ടി. കെ. ബാലൻ: അങ്ങയുടെ ആ സൻമനസ്സിനോട് എനിക്ക് അങ്ങേയറ്റം ആദരവുണ്ട്. പക്ഷേ പറഞ്ഞിട്ടെന്താണ്? യാഥാർത്ഥ്യം വേറെയല്ലേ? ഒന്നാമത്തെ പേജിൽ തന്നെ ഞങ്ങളെ കുത്തി സംസാരിച്ചാൽ പിന്നെ ഞങ്ങൾക്കിത് പറയാതെ പറ്റുമോ? എനിക്ക് മറ്റൊരുകാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെപ്പറ്റി എന്തുനല്ല വാക്കുകളാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്! ട്രാക്ക് മാറിയിട്ടുള്ള സമ്പദ് വ്യവസ്ഥയെ നെരെ കൊണ്ടുവന്നു, അതുകഴിഞ്ഞ് ധനകാര്യ വകുപ്പുമന്ത്രി എഴുതിയതു മുഴുവനും ട്രാക്കില്ലെന്നുള്ളതിന് തെളിവാണ്. ഞാൻ അതൊക്കെ ഇവിടെ ഉദ്ധരിക്കുന്നില്ല. പിന്നെ അദ്ദേഹത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാക്കു പറഞ്ഞു, എന്താണത് ? "ആദർശകുബേരൻ" എന്നാണ് പറഞ്ഞത്. ഞാൻ ആലോചിച്ചു, ഒരിക്കലും ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന് അങ്ങനെ വല്ലാതെ തെറ്റുപറ്റില്ല. ആദർശകുബേരനെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഞാൻ ഇവിടെ ലൈബ്രറിയിൽ പോയി ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലി എടുത്തുവായിച്ചു. കാരണം ഇത്രയും സമർത്ഥനായ ധനകാര്യ വകുപ്പുമന്ത്രിയെ ചുരുക്കെഴുത്തുകാരാരെങ്കിലും പറ്റിച്ചതാണോ, അതോ ശ്രീ. എ. കെ. ആന്റണിയെ ആത്മാർത്ഥമായി അഭിനന്ദിച്ചതാണോ, അതോ വേറെ വല്ലതും ഉള്ളിൽ വച്ചുകൊണ്ട് കുബേരനെന്ന് എഴുതിയതാണോ? കുബേരൻ എന്നുപറഞ്ഞാൽ അർത്ഥം "നിന്ദിതമായ ശരീരത്തോടുകൂടിയവൻ", "ധനത്തെ ചെലവിടാതെ ഒളിച്ചുവയ്ക്കുന്നവൻ". ശ്രീ. എ. കെ. ആന്റണി ഇവിടെയില്ല. അദ്ദേഹം ഇവിടെയില്ലാത്തതു നന്നായി എന്നാണ് എനിക്ക് തോന്നുന്നത്. മൂന്നാമത്തെ അർത്ഥം "ഒരുതരത്തിൽ പറഞ്ഞാൽ രാവണന്റെ സഹോദരൻ". ഇനി ഒന്നുകൂടിയുണ്ട്, "യക്ഷൻ". അത് കിന്നരന്മാരുടെ രാജാവാണ്. ഇത് ശബ്ദതാരാവലിയിലുള്ളതാണ്. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ആദരിക്കുന്ന ആളാണ്. ഞങ്ങൾക്ക് രാഷ്ട്രീയ വ്യത്യാസമുണ്ട്, പക്ഷേ മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ സ്വഭാവവൈശിഷ്ഠ്യം സംബന്ധിച്ച് ഞങ്ങൾ ഇന്നേവരെ ആരും എവിടേയും പറഞ്ഞിട്ടില്ല. വ്യക്തിപരമായി ഒരൊറ്റ വാക്കും ഞങ്ങൾ അദ്ദേഹത്തിനെതിരായി പറഞ്ഞിട്ടില്ല. പക്ഷേ ഇത്രമാത്രം ട്രാക്ക് നേരെയാക്കി എന്നൊക്കെ പറഞ്ഞിട്ട് ഇത്ര മോശമായ ഒരു disgraceful ആയിട്ടുള്ള വിശേഷണം,..... അങ്ങനെയാണ് എനിക്കുതോന്നുന്നത്, ഇതിൽ പറഞ്ഞതെന്തുകൊണ്ടാണ്? അങ്ങ് ഇത് വായിച്ചിട്ടുണ്ടാവില്ല, അല്ലെങ്കിൽ ഒരിക്കലും ഇങ്ങനെ തെറ്റുപറ്റില്ല. അത് പിൻവലിക്കണമെന്ന് ഞാൻ പറയില്ല, അതവിടെ കിടന്നോട്ടെ. മുൻമുഖ്യമന്ത്രിയുമായി അദ്ദേഹത്തിന് എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അതവിടെ

3.00. p.m.] കിടന്നോട്ടെ. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാര്യവും പറഞ്ഞിട്ടുണ്ട്. എന്താണ് പറഞ്ഞത്? "പോയ ആളിന്റെ അനുജനു തുല്യമായിട്ട് കേരളത്തിനുവേണ്ടി പണിയെടുക്കുന്ന ആൾ" എന്നാണ് പറഞ്ഞത്. നല്ല കാര്യമാണ്. പക്ഷേ ഞാനൊന്നു പറയട്ടെ, ഇത് ഇവിടത്തെ Publicity and Information Department പബ്ലിഷ് ചെയ്തതാണ്. ഞങ്ങളുടെ ഭേദഗതിയൊന്നുമല്ല ഞാൻ കാട്ടു ചെയ്യുന്നത്.—"100 ദിവസം ജനങ്ങൾക്കൊപ്പം"—ഇത് അവർക്കെല്ലാവർക്കും സപ്ലൈ ചെയ്തിട്ടുണ്ട്. ഇതിൽ നമ്മുടെ ശ്രീ. ഉമ്മൻചാണ്ടിയുടെ അതിദൂരം കേരളത്തിലേയ്ക്ക് എന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിശേഷിപ്പിച്ചതിൽ 18-ാമത്തെ പേജിൽ "ഒരു മാമ്പഴം മുഖ്യമന്ത്രിക്ക്". ഞങ്ങൾ മാമ്പഴമൊന്നും കൊടുക്കുന്നവർ അല്ല. ഞങ്ങൾ അതിനെ വിമർശിച്ചവരാണ്. ഒരു കോടി എട്ടു ലക്ഷം രൂപ കൊടുക്കാൻ ഒരു കോടി ഇരുപത്തിയൊൻപതു ലക്ഷം രൂപ ചെലവാക്കി എന്നൊക്കെ ഞങ്ങൾ പറഞ്ഞതാണ്. ഒരു മാമ്പഴം മുഖ്യമന്ത്രിക്ക് എന്നതിൽ എന്താണ് പറയുന്നത്? "ഭരണാധിപന്മാർ ജനങ്ങളുടെ നടുവിലേയ്ക്കും അതിലൂടെ അവരുടെ ഹൃദയങ്ങളിലേയ്ക്കും നടന്നടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നടപടി എല്ലാംകൊണ്ടും ശ്ലാഘനീയമാണ്, എന്നാൽ അതൊരിക്കലും പ്രശ്ന പരിഹാരത്തിനുള്ള ഒറ്റമൂലിയല്ല. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾക്കുപകരം അവരുടെ കണ്ണുനീരിൽ നിന്നുമൊരല്പം തുറന്നുപിടിച്ച ക്യാമറാ കണ്ണുകൾക്കു മുമ്പിൽ ഭരണത്തിന്റെ വിരൽ തുമ്പുകൊണ്ടു തുടച്ചതുകൊണ്ടുമാത്രം കാര്യമായ ഒരു പരിഹാരവുമില്ല." ഇതൊരു ഗവൺമെന്റ് പ്രസിദ്ധീകരണമാണ്. ഞാൻ ഇതു പറഞ്ഞതുകൊണ്ട് ഇതിന്റെ ഡയറക്ടറെ നാളെ സസ്പെൻഡ് ചെയ്തുകളയരുത്. ഈ മാന്യൻ മുഖ്യമന്ത്രിക്ക് എന്നുള്ളത് അണ്ടുള്ള എഴുതിയ ഒരു ലേഖനമാണ്. "ഫസ്റ്റ് എയിഡ് കൊണ്ടുമാത്രം ഒരു സംസ്ഥാനത്തിന്റെ ആരോഗ്യരംഗം ഭദ്രമാവുകയില്ല. സാധാരണക്കാരന്റെ ഏറ്റവും മികച്ചരീതി, സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും കർഷകന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പലിശ രഹിത കടങ്ങളും അവന്റെ ഉല്പന്നങ്ങൾക്ക് മതിയായ വിലയും ലഭിക്കുമ്പോൾ മാത്രമേ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ പരിഹരിക്കപ്പെടൂ. അല്ലാത്തപക്ഷം ഇല്ലായ്മകളും വല്ലായ്മകളും പ്രദർശിപ്പിക്കാനുള്ള ഉൽസവച്ചന്തകളായിമാറും ഈ ജനസമ്പർക്ക പരിപാടികൾ" എന്നാണ്. ഞാനിത് പറയുന്നത് നിങ്ങളുടെ വേലത്തരത്തിന് നിങ്ങളുടെ ആളുകൾ തന്ന മറുപടിയാണ്. ശ്രീ. എ. കെ. ആന്റണിയെ വല്ലാതെ പ്രശംസിച്ചിരിക്കുന്നു. അദ്ദേഹം വെട്ടിൽ വീണിട്ടില്ല. "വീക്ഷണം വാരികയ്ക്ക്" നമ്മുടെ മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഒരു ആശംസയും അയച്ചിട്ടുണ്ട്. ഞങ്ങൾ നിങ്ങളെപ്പോലെയല്ല. നിങ്ങളുടെ പ്രസിദ്ധീകരണങ്ങളൊക്കെ നന്നായിട്ട് വായിക്കാറുണ്ട്. എന്നാൽ മാത്രമേ ഞങ്ങൾക്കു നിങ്ങളെ എതിർക്കുന്ന കാര്യങ്ങൾ പറയാൻ പറ്റൂ. അതുപോലെ നിങ്ങൾ പറയുന്ന നല്ല കാര്യങ്ങൾ മനസ്സിലാക്കാനും പറ്റൂ. ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞതെന്താണ്? അദ്ദേഹം വളരെ ഖിന്നനാണ്. വലിയ മാനസിക വിഷമം അദ്ദേഹത്തിനുണ്ട്. അദ്ദേഹം പറയുകയാണ്, "എല്ലാം നേരെയായിരിക്കുമ്പോൾ എല്ലാവരും മിത്രങ്ങളാണ്. എന്നാൽ പ്രതിസന്ധി നേരിടുമ്പോൾ, കോൺഗ്രസ്സുകാരുടെ ന്യായമായ കാര്യങ്ങൾ പോലും ഏറ്റു പറയാൻ ആരുമില്ലാത്ത ഒരു ദയനീയ സാഹചര്യമുണ്ടാകുന്നു." നല്ലതു പറയാൻ ആളില്ലെന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. വീക്ഷണത്തിന്റെ പുനഃപ്രസിദ്ധീകരണ വേളയിൽ എല്ലാവരും അവരുടേതായ അഭിപ്രായങ്ങൾ കൊടുത്തിട്ടുണ്ട്. ശ്രീ. സി. പി. മുഹമ്മദും കെ.പി.സി.സി ജനറൽ സെക്രട്ടറിയും കൊടുത്തിട്ടുണ്ട്. വീക്ഷണത്തിൽ പറഞ്ഞിട്ടുള്ളതാണ്, അദ്ദേഹത്തിന്റെ മനോവ്യഥ അല്ലെങ്കിൽ നിങ്ങൾ അദ്ദേഹത്തോടു കാണിക്കുന്ന ക്രൂരതയിൽ മനംനൊന്താണ് അദ്ദേഹം ഇത് എഴുതിയിട്ടുള്ളത്. ഞങ്ങളെപ്പറ്റി അദ്ദേഹത്തിന് വ്യക്തിപരമായി ഒന്നും പറയാനുണ്ടാവില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ബഹുമാനമുണ്ട്. അദ്ദേഹത്തിന്റെ drive, initiative, dynamism ഞാനും ശ്രീ. എ. കെ. ബാലനുമൊക്കെ ആന്റമാനിൽ പോയപ്പോൾ, അവിടെ ബി.ജെ.പി. നിയമിച്ചിട്ടുള്ള ഗവർണ്ണർ ശ്രീ. വക്കത്തെക്കുറിച്ച് ഞങ്ങളോടു പറഞ്ഞു, "You are coming from Kerala, he is a man of action". അവിടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ഡെവലപ്മെന്റും അദ്ദേഹം ചെയ്തതാണ്. ഞാൻ ഇക്കാര്യം അദ്ദേഹത്തോട് നേരിട്ട് പറയുകയും ചെയ്തു. വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട ആളുകൾ ഉൾപ്പെടെ, മലയാളികളായ ധാരാളം ആളുകൾ വന്നിരുന്നു. അവർ പറഞ്ഞു, ഇവിടെ എന്തെങ്കിലുമൊക്കെ ചെയ്തിട്ടുണ്ടെങ്കിൽ അതു വക്കംജി ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഒന്നുംതന്നെ അദ്ദേഹത്തോടു പറയാനില്ല. പക്ഷേ നമ്മുടെ ധനകാര്യമന്ത്രി തന്നെ ആകപ്പാടെ ഒരു വിഷമത്തിൽ ആയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. ഈ കസേരയെപ്പറ്റി അദ്ദേഹത്തിനു തീരെ ശുഭാപ്തി വിശ്വാസമില്ല. അദ്ദേഹം പറയുകയാണ്, ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയിൽ നോക്കിക്കൊണ്ട്, "അങ്ങ് ഇരിക്കുന്ന ആ കസേര എനിക്ക് എത്രയും പ്രിയപ്പെട്ടതും വൈകാരികമായ ബന്ധം ഉള്ളതുമായതിനാൽ, പ്രത്യേകിച്ച് എല്ലാവരുടെയും പിന്തുണ ഞാൻ തേടുകയാണ്." ബഹുമാനപ്പെട്ട സ്പീക്കർ ഒന്ന് അമർന്നിരുന്നോളിൻ എന്നു മാത്രമേ എനിക്കു പറയാനുള്ളൂ.

ശ്രീ. സി. പി. മുഹമ്മദ്: ആന്റമാനിൽ വക്കംജി നല്ല വിജയം നേടിയെന്നു പറഞ്ഞു. അതു സത്യമാണ്. പക്ഷേ അവിടെ അദ്ദേഹത്തിനു സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് തടസ്സം സൃഷ്ടിക്കാൻ ഇതുപോലെ ഒരു പ്രതിപക്ഷം ഉണ്ടായിരുന്നില്ല എന്നുള്ളത് ഒരു ഗുണമായി.

ശ്രീ. ടി. കെ. ബാലൻ: ഞങ്ങൾക്ക് രണ്ടു മുഖമില്ല. അദ്ദേഹത്തിനെപ്പറ്റി ഞങ്ങൾ പറയുന്നത് എന്താണ്? നിങ്ങൾക്ക് ഒറ്റ മുഖം തന്നെയായിരിക്കട്ടെ എന്ന് ആശംസിക്കുകയാണ്. ബഡ്ജറ്റിലെ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ fancy titles എന്നാണ് സാധാരണ ഇതിനെപ്പറ്റി പറയാറുള്ളത്. ഇപ്പോഴത്തെ പ്രോജക്ട് സ്കീമിനൊക്കെ ഒരുപാടു പേരുകൾ പറയും. കേരളം അതിവേഗം മുന്നോട്ട്, പദ്ധതി നടപ്പാക്കൽ, സുതാര്യ കേരളം, മാർക്കറ്റിംഗ് ബിൽ, Horticultural Mission, Organic Farming Policy, Kochi Livestock Processing Lab, സ്ത്രീകൾ കാർഷിക രംഗത്ത്, Market Intervention Scheme, കൃഷിക്കാർ മരിച്ചാൽ Risk Fund Scheme, വിളവുകളുടെ ഇൻഷ്വറൻസ്, Smart Card മത്സ്യത്തൊഴിലാളികൾക്ക്, ഉപഭോക്തൃ ക്ഷേമനിധി—അങ്ങനെ പോകുന്നു. അച്ചടി ഗ്രാമം, ഇക്കോ ഗ്രാമം, സ്വർണ്ണ തൊഴിലാളികൾ, വാസ്തുശില്പ ശൈലിയിൽ തീർത്ത നോർക്കാ ഗ്രാമം, അങ്ങനെ പോകുന്നു. കേൾക്കാൻ വളരെ സുഖമുണ്ട്. പേരു തന്നെ fancy titles എന്നാണല്ലോ ഇതിനെപ്പറ്റി പറയുന്നത്. ഇതേ രൂപത്തിലാണ് ബഡ്ജറ്റ് പ്രൊവിഷൻ വച്ചതെന്നറിയണം. അതിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ് ശമ്പള കമ്മീഷൻ. എന്നാൽ ഇതിനൊക്കെ ഒരു ക്രെഡിബിലിറ്റിയില്ലേ? പഴയ ഗവൺമെന്റിന്റെ തുടർച്ചയല്ലേ? പഴയ ധനകാര്യമന്ത്രിയുടെ തുടർച്ചയല്ലേ ഇപ്പോഴത്തെ ധനമന്ത്രി? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതെന്താണ്? പരമ്പരാഗത വ്യവസായ മേഖലകൾക്ക് വിദഗ്ദ്ധ സംഘം സംഖ്യ രൂപീകരിച്ചു നൽകും. അതിലൊരൊറ്റ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ പോലും കഴിഞ്ഞ ഒരു വർഷക്കാലമായി നടപ്പിലാക്കിയോ? മുളയുടെ Bamboo Mission എവിടെപ്പോയി? മാർക്കറ്റ് വിലസ്ഥിരതാ ഫണ്ട് വാഗ്ദാനം. 50 കോടി രൂപ എവിടെ പോയി? പെൺകുട്ടികളെ വ്യാമോഹിപ്പിക്കുന്ന മംഗല്യ പദ്ധതി; അവശരിൽ അവശരായിട്ടുള്ള ആളുകൾക്കുവേണ്ടി, 14 വയസ്സുള്ള പെൺകുട്ടികൾക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി; എട്ടു കൊല്ലം കഴിഞ്ഞ് കല്യാണം കഴിക്കുമ്പോൾ പതിനായിരം രൂപ അവർക്ക് കിട്ടും എന്നാണ് പറയുന്നത്. ഇതു ഇന്ത്യയിൽ ആദ്യമാണെന്നാണ് പറഞ്ഞത്. എവിടെ ആ ഇൻഷ്വറൻസ് പദ്ധതി? നിങ്ങളുടെ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രസംഗങ്ങളും വാഗ്ദാനങ്ങളും ഈ എഴുതപ്പെട്ട കടലാസ്സിലുള്ളത് എങ്ങനെ വിശ്വസിക്കും? ഗവൺമെന്റിന്റെ ക്രെഡിബിലിറ്റി എവിടെ? പ്രത്യേക തൊഴിൽദാന പദ്ധതിയിൽ 177 കോടി രൂപ പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്ക്, എല്ലാ ജില്ലകളിലും തൊഴിൽ ക്ലബ്ബ്. ഡോ. എം. എ. കുട്ടപ്പൻ അവിടെയുണ്ടല്ലോ? എവിടെയെങ്കിലും ഒരു ക്ലബ്ബ് വന്നോ? ഇനി ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്തെങ്കിലും കാണാതെ പോകരുതെന്ന് പറഞ്ഞ് ആ നിർദ്ദേശം നടപ്പാക്കാൻ വേണ്ടി പ്രത്യേകമായ ഒരു ഉന്നതതല സമിതി, അതിന് നിർദ്ദേശം അയയ്ക്കാൻ പറഞ്ഞപ്പോൾ ഉന്നതതല ഉദ്യോഗസ്ഥന്മാർ പുറംതിരിഞ്ഞിരുന്നു. ഒരു സമിതിയും വന്നിട്ടില്ല. ഇവിടത്തെ സാമ്പത്തിക സ്ഥിതിയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിക്കാൻ വേണ്ടി രണ്ടു വാക്ക് പറയുകയാണ്. Bombay Credit Rating Agency എന്ന ഒരു ഏജൻസിയുണ്ട്. അവർ നമ്മളെപ്പറ്റി പറഞ്ഞതെന്താണെന്ന് അറിയാമോ? കേരളത്തിലെ റവന്യൂ കമ്മി അപകട രേഖയ്ക്ക് അപ്പുറമെത്തിക്കഴിഞ്ഞതുകൊണ്ട് കേരളത്തിലെ കടപ്പത്രങ്ങളുടെ ഗ്രേഡ് എ-യിൽ നിന്നും എ നെഗറ്റീവിലേക്ക് ആക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഇപ്പോൾ അങ്ങുതന്നെ പറഞ്ഞു, നല്ല ഇംപ്രൂവ്മെന്റാണ്, ഞങ്ങൾ കരകയറും, നന്നായി വരികയാണ്, എന്നൊക്കെ. നല്ല ശുഭാപ്തി വിശ്വാസമാണ്. പക്ഷേ ബോംബേയിലുള്ള ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഇത്രയും ഡാമേജിംഗ് ആയി നമ്മുടെ കടപ്പത്രങ്ങളെ എ ഗ്രേഡിൽ നിന്നും എ ഗ്രേഡ് നെഗറ്റീവിലേയ്ക്ക് താഴ്ത്തി. ഒരു ചില്ലിക്കാശ് ഈ ഗവൺമെന്റിനെ വിശ്വസിച്ചുതരുമോ?

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട ടി. കെ. ബാലൻ ഇവിടെ സൂചിപ്പിച്ച ഒരു കാര്യം ഞാൻ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. കഴിഞ്ഞ വർഷം ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ ധനസംബന്ധമായ ഉത്തരവാദിത്വത്തിൽ കടം കുറയ്ക്കുന്നതിനുവേണ്ടി ഈ സഭ പാസാക്കിയിട്ടുള്ളതാണ്. 2006 മാർച്ച് മാസത്തോടുകൂടി ധനകമ്മിയും റവന്യൂകമ്മിയും വട്ടപൂജ്യത്തിലേയ്ക്ക് എത്തും. ബഹുമാനപ്പെട്ട മെമ്പർക്ക് ആ നിയമത്തെ സംബന്ധിച്ച് എന്തെങ്കിലും സൂചിപ്പിക്കാൻ പറ്റുമോ?

ശ്രീ. ടി. കെ. ബാലൻ : ആ നിയമപ്രകാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സത്യസന്ധമായി പറഞ്ഞു കമ്മി കുറയ്ക്കുമെന്ന്. രണ്ട് കൊല്ലം കൂടി വേണമെന്ന് പറഞ്ഞു. നമ്മുടെ സ്ഥിതി എന്താണ്? മൂന്നര വർഷംകൊണ്ട് പൊതുകടം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചതാണെന്നൊന്നും ഞാൻ പറയുന്നില്ല, നമ്മുടെ സാമ്പത്തിക സ്ഥിതിയുടെ ഒരു ഇൻഡിക്കേറ്റർ നമ്മുടെ ഖജനാവിൽ വേണം. 2001 ഏപ്രിൽ മുതൽ 2004 ഡിസംബർ വരെ 563 തവണ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് കുഴപ്പത്തിലേയ്ക്ക് നീങ്ങി. 690 തവണ ഓവർ ഡ്രാഫ്റ്റിലേയ്ക്ക് നീങ്ങി. ക്യാഷ് ബാലൻസ് നമ്മുടെ ഖജനാവിൽ നിന്നത് കേവലം 33 ദിവസമാണ്. ആ ദിവസങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം. 2001 ജൂൺ 20, 2003 ജനുവരി 15 മുതൽ 20 വരെ, 2003 മേയ് 20 മുതൽ ജൂൺ 14 വരെ, ജൂൺ 19 മുതൽ 26 വരെ, ആഗസ്റ്റ് 16 മുതൽ 28 വരെ, 2004 ജൂൺ 23 മുതൽ 25 വരെ, ഇത് ഒരു ഇൻഡിക്കേറ്ററാണ്. ഇതാണ് നമ്മുടെ സാമ്പത്തിക സ്ഥിതി. വല്ലാത്ത അവകാശവാദങ്ങളൊന്നും നിങ്ങൾ കൊണ്ടുവരണ്ട. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പൈസ കൊടുത്തിട്ടാണ് നമ്മുടെ സംസ്ഥാനം വല്ലാതെ പോകുന്നതെന്നാണ് പറയുന്നത്. പറഞ്ഞതിൽ കാര്യമുണ്ട്. അങ്ങ് തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിന്റെ കണക്ക് പറയാം. 2003-2004 റവന്യൂ എക്സ്പെന്റിച്ചർ ടോട്ടൽ 15,495 കോടി രൂപ, ഡെവലപ്മെന്റ് സിനുവേണ്ടി 8,023 കോടി രൂപ, നോൺ ഡെവലപ്മെന്റ് സിനുവേണ്ടി 7,492 കോടി രൂപ (46.03%), ഡെവലപ്മെന്റ് എക്സ്പെൻസസ്—എഡ്യൂക്കേഷൻ 3,123 കോടി രൂപ (11.55%), ഹെൽത്ത് 1,062 കോടി രൂപ. (10.05%); അഗ്രിക്കൾച്ചർ 647 കോടി രൂപ (7.3%), ലേബർ എംപ്ലോയ്മെന്റ് 253 കോടി രൂപ (4.25%), അതർ ചാർജസ് 2,999 കോടി രൂപ (22.63%), ടോട്ടൽ 8,023 കോടി രൂപ. ഇനി നോൺ ഡെവലപ്മെന്റ്സ് വായിക്കാം. ഇന്ററസ്റ്റ് ആന്റ് പേമെന്റ് 3,328 കോടി രൂപ (20%), പെൻഷൻ 2,408 കോടി രൂപ (14.1%), അതേഴ്സ് 1,736 കോടി രൂപ (10%), സാലറീസ് 5,067 കോടി രൂപ (31.7%), ഞാൻ ഒരു കാര്യം പറയട്ടെ, ഇവിടെ ആശുപത്രി വേണം. 1250 പുതിയ പോസ്റ്റുകൾ ഉണ്ടാക്കണം. എങ്ങനെ താങ്ങാൻ പറ്റുമെന്ന് അറിയില്ല. കെട്ടിടമുണ്ട്, ആശുപത്രിയിൽ ചികിത്സിക്കാൻ രോഗികളുണ്ട്, മരുന്നുണ്ട്, കിടക്കാൻ കട്ടിലുകളുണ്ട്. അവിടെ ഡോക്ടർമാരും നേഴ്സുമാരും ഫാർമസിസ്റ്റും അറ്റൻഡർമാരും വേണ്ടേ? ഇത്ര ലാഘവബുദ്ധിയോടുകൂടി കാണാൻ പറ്റുമോ? നമുക്ക് സ്കൂൾ വേണം കോളേജുകൾ വേണം. അവിടെ കെട്ടിടവും ഡസ്ക്കും ഒക്കെയുണ്ട്. പഠിക്കാൻ കുട്ടികളുണ്ട്. പ്രൊഫസർമാരും ടീച്ചേഴ്സും വേണ്ടേ? നമുക്ക് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് വേണം. റിസർച്ച് വേണം. എല്ലാമുണ്ട്. റിസർച്ച് ചെയ്യാൻ ആൾ വേണ്ടേ? ലെജിസ്ലേച്ചറിനുവേണ്ടിയുള്ള ഭരണ പരിഷ്ക്കാര റിപ്പോർട്ടിൽ പറഞ്ഞത് ലെജിസ്ലേച്ചറിനുവേണ്ടിയുള്ള മൊത്തം ചെലവ് ഒരു കാരണവശാലും മൊത്തം എക്സ്പെന്റിച്ചറിന്റെ ആറ് ശതമാനത്തിനുമേൽ പോകരുത് എന്നാണ്. ഇപ്പോൾ കുറേശ്ശേ പോകുകയായിരിക്കും. അതിന്റെ സത്യാവസ്ഥ അറിയില്ല. ഇവിടെ 100 കോടി രൂപയുടെ മനോഹരമായ അസംബ്ലി കെട്ടിടമുണ്ട്. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരുണ്ട്, എം.എൽ.എ.മാരുണ്ട്. എല്ലാവിധ സംവിധാനങ്ങളുമുണ്ട്. അതുമാത്രം മതിയോ? നമ്മളെ സഹായിക്കാൻ ഏകദേശം രണ്ടായിരത്തോളം വരുന്ന ജീവനക്കാരുണ്ട്. അവരുടെ മാൻപവർ വേണ്ടേ? എന്നിട്ട് ലെജിസ്ലേഷനുവേണ്ടി എല്ലാം ചെലവാക്കുന്നു എന്ന് ആരെങ്കിലും പുരപ്പുറത്ത് കയറി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ അത് നമുക്ക് അംഗീകരിക്കാൻ പറ്റുമോ? ഈ നാട്ടിൽ എല്ലാ സാധനങ്ങൾക്കും വില കയറുന്നുണ്ട്. പക്ഷേ അതെല്ലാം കൈകാര്യം ചെയ്യുന്ന മനുഷ്യൻ അവന്റെ മാൻപവർ ഉപയോഗിച്ചാൽ അവന് ശമ്പളമോ അലവൻസോ കൊടുക്കുന്നത് മഹാപാതകമാണോ? കുറ്റകരമാണോ? എവിടെയാണ് ആ തിയറി? അതാണ് മനസ്സിലാകാത്തത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അതിന്റെ ഒരു വക്താവായിപ്പോയോ എന്ന് എനിക്ക് വാസ്തവത്തിൽ തോന്നിപ്പോയി. ശമ്പള പരിഷ്ക്കരണത്തിന്റെ പ്രശ്നം വന്നപ്പോൾ ഗവർണ്ണർ പറഞ്ഞു ശമ്പള കമ്മീഷനെ നിയമിക്കുമെന്ന്. ഞങ്ങൾക്ക് അതിന്റെ പിന്നിലുള്ള കെണി അറിയാം. ശമ്പളകമ്മീഷന് ഒരു ചില്ലിക്കാശ് ഈ സർക്കാർ ചെലവാക്കില്ല. ആ കമ്മീഷന്റെ റിപ്പോർട്ട് ഇപ്പോൾ വരില്ല. രണ്ടുകൊല്ലം കഴിഞ്ഞ് വന്നാൽ വരുന്ന ഗവൺമെന്റിന്റെ തലയിലിടാം, കമ്മീഷൻ രൂപീകരിച്ചു എന്ന ഖ്യാതി നിങ്ങൾക്കും. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അടിയന്തിരമായി ഇടക്കാലാശ്വാസം പ്രഖ്യാപിക്കണം. കേരളത്തിലെ ജീവനക്കാർ സമരം ചെയ്ത് നേടിയെടുത്തിട്ടുള്ള, ത്യാഗം സഹിച്ച് നേടിയെടുത്തിട്ടുള്ള അവരുടെ ശമ്പള പരിഷ്ക്കരണം ഡ്യൂ അയിട്ട് ഇപ്പോൾ 34 മാസം കഴിഞ്ഞു. 50 ശതമാനം ഡി.എ. കേന്ദ്രത്തിലുള്ളതുപോലെ മെർജ് ചെയ്യണം. അടിയന്തിരമായിട്ട് ആറ് മാസത്തിനകത്ത് അനുഭവവേധ്യമാക്കണം. അവരുമായിട്ട് ചർച്ച നടത്തണം. എന്ത് സംവിധാനം കൊണ്ടായാലും അത് കേരളത്തിലെ ജീവനക്കാർക്ക് അനുഭവേധ്യമാക്കണം. അല്ലെങ്കിൽ അടുത്ത് വരുന്ന ഗവൺമെന്റിന്റെ തലയിലിടാൻവേണ്ടി മാത്രം പേ-റിവിഷൻ ഉണ്ടാക്കുമെന്ന് പറയും. ഇവിടെ കോൺട്രിബ്യൂട്ടറി പെൻഷനെപ്പറ്റി പറഞ്ഞു. അത് വലിയ ഒരു കാര്യം പോലെയാണ് പറഞ്ഞത്. 2003-ൽ ഇവിടെ ആന്റണി സർക്കാർ പ്രഖ്യാപിച്ചതാണ്. ശ്രീ. എൽ. കെ. അദ്വാനി കേന്ദ്രത്തിൽ പ്രഖ്യാപിച്ചതാണ്. ഇത് തികച്ചും ജീവനക്കാർക്ക് വിരുദ്ധമായിട്ടുള്ളതാണ്. 10 രൂപ ജീവനക്കാരിൽനിന്നും എടുത്ത് 10 രൂപ ഗവൺമെന്റും കൊടുക്കുന്നു. പഴയ സുപ്രീംകോടതി വിധി അടക്കം എത്രയോ കാലം ഡെഫേർഡ് ആയിട്ട് വച്ചിട്ടുള്ളതാണ്. സർവ്വീസിലിരിക്കുന്ന ആളിന് പിന്നീട് കൊടുക്കാനുള്ളതാണ് പെൻഷൻ. അത് അയാളുടെ കയ്യിൽനിന്നും വാങ്ങിച്ചിട്ടുവേണോ കൊടുക്കാൻ? തികച്ചും തെറ്റായ ഒരു നിലപാടാണ്. മൂന്നര കൊല്ലംകൊണ്ട് നിരന്തരമായി പ്രായമായ, പെൻഷൻകാരായ ആളുകളുടെ സംഘടന ആവശ്യപ്പെടുന്നതാണ്. ശ്രീ. ശിവദാസമേനോൻ ഉണ്ടായിരുന്ന കാലത്ത് നിരന്തരമായി ചർച്ച ചെയ്തതാണ്. നിരവധി പ്രശ്നങ്ങൾ ബാക്കിയാണ്. അവരുമായിട്ട് ചർച്ച ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡെവലപ്മെന്റ് ആക്ടിവിറ്റീസിനെ സംബന്ധിച്ച് എന്റെ ജില്ലയുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാം. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂരിൽ വന്നപ്പോൾ കണ്ണൂർ ഭാഗത്തുള്ള വിമാനത്താവളത്തിനുവേണ്ടി ഞങ്ങൾ ഒരു നിവേദനം കൊടുത്തു. അത് ബി.ഒ.ടി.യിൽ എടുക്കാൻ വേണ്ടിയുള്ള വ്യക്തിപോലും ഉണ്ട്. എൽ.ഡി.എഫിൽ ശ്രീ. നായനാർ ഉണ്ടായിരുന്ന കാലത്ത് അന്ന് കർണ്ണാടകക്കാരനായിരുന്ന കേന്ദ്രമന്ത്രി ശ്രീ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞു ഇത് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

1500 ഏക്കർ സ്ഥലം വേണ്ടതാണ്. രണ്ട് സ്പെഷ്യൽ തഹസീൽദാർ ഓഫീസുകൾ മട്ടന്നൂരിൽ വന്നു. ധൃതഗതിയിൽ കാര്യങ്ങൾ നടന്നു. പക്ഷേ ആ ഗവൺമെന്റ് പോയിട്ട് ഈ ഗവൺമെന്റ് വന്നപ്പോൾ ഉടൻ ആ രണ്ട് ഓഫീസുകളും ഇല്ലാതാക്കി. നോട്ടിഫിക്കേഷൻ വിത്ഡ്രാ ചെയ്തു. അന്ന് 128 ഏക്കർ എടുത്ത സ്ഥലം ഇപ്പോൾ അനാഥമായി കിടക്കുകയാണ്. ജിമ്മിനെപ്പറ്റി നിങ്ങൾ പറഞ്ഞല്ലോ ശ്രീ. കൃഷ്ണൻ നായർ ജിമ്മിൽ വന്ന് 100 കോടി രൂപ തരാം ബി.ഒ.ടി.യിൽ എടുക്കാമെന്ന് പറഞ്ഞു. ഞാൻ റവന്യൂ മന്ത്രിയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞത് അവിടെനിന്നും നയപരമായിട്ട് വരട്ടേ എന്നാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : കണ്ണൂരിലെ ജനസമ്പർക്ക പരിപാടിക്ക് മുഖ്യമന്ത്രി വന്ന് എം.എൽ.എ.മാരോട് സംസാരിച്ച ശേഷമാണ് അടുത്ത കാബിനറ്റിൽ തന്നെ ബി.ഒ.ടി.യുമായി ബന്ധപ്പെട്ട് വരാൻ തയ്യാറായാൽ അവർക്ക് ഭൂമി കൊടുക്കാമെന്ന് തീരുമാനിച്ചത്. അത് അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. ടി. കെ. ബാലൻ : ക്രിയാത്മകമായി തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികരിച്ചു. ഞങ്ങളുടെ മുൻപിൽ വച്ചുതന്നെയാണ് ശ്രീ. കൃഷ്ണൻനായരെ ഗസ്റ്റ്ഹൗസിൽ നിന്നും അദ്ദേഹം വിളിപ്പിച്ചത്. പക്ഷേ അതിന് അനുസൃതമായിട്ട് ഗവൺമെന്റിൽനിന്നും ഭൂമി എടുക്കുന്നതിനെപ്പറ്റിയുള്ള നോട്ടിഫിക്കേഷനും മറ്റു കാര്യങ്ങളും വരണമെന്ന് മാത്രം. ഈ ബഡ്ജറ്റിൽ അതിനുവേണ്ടി ചില്ലിക്കാശ് ഇല്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. വി. ജയരാജൻ : ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ലാന്റ് അക്വിസിഷൻ ഓഫീസ് അവിടെ നിർത്തലാക്കി. ആ ഓഫീസ് പുനഃസ്ഥാപിച്ചാൽ മാത്രമേ വിമാനത്താവളത്തിന് ആവശ്യമായിട്ടുള്ള സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി ആരംഭിക്കാൻ കഴിയുകയുള്ളൂ. എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. കെ. ബാലൻ : അറിയാം. പിന്നെ ധനകാര്യമന്ത്രിയോട് എനിക്ക് ഒരു സംശയം. ക്ഷാമബത്ത പ്രഖ്യാപിച്ചുവെന്ന് വക്കം. കാപട്യമെന്ന് ജീവനക്കാർ. 1-4-2005 മുതൽ ഒരു ഡി.എ. പ്രഖ്യാപിച്ചു എന്ന് പറഞ്ഞു. അത് എന്താണെന്ന് ഒന്ന് ക്ലാരിഫൈ ചെയ്യണം. ഡെവലപ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണെങ്കിലും ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും.)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly